**അടിയന്തരപ്രമേയ ചർച്ച**

മി. സ്പീക്കർ: നിയമസഭാ നടപടിക്രമങ്ങളിലെ ചട്ടങ്ങളിലെ ചട്ടം 50 പ്രകാരമുള്ള നോട്ടീസിന്മേൽ ചർച്ച ഇപ്പോൾ അനുവദിക്കുകയാണ്. രണ്ട് മണിക്കൂറാണ് ചർച്ച. ഉപധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും മറുപടിയും അതിനുശേഷം തുടരുന്നതാണ്. ശ്രീ. ഷാഫി പറമ്പിൽ, അങ്ങേയ്ക്ക് സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, ബഹുമാനപ്പെട്ട കേരളത്തിന്റെ ബഹു. മുഖ്യമന്ത്രി, അങ്ങ് ഈ അടിയന്തരപ്രമേയ ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ ആ കസേരയിൽനിന്ന് എഴുന്നേറ്റുനിന്ന്, കേരളത്തിന്റെ പ്രിയങ്കരനായിരുന്ന ആറുപതിറ്റാണ്ടുകാലത്തെ പൊതുപ്രവർത്തന പരമ്പര്യമുള്ള, 53 വർഷം ഈ നിയമസഭയിൽ ഒരു സാമാജികനായി പ്രവർത്തിച്ചിട്ടുള്ള, കേരളത്തിന്റെ

വികസന ക്ഷേമപ്രവർത്തനങ്ങൾക്കും ജനങ്ങൾക്കുംവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഒരു മനുഷ്യനോട് മാപ്പ് പറഞ്ഞ് അങ്ങയുടെ മറുപടി പ്രസംഗം ആരംഭിക്കണമെന്ന് പറയാൻ അഗ്രഹിക്കുന്നു. നട്ടാൽ കുരുക്കാത്ത പച്ചക്കള്ളങ്ങളുടെ പേരിൽ, കേരള രാഷ്ട്രീയത്തിലോ രാജ്യത്തോ ലോകത്തെവിടെയുമോ കേൾക്കാത്ത തരത്തിലുള്ള ക്രൂരമായ വേട്ടയാടലിന് ആ മനുഷ്യൻ ഇരയായിയെന്നുള്ളത് കേരളത്തിലെ എല്ലാവർക്കും ഇപ്പോൾ ബോധ്യമായിട്ടുണ്ട്. ഒരിക്കലും വിശ്വസിക്കാൻ കഴിയാത്ത, ഒരാളും വിശ്വാസത്തിലെടുക്കാത്ത, ഒരു ക്രെഡിബിലിറ്റിയുമില്ലാത്ത ആരോപണങ്ങളുടെ പേരിൽ ഈ നിയമസഭയ്ക്കകത്ത് എത്ര വലിയ അവഹേളനമാണ് അദ്ദേഹത്തിന് നേരിടേണ്ടി വന്നതെന്ന് ഈ സഭയിൽ അന്നിരുന്നവർക്കും അന്നത്തെ പ്രൊസീഡിംഗ്സ് ശ്രദ്ധിച്ചിട്ടുള്ള മുഴുവൻ ആളുകൾക്കും ഓർമ്മയുണ്ടാകുമെന്ന് കരുതുന്നു. അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെ പോലുള്ള ആളുകൾ ഏറ്റവും ഹീനമായ തരത്തിൽ, ഒരു ജനപ്രതിനിധിയും പൊതുപ്രവർത്തകനും കേൾക്കാൻ അഗ്രഹിക്കാത്ത ഹീനമായ തരത്തിൽ അദ്ദേഹത്തെ വ്യക്തിഹത്യ നടത്തുന്നതിന് ഈ നിയമസഭാ നടുത്തളം വേദിയാക്കിയിട്ടുണ്ട്.

ഇന്ന് സി.ബി.ഐ.-യുടെ കണ്ടെത്തലുകൾ പുറത്തുവന്നിരിക്കുമ്പോൾ, സി.ബി.ഐ.-യുടെ റിപ്പോർട്ട് കോടതി അംഗീകരിക്കുമ്പോൾ, കോടതി ഉമ്മൻചാണ്ടി സാറിനെ കുറ്റവിമുക്തനെന്ന് വിളിക്കുമ്പോൾ, ആ കോടതി വിധിയുടെയും ഈ റിപ്പോർട്ടുകളുടെയുമെല്ലാം പശ്ചാത്തലത്തിൽ, പച്ചക്കള്ളങ്ങളുടെ ഗോപുരങ്ങളുടെ മുകളിലിരുന്ന് കല്ലെറിഞ്ഞാണ് ഉമ്മൻ ചാണ്ടി സാറിനെ പരിക്കേൽപ്പിച്ചതെന്ന ബോദ്ധ്യം കേരളീയ പൊതുസമൂഹത്തിലുണ്ടായപ്പോൾ, കേരളം പ്രതീക്ഷിക്കുന്നത് കേരളത്തിന്റെ മുഖ്യമന്ത്രിയും അന്നത്തെ പാർട്ടി സെക്രട്ടറിയും ഈ വേട്ടയാടലുകൾക്ക് അറിഞ്ഞും അറിയാതെയും നേതൃത്വം നൽകിയ മുഴുവൻ ആളുകളും അതിനോട് പങ്കുചേർന്ന മാധ്യമങ്ങൾപോലും ഉമ്മൻ ചാണ്ടിയോട് 'മാപ്പ്' എന്നൊരു അക്ഷരം ഉരിയാടാതെ ഈ സഭയിൽ ഈ ചർച്ച അവസാനിക്കരുതെന്നാണ് ഞങ്ങളുടെ വിനീതമായ അഭ്യർത്ഥന. അദ്ദേഹം അത് അർഹിക്കുന്നുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. കാരണം അത്രയും മോശപ്പെട്ട വേട്ടയാടലിനാണ് അദ്ദേഹത്തിന് ഇരയാകേണ്ടി വന്നത്. ഇന്ന് സി.ബി.ഐ.-യുടെ അന്തിമ റിപ്പോർട്ട് കോടതിയിൽ വന്നിരിക്കുന്നു. ഉമ്മൻ ചാണ്ടി സാറിനെതിരെ ഉന്നയിച്ച മുഴുവൻ ആരോപണങ്ങളും

വാസ്തവവിരുദ്ധമായിരുന്നു എന്നുള്ളത് ആ അന്തിമ റിപ്പോർട്ടിലെ ഫൈൻഡിംഗ്സിൽ പറയുന്നു. ഒരു കത്തിന്റെ പുറത്താണ് ആരോപണങ്ങളുടെ കുമ്പാരങ്ങൾ സാറിനെതിരെ തിരിച്ചുവിട്ടതെന്ന് നമുക്കറിയാം. അതിനെ സംബന്ധിച്ച് സി.ബി.ഐ.-യുടെ ഫൈൻഡിംഗ്സിൽ പറയുന്നത് എന്താണ്; She wrote a 21 pages letter from jail and later changed the number of pages. T. G. Nandakumar also produced copy of 19 pages letter said to be written by W1 before the CBI. The other letter he handed over to Asianet as 25 pages. Later W1 claims that it contains 30 pages, but she produced only 4 page letter before the ACJM without mentioning any allegations. This proves that all these letters said to be written by the complainant are contradictory. ശ്രീ. പി. സി. ജോർജ്ജിന് കൊടുത്തതുൾപ്പെടെ 6 വ്യാജ കത്തുകളുടെ പേരിൽ, കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ സുതാര്യമായ പൊതുജീവിതം നയിച്ച, ഈ കേരളത്തിലെ ജനങ്ങളുടെ മുഴുവൻ വിശ്വാസ്യതയും ആർജ്ജിച്ച, 53 വർഷം പുതുപ്പള്ളിക്കാരുടെ വോട്ടുകൊണ്ട് ഈ നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട സത്യസന്ധനായ ഒരു

പൊതുപ്രവർത്തകന്റെ ജീവിതാവസാനത്തിൽ, 70 വയസ് കഴിഞ്ഞ അദ്ദേഹത്തിനെതിരെ ലൈംഗികാരോപണം ഉന്നയിച്ച് അദ്ദേഹത്തെ ആക്ഷേപവർഷം ചൊരിയാൻ ഈ തട്ടിപ്പുകാരിയുടെ കത്തുകൾ ഉപയോഗിച്ചവർ മാപ്പ് പറയാതെ കേരളത്തിന്റെ പൊതുസമൂഹം ഈ ആക്ഷേപവർഷങ്ങൾക്ക് നേതൃത്വം നൽകിയവരോട് പൊറുക്കില്ലായെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. നെഞ്ചിലും നെറ്റിയിലും കല്ലെറിഞ്ഞതിന്റെ പേരിൽപോലും ഹർത്താൽ വേണ്ടെന്ന് കേരളത്തിലെ ജനങ്ങളുടെ മുന്നിൽ പറഞ്ഞ ഒരു ഭരണാധികാരി; മുഖ്യമന്ത്രിയുടെ വാഹനത്തിന്റെ ചില്ലുകൾ തകർത്ത കല്ല് അദ്ദേഹത്തിന്റെ നെഞ്ചിലും നെറ്റിയിലും പതിച്ച് മുറിവേറ്റിട്ടും എന്റെ പേരിൽ കേരളത്തിൽ ഒരു ഹർത്താൽ വേണ്ടെന്ന് ആർജ്ജവത്തോടെ പറഞ്ഞ ഒരു ഭരണാധികാരി; ആ ഭരണാധികാരിയാണ് ഈ കള്ളക്കഥകളുടെ പേരിൽ വേട്ടയാടപ്പെട്ടത് എന്നുള്ളത് രാഷ്ട്രീയ കേരളത്തിന് അപമാനമാണ്. ഒരു പൊതുപ്രവർത്തകന്റെ ജീവിതത്തിലെ ദുരന്തങ്ങളിൽ ഒന്നാണ് ഈ സോളാർ തട്ടിപ്പുകേസ് എന്ന കാര്യത്തിൽ സംശയം വേണ്ട. ഒരു രാഷ്ട്രീയ ദുരന്തമാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ഈ കേസ് എന്ന കാര്യത്തിൽ സംശയം

വേണ്ട. അതിന്റെ എല്ലാ ഫൈൻഡിംഗ്സും വരുന്നുണ്ട്. ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ.-യുടെ അന്നത്തെ പി.എ. ആയ പ്രദീപ് കുമാർ എന്നയാൾ പത്തനംതിട്ട ജില്ലയിൽ ചെന്ന് ഈ കത്തുകൾ കൈപ്പറ്റിയെന്ന് ഈ അന്വേഷണ റിപ്പോർട്ടിന്റെ പാരഗ്രാഫ് നമ്പർ 40 പേജ് നമ്പർ 42-ൽ പറയുന്നു. എറണാകുളം ഗസ്റ്റ്ഹൗസിൽ വച്ച് ബിജു രാധാകൃഷ്ണനെ ഉമ്മൻ ചാണ്ടി സാർ കണ്ടത് എന്തിനാണെന്ന പേരിൽ ഒരുപാട് ബഹളങ്ങൾ ഈ സഭയിൽ നടന്നതിന് സാക്ഷ്യം വഹിച്ചവരാണ് ഞങ്ങൾ. അന്നും ഈ ജീവിതാവസാനം വരെയും അത് എന്തിനാണെന്ന് വ്യക്തമാക്കാതെ അദ്ദേഹം മൗനം പാലിച്ചു. പക്ഷെ അദ്ദേഹം നിരപരാധിയാണെന്നറിഞ്ഞിട്ടും അദ്ദേഹത്തെ ക്രൂരമായി വേട്ടയാടിയപ്പോൾ ആ കത്തിൽ അദ്ദേഹത്തിന്റെ പേരില്ലെന്ന് നേരത്തെ അറിയിപ്പ് കിട്ടിയിട്ടും ഇല്ലാത്ത പേര് ആ കത്തിൽ പിന്നീട് ആഡ് ചെയ്തതാണെന്നറിഞ്ഞിട്ടും അദ്ദേഹത്തിന്റെ പേരിൽ ആ വേട്ടയാടലുകളെല്ലാം നടന്നപ്പോൾ ആർക്കുവേണ്ടിയാണോ ആ മൗനമൊക്കെ സാർ പാലിച്ചത് അവരും അഗാധമായ മൗനത്തിലായിരുന്നു. ആ കത്തിന്റെ ആദ്യ കോപ്പി ആരാണ് ഏറ്റുവാങ്ങിയത്, ആരാണ് പത്തനംതിട്ട കോടതിയിലേയ്ക്ക് ചെന്നത്, ആരാണ് അവരുടെ

വക്കീലിൽനിന്നും അത് കൈപ്പറ്റിയതെന്ന് സി.ബി.ഐ.-യുടെ ഫൈൻഡിംഗ്സിൽ പറയുന്നുണ്ട്. പാരഗ്രാഫ് നമ്പർ 48 പേജ് നമ്പർ 44-ൽ മനോജ്കുമാറിന്റെ പ്രസ്താവനയെക്കുറിച്ച് പറയുന്നു. ഈ കത്ത് പരാതിക്കാരിയിൽനിന്നും എങ്ങനെയെങ്കിലും വാങ്ങിയേ പറ്റൂവെന്ന് ഇവിടെ പലർക്കും താൽപ്പര്യമുണ്ടായിരുന്നു. അതിൽ ഉമ്മൻ ചാണ്ടി സാറിന്റെ പേര് ഇല്ലായെന്നത് ഈ പറയുന്ന അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിൽ, സി.ബി.ഐ.-യുടെ അന്വേഷണത്തിൽ വ്യക്തമായി വന്നിരിക്കുകയാണ്. അങ്ങനെയൊരു പേര് അതിലില്ലായെന്നത് അവരുടെ ഫൈൻഡിംഗ്സിൽ കൃത്യമായി അവർ പറയുന്നു. പാരഗ്രാഫ് നമ്പർ 49 പേജ് നമ്പർ 45-ൽ എറണാകുളം കോടതിയിലെ ഇൻ- ക്യാമറ പ്രൊസീഡിംഗ്സിലും ഇത്തരമൊരു ആരോപണവുമായി ബന്ധപ്പെട്ട് ഉമ്മൻ ചാണ്ടി സാറിന്റെ പേര് വന്നില്ലെന്ന് ഈ ഫൈഡിംഗ്സിൽ പറയുന്നു. പാരഗ്രാഫ് നമ്പർ 48 പേജ് നമ്പർ 44-ലാണ് ഈ കത്തുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട കാര്യങ്ങൾ വരുന്നത്. ആദ്യം കത്ത് കൈപ്പറ്റിയെന്ന് ഇവിടെ പറയുന്ന ആളുകളിൽനിന്നും പിന്നെ ആ കത്ത് വാങ്ങുന്നത് ദല്ലാൾ നന്ദകുമാർ എന്നയാളാണ്. പവർ ബ്രോക്കറെന്നും ദല്ലാളെന്നും ഈ നന്ദകുമാറിന് പേര്

വന്നത് ഏത് കാലത്താണെന്ന് നമുക്കെല്ലാവർക്കുമറിയാം. ലാവ്‌ലിൻ കേസ്സുൾപ്പെടെ കേരളത്തിൽ ചർച്ചയായിക്കൊണ്ടിരുന്ന സമയത്ത്, അന്നത്തെ പാർട്ടി സെക്രട്ടറിക്കെതിരായ ആരോപണങ്ങളുടെ കുന്തമുനയായി വിശേഷിപ്പിക്കപ്പെട്ടിരുന്ന, പത്രമാധ്യമങ്ങളിൽ വാർത്ത വന്നിരുന്ന ഒരു കോർപ്പറേറ്റ് പവർ ബ്രോക്കറായി അന്നത്തെ ഔദ്യോഗികപക്ഷം വിശേഷിപ്പിച്ച ഈ ദല്ലാൾ നന്ദകുമാർ 50 ലക്ഷം രൂപ പരാതിക്കാരിക്ക് നൽകിയാണ് അവരിൽനിന്നും കത്ത് കൈപ്പറ്റിയതെന്നത് തെളിവോടുകൂടി സി.ബി.ഐ.യുടെ റിപ്പോർട്ടിലെ ഫൈൻഡിംഗ്സിൽ വന്നിരിക്കുകയാണ്. ദല്ലാൾ നന്ദകുമാറെന്ന് പേര് വിളിച്ച, ഔദ്യോഗികപക്ഷമെന്ന് പിന്നീട് വാർത്തകളിൽ നിറഞ്ഞുനിന്ന ആ നന്ദകുമാർ, കേരളത്തിന്റെ മുഖ്യമന്ത്രി അധികാരമേറ്റ് മൂന്നാം ദിവസത്തിനകം ഈ പറയുന്ന പരാതിക്കാരിക്ക് അപ്പോയിന്റ്മെന്റെടുത്ത് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ഓഫീസിൽ വന്ന് അദ്ദേഹത്തെ കാണാനുള്ള അവസരം എങ്ങനെയാണ് ഒരുക്കിക്കൊടുത്തതെന്ന ചോദ്യം സജീവമായി നിലനിൽക്കുകയല്ലേ? എന്റെ ഭരണത്തിൽ അവതാരങ്ങളുണ്ടാകില്ലെന്നും ഈ ഭരണത്തിന്റെ ഇടനാഴിയിൽ അവതാരങ്ങൾക്ക് റോളുണ്ടാകില്ലെന്നും പറഞ്ഞിട്ടും അധികാരമേറ്റ് മൂന്ന്

ദിവസത്തിനുള്ളിൽ ഒന്നാം നമ്പർ അവതാരത്തെ സ്വന്തം ഓഫീസിൽ വിളിച്ചുവരുത്തി ഒരു തട്ടിപ്പുകാരിയുടെ കയ്യിൽനിന്നും പരാതി എഴുതിവാങ്ങി കേസ്സെടുക്കാൻ കേരളത്തിന്റെ മുഖ്യമന്ത്രി കാണിച്ച വ്യഗ്രതയിൽ, ഈ കത്തിടപാടുകളിലും പേര് എഴുതിച്ചേർത്തതിലും ഈ ഗവൺമെന്റിന്, അന്നത്തെ മുഖ്യമന്ത്രിക്ക്, അന്നത്തെ പാർട്ടിക്കുള്ള പങ്കിനെ സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ പുറത്തുവരേണ്ടതാണെന്ന ചിന്ത ഇതിനെ നിഷ്പക്ഷമായി വിലയിരുത്തുന്ന ഏതൊരാൾക്കുവന്നാലും അതിൽ സംശയം പ്രകടിപ്പിക്കാതിരിക്കാൻ കഴിയില്ല. അയാളെപ്പോലുള്ളവർ എങ്ങനെയാണ് കേരളത്തിന്റെ മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്ക് വരുന്നത്. ഒരു സ്ത്രീയുടെ പരാതിയായതുകൊണ്ടാണ് എഴുതി വാങ്ങിയതും അന്വേഷണം നടത്താൻ തീരുമാനിച്ചതും അത് സി.ബി.ഐ.-യ്ക്ക് വിടാൻ തീരുമാനിച്ചതെന്നുൾപ്പെടെ പറയുന്നുണ്ട്. അങ്ങനെ മുഖ്യമന്ത്രിയെ കാണാൻ വന്ന മറ്റൊരു സ്ത്രീയെ പോലീസ് എങ്ങനെ ട്രീറ്റ് ചെയ്തുവെന്ന് നമുക്കറിയാം. പാവപ്പെട്ട ജിഷ്ണുപ്രണോയ് എന്ന ചെറുപ്പക്കാരന്റെ അമ്മ ഈ മുഖ്യമന്ത്രിയെ കാണാൻ വന്നപ്പോൾ ആ സ്ത്രീയെ തിരുവനന്തപുരത്തെ തെരുവോരങ്ങളിൽ പിണറായി വിജയന്റെ പോലീസ് വലിച്ചിഴച്ച ദൃശ്യങ്ങൾ കണ്ട ആളുകൾ...,

ഈ സ്ത്രീയോട് മുഖ്യമന്ത്രി കാണിച്ച സമീപനവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഇരട്ട ചങ്കല്ല, ഇരട്ട മുഖമാണ് കേരളത്തിന്റെ മുഖ്യമന്ത്രിക്കുള്ളതെന്ന കാര്യത്തിൽ ആർക്കെങ്കിലും സംശയം പറയാൻ സാധിക്കുമോ; ഉമ്മൻ ചാണ്ടി സാറിനോട് മാപ്പ് പറഞ്ഞേ തീരൂ. പാരഗ്രാഫ് നമ്പർ 68 പേജ് നമ്പർ 55-ൽ ഇൻവെസ്റ്റിഗേഷൻ റിവീൽഡ് എന്ന പേരിൽതന്നെ അവർ തുടങ്ങുന്നു. ഒരു തെളിവില്ലെന്നറിഞ്ഞിട്ടും പരാതി എഴുതിചോദിച്ചതാണ്. W1 possess no evidence എന്നുതന്നെ ആ റിപ്പോർട്ടിൽ കൃത്യമായി പറയുന്നു. ഉമ്മൻ ചാണ്ടി സാറിനെ ആക്ഷേപിക്കുക എന്നതിനപ്പുറത്തേയ്ക്ക് എന്ത് അജണ്ടകളുടെ പേരിലാണ് ഈ ഗവൺമെന്റ് ഈ പരാതി മുന്നോട്ടുകൊണ്ടുപോയത്. കേരളത്തിലെ ഉന്നതരായ മുഴുവൻ പോലീസ് ഉദ്യോഗസ്ഥർ അന്വേഷിച്ചിട്ടും അതിലൊരു കഴമ്പുമില്ലെന്നാണ് കണ്ടെത്തിയത്. സുപ്രീംകോടതി ജഡ്ജിയായിരുന്ന ജസ്റ്റീസ് അരിജിത് പസായത് ഈ പരാതിയുമായി മുന്നോട്ടുപോകാൻ കഴിയില്ലെന്ന് റിപ്പോർട്ട് കൊടുത്തതാണ്. ക്രൈംബ്രാഞ്ച് ഉൾപ്പെടെ പല സംവിധാനങ്ങൾ അന്വേഷിച്ചിട്ടും ഒരു കേസ്സും നിലനിൽക്കില്ലെന്ന് അടിവരയിട്ട് പറഞ്ഞതും നിയമോപദേശം കിട്ടിയതുമായ കേസ്സിൽപോലും സി.ബി.ഐ.-യെ

വിളിച്ചുവരുത്താനുള്ള വ്യഗ്രത ഈ ഗവൺമെന്റ് കാണിച്ചതിന്റെ ചേതോവികാരം എന്താണ്; തലപ്പത്തിരിക്കുന്നവർക്ക് ഈ ഗൂഢാലോചനയിൽ പങ്ക് അല്ലാതെ മറ്റെന്താണുണ്ടായിരുന്നതെന്ന് കേരളത്തിലെ ജനങ്ങൾക്കുമുന്നിൽ വ്യക്തമാക്കണം. ഇങ്ങനെ ആക്ഷേപിക്കപ്പെടേണ്ട ആളാണോ ഉമ്മൻ ചാണ്ടി സാർ. ശ്രീ. പി. സി. ജോർജ്ജിന്റെ പ്രസ്താവനകൾ നമ്മൾ കണ്ടു. അഞ്ച് കത്തിനെപ്പറ്റി പറഞ്ഞു. ആറാമത്തെ കത്ത്, ഉമ്മൻചാണ്ടി സാറിനെ ക്ലിഫ് ഹൗസിൽ വച്ച് കണ്ടപ്പോൾ ഉമ്മൻചാണ്ടി സാർ അണിഞ്ഞിരുന്ന വസ്ത്രത്തെപ്പറ്റിയും തട്ടിപ്പുകാരിയായ പരാതിക്കാരി അണിഞ്ഞിരുന്ന വസ്ത്രത്തെപ്പറ്റിയും സി.ബി.ഐ.-യുടെ മുന്നിൽ തെളിവ് കൊടുക്കാൻ ഇങ്ങനെ പറയണമെന്ന് പറഞ്ഞ് പരാതിക്കാരി ഒരു കത്ത് എന്റെ കയ്യിൽ കൊണ്ടുതന്നുവെന്നാണ് ശ്രീ. പി. സി. ജോർജ്ജ് പത്രസമ്മേളനങ്ങളിൽ പറഞ്ഞത്. അന്നത്തെ രാഷ്ട്രീയ വൈരാഗ്യംവച്ച് ഞാനും ഉമ്മൻ ചാണ്ടിക്കെതിരെ എനിക്ക് പറയാൻ പറ്റാവുന്നിടത്തോളം പറഞ്ഞുവെന്നുമാണ് ഒരു നാണവുമില്ലാതെ ശ്രീ. പി. സി. ജോർജ്ജ് പത്രസമ്മേളനങ്ങളിൽ പറഞ്ഞത്. ഉമ്മൻചാണ്ടി സാറിനെപ്പോലെ ഒരാൾ അണിഞ്ഞ വസ്ത്രത്തെ സംബന്ധിച്ച് ഇല്ലാത്ത കഥ

തയ്യാറാക്കി രേഖാമൂലം കുറിപ്പുകൊടുത്ത്, ആ കുറിപ്പ് അന്വേഷണ ഏജൻസിക്കുമുന്നിൽ തെളിവായി കൊടുക്കണമെന്ന് പരാതിക്കാരി പറഞ്ഞപ്പോൾ അന്നത്തെ രാഷ്ട്രീയ വൈരാഗ്യം വച്ച് ഞാനും അങ്ങനെതന്നെ പത്രസമ്മേളനങ്ങളിൽ പറഞ്ഞുവെന്ന് പറയുമ്പോൾ, അതിന്റെയൊക്കെ പേരിൽ ഈ നാട്ടിൽ പാവപ്പെട്ട ഉമ്മൻ ചാണ്ടി സാറിന്റെ ചിത്രം വച്ച് ആക്ഷേപിച്ചവർ..... Cyber lynching-നെ സംബന്ധിച്ച് ഇന്ന് പരാതി പറയുന്നവർ, പരാതി കൊടുക്കുന്നവർ, ആക്ഷേപം ഉന്നയിക്കുന്നവർ, കേരള രാഷ്ട്രീയത്തിലെ സൈബർ ലിഞ്ചിംഗിന്റെ തുടക്കം ഈ സോളാർ കേസ്സിൽ നിന്നാണെന്ന് ചരിത്രം പരിശോധിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും. അതിന്റെ പേരിൽ ഉമ്മൻ ചാണ്ടി സാറിന്റെ മാസ്കും തട്ടിപ്പുകാരിയുടെ മാസ്കും വച്ച് കൈകൾ ചേർത്തുപിടിച്ച് തിരുവനന്തപുരം നഗരത്തിൽ മാർച്ച് നടത്തിയവർ, കേരളത്തിലെ മുഴുവൻ കവലകളിലും ആ മനുഷ്യനെ അപമാനിച്ച്, ഇല്ലാക്കഥകൾ ഫ്ലക്സ് വച്ച് പ്രചരിപ്പിച്ചവർ, സൈബർ സ്പേസിലെ മുഴുവൻ ഇടങ്ങളിലും ആ മനുഷ്യനെ വ്യക്തിഹത്യ നടത്തിയവർ, അദ്ദേഹത്തിന്റെ കുടുംബത്തെ സഭയിലേയ്ക്കും വിവാദങ്ങളിലേയ്ക്കും വലിച്ചിഴച്ച ആളുകൾ, രണ്ട് പെൺകുട്ടികളുടെ അച്ഛനെ ഇല്ലാക്കഥകളുടെ പേരിൽ

ക്രൂരമായി വേട്ടയാടിയ ആളുകൾ, പി.സി. ജോർജ്ജിനെപ്പോലുള്ള ഒരു പൊളിറ്റിക്കൽ വേസ്റ്റിന്റെ വാക്ക് കേട്ടിട്ടുപോലും ഉമ്മൻ ചാണ്ടി എന്ന പൊതുപ്രവർത്തകനെ ഇതുപോലെ ആക്ഷേപിച്ചവർ, പരിഹസിച്ചവർ, ഈ സഭാനടുത്തളംപോലും അതിനുവേണ്ടി ഉപയോഗിച്ചവർ, ഇതിനുമറുപടിയായി എന്താണ് കേരളത്തിന്റെ പൊതുസമൂഹത്തോട് പറയാൻ പോകുന്നത്? നാളെ ഉമ്മൻ ചാണ്ടി സാർ നിങ്ങളോട് ക്ഷമിച്ചാൽപോലും കേരളത്തിലെ പൊതുസമൂഹം ഈ ക്രൂരതയ്ക്ക് നിങ്ങൾക്ക് മാപ്പ് തരില്ലെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. 'പച്ചക്കള്ളമാണെന്നറിഞ്ഞിട്ടും അന്നത്തെ വൈരാഗ്യത്തിന്റെ പേരിൽ ഞാനും എന്നെക്കൊണ്ടാകുന്നത് പറഞ്ഞു' എന്നാണ് മറുപടിയായി പറയുന്നത്. ഇതുപോലെയുള്ള അധിക്ഷേപവും ആക്ഷേപവും നേരിടേണ്ടിയിരുന്ന ആളാണോ അദ്ദേഹം. അന്നുതന്നെ വാർത്തകൾ വന്നു. പരാതിക്കാരിയെ സ്വാധീനിക്കാൻവേണ്ടി പലതരത്തിലുള്ള ഇടപെടലും നടക്കുന്നുവെന്നും പറ്റിക്കാൻ വേണ്ടി പണം വാഗ്ദാനംചെയ്യപ്പെട്ടുവെന്നും ഇന്ത്യാ ടുഡേയിൽ കവർ സ്റ്റോറി കൊടുത്തു. അതൊന്നും ആരും മുഖവിലയ്ക്കെടുക്കുന്നുണ്ടായിരുന്നില്ല. പകരം അദ്ദേഹത്തെ ആക്ഷേപിക്കാനുള്ള ഒരവസരം മാത്രമായി ഇത് മാറി. ഇതിലും

പ്രധാനപ്പെട്ട ഒരു കാര്യം നന്ദകുമാറിനെ സംബന്ധിച്ച് പറഞ്ഞു. നന്ദകുമാർ കൊടുത്ത മൊഴിയിലും ഇതിന്റെ സി.ബി.ഐ. റിപ്പോർട്ടിലെ ഫൈൻഡിംഗ്സിൽ പറയുന്നതുമായ പ്രധാനപ്പെട്ട ഒരു കാര്യംകൂടി ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. Mr. Nandakumar stated that he handed over this letter and involved in this case only because of the pressure from CPI(M) leaders as broadcasting of this letter will help LDF. സി.ബി.ഐ.-യുടെ അന്വേഷണ റിപ്പോർട്ടിൽ പറയുന്നത്, നന്ദകുമാർ ഈ കേസ്സിൽ ഇടപെട്ടത്, നന്ദകുമാർ ഈ കത്ത് കൈമാറിയത് സി.പി.ഐ.(എം) നേതാക്കന്മാരുടെ താങ്ങാൻ കഴിയാത്ത സമ്മർദ്ദത്തിന്റെ പേരിലാണെന്നും അങ്ങനെ ഒരു കത്ത് പുറത്തുവന്ന് ഉമ്മൻ ചാണ്ടിസാറിനെതിരെ ഇതുപോലൊരു വ്യാജമായ ആരോപണമുണ്ടായാൽ അതിന്റെ ഗുണം എൽ.ഡി.എഫ്.ന് കിട്ടുമെന്ന് ഉറപ്പുള്ളതുകൊണ്ടാണ് ആ കത്ത് കൈമാറിയതെന്നും നന്ദകുമാർ പറയുന്ന എന്നാണ്. ആ നന്ദകുമാറിനെ അധികാരമേറ്റ് മൂന്ന് ദിവസത്തിനകം കേരളത്തിന്റെ മുഖ്യമന്ത്രി സ്വന്തം ഓഫീസിലേയ്ക്ക് വിളിച്ചുകയറ്റുമ്പോൾ, ഈ തട്ടിപ്പുകാരിയെയും ഒപ്പം കരുതുമ്പോൾ, പരാതി എഴുതിവാങ്ങുമ്പോൾ നമ്മൾ

എന്താണ് മനസ്സിലാക്കേണ്ടത്. അങ്ങ് 2016-ൽ ആദ്യമായി കേരളത്തിന്റെ മുഖ്യമന്ത്രി പദവിയിലിരുന്നത് സരിതയുടെ, പരാതിക്കാരിയായ തട്ടിപ്പുകാരിയുടെ സ്പോൺസർഷിപ്പാലാണോയെന്നാണോ; ഇതിൽനിന്നും എന്താണ് ഞങ്ങൾ മനസ്സിലാക്കേണ്ടത്? ഇത് റിപ്പോർട്ടിൽ പറയുന്നതാണ്. ഞങ്ങൾ പറഞ്ഞ് പ്രചരിപ്പിക്കുന്ന കഥകളോ റൂമേഴ്സോ അല്ല. ഈ റിപ്പോർട്ടിൽ പറയുന്ന മുഴുവൻ കാര്യങ്ങളും വച്ച് നോക്കുമ്പോൾ, this is a criminal conspiracy. ഇതൊരു ക്രിമിനൽ ഗൂഢാലോചനയാണ്, ഒരു സർക്കാരിനെ താഴെയിറക്കാൻ, കേരളത്തിന്റെ മുഴുവൻ ഇഷ്ടവും സ്വീകരിച്ച ഒരു ജനപ്രതിനിധിയെ അപമാനിക്കാൻ, ഒരു നേതാവിനെ ഇല്ലായ്മ ചെയ്യാൻ ഇവിടെ നടത്തിയ criminal conspiracy-യാണ് ഇതിലുള്ളത്. രാഷ്ട്രീയമായി സി.പി.ഐ.(എം) കേരളത്തിലെ ജനങ്ങൾക്കുമുന്നിൽ മാപ്പ് പറയണം. കാരണം അത്തരമൊരു ആരോപണം ഇനി നിലനിൽക്കുന്നതല്ല. അത്തരമൊരു ആരോപണത്തിൽ ഒരടിസ്ഥാനവുമില്ല. അത്തരമൊരു ആരോപണം ഉന്നയിക്കാനുള്ള ഈ ഫൈൻഡിംസിന്റെ അവസാനത്തെ പേജിൽ സി.ബി.ഐ. പറയുന്നത് സാഹചര്യതെളിവുകൾ മാത്രമല്ല, there is

no direct or circumstantial evidence to establish any allegation against Oommen Chandy.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്

ശ്രീ. ഷാഫി പറമ്പിൽ: സർ, ഈ പറയപ്പെട്ട ആരോപണങ്ങളൊന്നും നിലനിൽക്കുന്നതല്ലായെന്ന് പറയുമ്പോൾ അത് ഉപയോഗിച്ച് വേട്ടയാടപ്പെട്ട ഒരു മനുഷ്യനോട്, രാഷ്ട്രീയമായി കേരളീയ പൊതുസമൂഹത്തിനുമുന്നിൽ മാപ്പ് പറയണം. ഇതിലെ ക്രിമിനൽ ഗൂഢാലോചനയ്ക്കുപിന്നിൽ പ്രവർത്തിച്ച ആളുകളെ പുറത്തുകൊണ്ടുവരണം. ഈ റിപ്പോർട്ട് ഞങ്ങൾ കൊണ്ടുവന്നതല്ല.

മി. സ്പീക്കർ: സമയം കഴിഞ്ഞു. പ്ലീസ്.... ഇന്ന് രണ്ട് മണിക്കൂർ ചർച്ചയുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ : സർ, ഞാൻ അവസാനിപ്പിക്കുന്നു. 32 തവണ ഒരു കേസ് മാറ്റിവയ്ക്കാനുള്ള രാഷ്ട്രീയ തന്ത്രവും ബന്ധവും ഞങ്ങൾക്ക് കേന്ദ്രത്തിലില്ല. ഇത് ഞങ്ങൾ മാനുപ്പുലേറ്റ് ചെയ്തതല്ല. ………… (മൈക്ക് ഓഫ്)…….

മി. സ്പീക്കർ: പ്ലീസ്.... ഡോ. കെ. ടി. ജലീൽ ..

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ദേവഗൗഡ സർക്കാരിനെതിരായ അവിശ്വാസപ്രമേയ ചർച്ച നടന്നുകൊണ്ടിരിക്കവേ അന്ന് ആ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷനിരയിലുണ്ടായിരുന്ന ജസ്വന്ത് സിംഗ് പറഞ്ഞ വാക്കുകളാണ് ഈ സന്ദർഭത്തിൽ എന്റെ സ്മൃതിപഥങ്ങളിൽ തെളിഞ്ഞുവരുന്നത്. Mr. Prime Minister, we are your political opponents, not your enemies. Your enemies are sitting on your side. പ്രധാനമന്ത്രി, ഞങ്ങൾ അങ്ങയുടെ രാഷ്ട്രീയ എതിരാളികളാണ്, പക്ഷേ ശത്രുക്കളല്ല. അങ്ങയുടെ രാഷ്ട്രീയ ശത്രുക്കൾ അങ്ങയുടെ കൂടെയാണ് ഇരിക്കുന്നത്. ഈ സഭയിലെ നവാഗതനും ബഹുമാന്യനായ കേരളത്തിന്റെ മുൻമുഖ്യമന്ത്രിയും നമ്മുടെയെല്ലാം പ്രിയങ്കരനുമായ ഉമ്മൻ ചാണ്ടി സാറിന്റെ മകൻ ശ്രീ. ചാണ്ടി ഉമ്മനോട് ഈ വാക്കുകൾ കടമെടുത്തുകൊണ്ട് പറയട്ടെ, Mr. Chandy Oommen, we are your political opponents, not your political enemies; your enemies are sitting on your side. ……..(ബഹളം)......

<u>മി. സ്പീക്കർ</u>: പ്രതിപക്ഷം സംസാരിക്കുമ്പോൾ ഭരണപക്ഷത്തുനിന്നും ബഹളമുണ്ടാക്കുന്നില്ലല്ലോ?

ഡോ. കെ. ടി. ജലീൽ: സർ, കേരള രാഷ്ട്രീയത്തെ പിടിച്ചുകുലുക്കിയ പല വിവാദങ്ങളുടെയും അടിവേരുകൾ ചികഞ്ഞാൽ നാം എത്തുന്നത് കോൺഗ്രസ് ഗ്രൂപ്പ് വഴക്കിലാണ്. കെ. കരുണാകരനെ മുഖ്യമന്ത്രി പദവിയിൽനിന്ന് തെറിപ്പിക്കാനാണ് ഐ.എസ്.ആർ.ഒ. ചാരകേസ് കോൺഗ്രസ്സുകാർ ഉണ്ടാക്കിയത്. മുൻ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. മുരളീധരനാണ് ഇങ്ങനെ പറഞ്ഞതെന്ന കാര്യം സാന്ദർഭികമായി ഞാൻ ഓർക്കുന്നു. ശ്രീ. നമ്പി നാരായണനുൾപ്പെടെ നിരവധി നിരപരാധികൾ ആ ഗൂഢാലോചനയിൽ ക്രൂരമായി പീഡിപ്പിക്കപ്പെട്ടത് പരസ്യമായ രഹസ്യമാണ്. കോൺഗ്രസ്സിന്റെ പിളർപ്പിലേയ്ക്കും ഡി.ഐ.സി. എന്ന പാർട്ടിയുടെ പിറവിയിലേയ്ക്കും ആ വിവാദം നയിച്ചു. അതിനുശേഷം കോൺഗ്രസ്സുകാർ ഉയർത്തിക്കൊണ്ടുവന്ന മറ്റൊരു പ്രമാദമായ വിവാദമാണ് സോളാർ കേസ്. സോളാറിന്റെ ശില്പികളും പിതാക്കന്മാരും ഇടതുപക്ഷക്കാരാണോ? ഇടതുപക്ഷ നേതാക്കളാണോ? കോൺഗ്രസുകാരല്ലേ അതിന്റെ ശില്പികളും പ്രണേതാക്കളും പിതാക്കന്മാരും. സോളാർ രക്തത്തിൽ ഇടതുപക്ഷത്തിന് എന്ത് പങ്കാണുള്ളത്? രക്തപങ്കിലമായ കരങ്ങൾ മുഴുവൻ അപ്പുറത്തല്ലേ, ഒരാളെ വ്യക്തിഹത്യ നടത്തി രാഷ്ട്രീയത്തിൽനിന്നും

നിഷ്കാസിതമാക്കുന്ന രീതിയോട് ഒരിക്കലും യോജിക്കാത്തവരാണ് ഇടതുപക്ഷം. അത്തരം സമീപനങ്ങളെ നിശിതമായി എതിർക്കുന്നയാളാണ് കേരളത്തിന്റെ ഇപ്പോഴത്തെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ. ഞാൻ വ്യക്തിപരമായ ഒരു അനുഭവം പറയാം; 2006-ൽ ആദ്യമായി നിയമസഭയിൽ എത്തിയ കാലം, അന്ന് വൈകുന്നേരം സഭ വിട്ടു ചെന്നപ്പോൾ അന്നത്തെ സഭയിലെ മുഴുവൻ അംഗങ്ങളുടെയും റൂമിൽ ഒരു വാറോല കിടപ്പുണ്ടായിരുന്നു. അത് കേരളത്തിലെ പ്രമുഖനായ ഒരു രാഷ്ട്രീയനേതാവിന്റെ കുടുംബത്തെ അവഹേളിക്കാൻ ലക്ഷ്യം വച്ചുള്ളതായിരുന്നു. അന്ന് വൈകുന്നേരം എ.കെ.ജി. സെന്ററിൽ പോയി അന്നത്തെ പാർട്ടി സെക്രട്ടറിയായിരുന്ന സഖാവ് പിണറായി വിജയനെ മറ്റൊരു ആവശ്യത്തിന് ഞാൻ കണ്ടിരുന്നു. ഞങ്ങളുടെ സംഭാഷണം നടന്നുകൊണ്ടിരിക്കെ അദ്ദേഹത്തിന് ഒരു ഫോൺ കോൾ വരികയാണ്. അദ്ദേഹം അത് ശ്രദ്ധിച്ചുകേൾക്കുന്നു, അവസാനം വളരെ ദേഷ്യത്തോടുകൂടി 'അതിനുള്ളതല്ല കൈരളി' എന്നുപറഞ്ഞ് അദ്ദേഹം ഫോൺ കട്ട് ചെയ്ത് വയ്ക്കുകയാണ്. ഞാൻ അന്ന് ന്യായമായും സംശയിച്ചു, ഞങ്ങൾക്കെല്ലാം റൂമിൽ കിട്ടിയ വാറോലയുമായി ബന്ധപ്പെട്ടായിരിക്കണം സഖാവ് പിണറായിയെ

ആരോ അപ്പുറത്തുനിന്നും വിളിച്ചിട്ടുണ്ടാകുക. ഈ വിവാദങ്ങളിലെല്ലാം ഇടതുപക്ഷത്തിന്റെ മാധ്യമങ്ങളായ ദേശാഭിമാനി, കൈരളി, ജനയുഗം ഉൾപ്പെടെയുള്ള പത്രങ്ങൾ, ഇടതുപക്ഷനേതാക്കൾ സ്വീകരിച്ച സമീപനമെന്താണെന്നുള്ളത് നിഷ്പക്ഷമായി നിങ്ങൾ ഒരു ആലോചനയ്ക്ക് വിധേയമാക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ജയിലിൽനിന്നും സരിത എഴുതിയെന്നുപറയപ്പെടുന്ന കത്ത് പുറത്തുവന്നല്ലോ; ആരാണ് ആ കത്ത് കേരളത്തിൽ പ്രസിദ്ധീകരിച്ചത്? ദേശാഭിമാനിയാണോ, ജനയുഗമാണോ, കൈരളി ടി.വി. ആണോ അത് പുറത്തുവിട്ടത്? ഏഷ്യാനെറ്റ് അല്ലേ അത് പുറത്തുവിട്ടത്? ഏഷ്യാനെറ്റ് പണം കൊടുത്താണ് ആ കത്ത് വാങ്ങിയതെന്ന് ഇന്ന് റിപ്പോർട്ട് ചെയ്യുന്നത് മറ്റൊരു പ്രമുഖ മാധ്യമം തന്നെയല്ലേ. എവിടെയെങ്കിലും ഏതെങ്കിലും ഒരു സന്ദർഭത്തിൽ ഇടതുപക്ഷ മാധ്യമങ്ങളോ ഇടതുപക്ഷ നേതാക്കളോ സോളാർ കേസുമായി ബന്ധപ്പെട്ട് ഉമ്മൻ ചാണ്ടിയെ പ്രതിസ്ഥാനത്തുനിർത്തി അദ്ദേഹത്തിനെതിരായി വ്യക്തിഹത്യ നടത്താനുള്ള നീക്കത്തിന് നേതൃത്വം നൽകിയിട്ടുണ്ടോ? തന്നെയും തന്റെ കുടുംബത്തെയും അപകീർത്തിപ്പെടുത്തിയതിന് ഉമ്മൻ ചാണ്ടിയും ചാണ്ടി ഉമ്മനും

കേസുകൊടുത്തത് കൈരളിക്ക് എതിരായിട്ടാണോ; ദേശാഭിമാനിക്ക് എതിരായിട്ടാണോ? ഏഷ്യാനെറ്റിന് എതിരായിട്ടാണ് ഉമ്മൻ ചാണ്ടി സാർ കേസുകൊടുത്തത്. മറുനാടന് എതിരായിട്ടാണ് ശ്രീ. ചാണ്ടി ഉമ്മൻ കേസുകൊടുത്തത്. ഇടതുപക്ഷ പ്രസിദ്ധീകരണങ്ങൾക്കെതിരായി എന്തെങ്കിലും തരത്തിലുള്ള കേസ് ആരെങ്കിലും കൊടുത്തോ; പ്രതിപക്ഷ നേതാവ് കൊടുത്തോ? ഭരണപക്ഷത്തുള്ള ഏതെങ്കിലും ഒരു നേതാവ് ആ കേസിൽ അനധികൃതമായി ഇടപെട്ടുവെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? ഇപ്പോൾ നിങ്ങൾ പറയുന്ന, സി.ബി.ഐ.-യുടെ റിപ്പോർട്ട് വന്നിരിക്കുന്നു. ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ സി.ബി.ഐ.-യുടെ റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞല്ലോ, നിങ്ങൾക്ക് കിട്ടിയ റിപ്പോർട്ടിൽ എവിടെയെങ്കിലും ഇടതുപക്ഷ സർക്കാരിന്റെ പങ്കാളിത്തത്തെക്കുറിച്ച്, ഗൂഢാലോചനയെക്കുറിച്ച് ഒരു വാക്ക് പറയുന്നുണ്ടോ? ഉണ്ടെങ്കിൽ ആ വാചകങ്ങൾ ഒന്ന് ഉദ്ധരിക്കു. അറിയാൻ വേണ്ടിയാണ്. ആരാണ് ഈ കേസ് കൊണ്ടുവന്നത്? ഞങ്ങളാണോ? സി.ബി.ഐ.-യുടെ റിപ്പോർട്ടിൽ സർക്കാരിനെതിരായി, മുഖ്യമന്ത്രിക്കെതിരായി, ഏതെങ്കിലും മന്ത്രിമാർക്കെതിരായി എന്തെങ്കിലും രേഖയുണ്ടെന്നുപറയാൻ നിങ്ങൾക്ക് ആർക്കെങ്കിലും കഴിയുമോ? സോളാർ

കേസിൽ പരാതി കൊടുത്ത ശ്രീധരൻ നായർ സി.പി.ഐ.(എം.)-ന്റെ മെമ്പർ ആണോ; സി.പി.ഐ.-യുടെ മെമ്പർ ആണോ; ഇടതുപക്ഷത്തുള്ള ഏതെങ്കിലും ഒരു കക്ഷിയിലെ അംഗമാണോ; ശ്രീധരൻ നായർ കേസുകൊടുക്കുന്ന സമയത്ത് കെ.പി.സി.സി. മെമ്പർ ആയിരുന്നുവെന്ന സത്യം നിങ്ങൾക്ക് അറിയില്ലേ; നിങ്ങൾ അത് മറച്ചുവയ്ക്കുകയല്ലേ ചെയ്യുന്നത്?

ഞാൻ ആ കേസിന്റെ നാൾവഴികൾ വായിക്കാം. 2013 ജൂൺ 3-ാം തീയതി സോളാർ തട്ടിപ്പുകേസിൽ സരിതാ നായർ അറസ്റ്റിലായി. ആരാണ് അറസ്റ്റ് ചെയ്തത്; ഒന്നാം പിണറായി സർക്കാരാണോ; ഇടതുപക്ഷ സർക്കാരാണോ? യു.ഡി.എഫ്. സർക്കാരാണ് സോളാർ തട്ടിപ്പുകേസിൽ സരിതാ നായരെ അറസ്റ്റുചെയ്യുന്നത്. 2013 ജൂൺ 14-ാം തീയതി സോളാർ തട്ടിപ്പിൽ ആരോപണ വിധേയരായ മുഖ്യമന്ത്രിയുടെ പി.എ. ടെനി ജോപ്പനെയും ഗൺമാൻ സലീം രാജിനെയും തൽസ്ഥാനങ്ങളിൽനിന്നും നീക്കി. ശ്രീ. പിണറായി വിജയനാണോ നീക്കിയത്; ഇടതുപക്ഷ സർക്കാരാണോ നീക്കിയത്; ഒന്നുമില്ലെന്നുപറയുന്ന നിങ്ങളല്ലേ ആ രണ്ടുപേരെയും തൽസ്ഥാനങ്ങളിൽനിന്നും നീക്കിയത്? 2013 ജൂൺ 26-ാം തീയതി ആരോപണ വിധേയനായ മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗം

ജിക്കുമോൻ ജേക്കബ് സ്ഥാനം രാജി വച്ചു. ശ്രീ. പിണറായി വിജയന്റെ ഓഫീസിൽനിന്നല്ല രാജി വച്ചത്. അന്നത്തെ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നാണ് രാജി വച്ചത്. 2013 ആഗസ്റ്റ് 12-ാം തീയതി ഉമ്മൻ ചാണ്ടിയുടെ രാജി ആവശ്യപ്പെട്ട് എൽ.ഡി.എഫ്. സെക്രട്ടേറിയറ്റ് സമരം നടത്തി. ശരിയാണ്, കാരണം ഇത്രയും കാര്യങ്ങൾ ഒരു സംഭവവുമായി ബന്ധപ്പെട്ടുണ്ടായ പശ്ചാത്തലത്തിൽ പ്രതിപക്ഷധർമ്മം, പ്രതിപക്ഷ കക്ഷികളെന്നുള്ള നിലയിൽ ഇടതുപക്ഷ മുന്നണി നിർവ്വഹിച്ചു. 2013 ആഗസ്റ്റ് 13-ാം തീയതി മുഖ്യമന്ത്രി ജ്യൂഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചു. അങ്ങനെയാണ് ആ സമരം പിൻവലിക്കുന്നത്. എൽ.ഡി.എഫ്. അനിശ്ചിതകാല ഉപരോധ സമരം പിൻവലിക്കുന്നു. 2013 സെപ്റ്റംബർ 10-ാം തീയതി സലീം രാജിനെ അറസ്റ്റ് ചെയ്യുന്നു. അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഏറ്റവും അടുത്ത ആളായ സലീം രാജിനെ ആരാണ് അറസ്റ്റ് ചെയ്യുന്നത്? ശ്രീ. പിണറായി വിജയന്റെ പോലീസാണോ; ഞങ്ങളല്ല, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോലീസാണ് അറസ്റ്റ് ചെയ്യുന്നത്, 2014 ഏപ്രിൽ 28-ാം തീയതി ജ്യൂഡീഷ്യൽ കമ്മീഷന്റെ ഭാഗമായ ശിവരാജൻ കമ്മീഷന്റെ കാലാവധി 6 മാസത്തേയ്ക്ക്

നീട്ടിക്കൊടുക്കുന്നു, ആ കമ്മീഷനെ ആരാണ് നിയോഗിച്ചത്, ഞങ്ങളാണോ നിയോഗിച്ചത്? ആ കമ്മീഷന്റെ റിപ്പോർട്ടിൽപ്പറഞ്ഞിട്ടുള്ള കാര്യങ്ങളല്ലേ നാട്ടിൽ പാട്ടാക്കിയത്. ഏതെങ്കിലും ഇടതുപക്ഷ നേതാക്കന്മാരോ ഇടതുപക്ഷ പ്രവർത്തകരോ പ്രചരിപ്പിച്ചതാണോ പാട്ടാക്കിയത്. നിങ്ങൾ നിയോഗിച്ച കമ്മീഷൻ, ശിവരാജൻ കമ്മീഷൻ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ് നാട്ടിൽ പാട്ടാക്കിയത്. ഞങ്ങൾക്ക് അതിൽ യാതൊരു പങ്കുമില്ല. എന്നിട്ട് ശിവരാജൻ കമ്മീഷന്റെ കാലാവധി 6 മാസത്തേയ്ക്ക് നീട്ടിക്കൊടുക്കാൻ 2014 ഏപ്രിൽ 28-ാം തീയതി നിങ്ങൾ തീരുമാനിച്ചു. 2015 ഒക്ടോബർ 13-ാം തീയതി സോളാർ കമ്മീഷന്റെ കാലാവധി 2016 ഏപ്രിൽ വരെ വീണ്ടും നിങ്ങൾ നീട്ടിക്കൊടുത്തില്ലേ? ആ കമ്മീഷന്റെ റിപ്പോർട്ടിനെ ആധാരമാക്കിയാണ് ഇവിടെ കാര്യങ്ങൾ ചർച്ച ചെയ്യപ്പെട്ടത്.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....കൺക്ലൂഡ്......

ഡോ. കെ. ടി. ജലീൽ: സർ, ഈ രക്തത്തിൽ ഞങ്ങൾക്ക് പങ്കില്ല. ഈ രക്തത്തിൽ നിങ്ങൾക്കാണ് പങ്ക്. ഗ്രൂപ്പിസത്തെത്തുടർന്ന് ആളുകളെ രാഷ്ട്രീയ ഉന്മൂലനം ചെയ്യാൻ വേണ്ടി, മരിച്ചാൽ പോലും നിങ്ങൾ അവരെ വിടില്ല എന്നുള്ളതിന്റെ തെളിവാണ് ഇന്നിവിടെ........(മൈക്ക് ഓഫ്).......

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീലിന്റെ പ്രസംഗത്തിന് നന്ദി പറയുകയാണ്. ഉമ്മൻ ചാണ്ടിയോട് ചെയ്തത് തെറ്റായിയെന്ന് ഭംഗ്യന്തരേണ സമ്മതിക്കുകയായിരുന്നു. നിങ്ങളുടെ പ്രസംഗം കേട്ടപ്പോൾ ഓർമ്മിച്ചത് നിങ്ങൾ ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണ പിള്ളയെ ജയിലിൽ അടച്ചതിൽ അഭിമാനം കൊണ്ടവരാണ്. അദ്ദേഹത്തെ ജയിൽ വിമുക്തനാക്കിയ ഉമ്മൻ ചാണ്ടിയെ കുറ്റം പറഞ്ഞു. പക്ഷേ ആർ. ബാലകൃഷ്ണ പിള്ളയെ വെടക്കാക്കി നിങ്ങളുടെ കൂടെയാക്കാനും പിന്നീട് നിങ്ങൾക്ക് സാധിച്ചു. മാണി സാറിന്റെ കേസും ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. മാണി സാറിനെ വെടക്കാക്കിയതാരാണെന്ന് എല്ലാവർക്കും അറിയാം. ഇവിടെയും വിഷയമെന്താണ്? ഉമ്മൻ ചാണ്ടിക്ക് കേരളീയ പൊതുസമൂഹം, ലോകമലയാളികൾ നൽകിയ മരണാനന്തര ബഹുമതികൾ നമ്മൾ ഇന്നും കണ്ടുകൊണ്ടിരിക്കുകയാണ്. വികാരത്തിൽ, കണ്ണീരിൽ ചാലിച്ച, കൃതജ്ഞതയിൽ ലയിപ്പിച്ച അദ്ദേഹത്തിന്റെ യാത്രയയപ്പ് നമ്മളെല്ലാവരും കണ്ടു, കേരളീയ പൊതുസമൂഹം കണ്ടു, അത് ചരിത്രത്തിലെ സംഭവമാണ്. അതിനുശേഷമാണ് പുതുപ്പള്ളിയിലെ തെരഞ്ഞെടുപ്പ്. അത് ഉമ്മൻ

ചാണ്ടിയോടുള്ള സ്നേഹത്തിന്റെയും നന്ദിയുടെയും പ്രകടനം കൂടിയായിരുന്നു. സർക്കാരിനെതിരെ വികാരമുണ്ടായിരുന്നു, ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ രണ്ടുപ്രാവശ്യം പറഞ്ഞതെന്താണ്? ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററിനെക്കൊണ്ട് ഞങ്ങൾ പറയിപ്പിച്ചതാണ്. സർക്കാരിന്റെ വിലയിരുത്തൽ കൂടിയായിരിക്കുമെന്ന് പറയാൻ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ നിർബന്ധിതനായി. എന്നാൽ ഇപ്പോൾ അത് മറക്കുകയാണ്. സർക്കാരിനെ വിലയിരുത്തി പുതുപ്പള്ളിയിലെ ആളുകൾ മുപ്പത്തിയേഴായിരത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ ശ്രീ. ചാണ്ടി ഉമ്മനെ വിജയിപ്പിച്ചു. ഉമ്മൻ ചാണ്ടിക്ക് വീണ്ടും നന്ദി പറയുകയാണ്. അതിന്റെ തുടർച്ചയിട്ടാണ് സി.ബി.ഐ. റിപ്പോർട്ട്, ഇവിടെ സി.ബി.ഐ. അന്വേഷണം എങ്ങനെ വന്നു? ബഹുമാന്യനായ മുഖ്യമന്ത്രി അപ്പുറത്തിരിക്കുന്നുണ്ടല്ലോ; വേങ്ങര ഉപതെരഞ്ഞെടുപ്പിന്റെ പോളിംഗ് ആരംഭിച്ച അന്ന് രാവിലെ 8 മണിക്കാണ് അദ്ദേഹം വാർത്താമാധ്യമങ്ങളിൽ സോളാർ കേസ്സിൽ സരിതയുടെ പരാതി സി.ബി.ഐ. അന്വേഷണത്തിന് കേരളാ ഗവൺമെന്റ് തീരുമാനമെടുത്തുവെന്ന് അറിയിക്കുന്നതായി ഞാൻ കാണുന്നത്. രാഷ്ട്രീയ ദുഷ്ടലാക്കോടെയാണത്. എന്തിന്റെ

സാഹചര്യത്തിലാണത്; ഡോ. കെ. ടി. ജലീൽ മനസ്സിലാക്കണം. കേരള സർക്കാർ ഈ കേസ് അന്വേഷിക്കാൻ സത്യപ്രതിജ്ഞ ചെയ്ത് മൂന്നുദിവസത്തിനകം മുഖ്യമന്ത്രിയെ സന്ദർശിച്ച സരിതയിൽനിന്ന് എഴുതി വാങ്ങിയ പരാതി അദ്ദേഹം ക്രൈംബ്രാഞ്ചിന് അന്വേഷിക്കാൻ കൊടുത്തു. അദ്ദേഹമാണ് ക്രൈംബ്രാഞ്ചിന്റെ തലവൻ. കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി. ക്രൈംബ്രാഞ്ച് അന്വേഷിച്ചു. മുഖ്യമന്ത്രിക്ക് എല്ലാ സ്വാധീനവുമുള്ള ക്രൈംബ്രാഞ്ച് അന്വേഷിച്ച് ഈ കേസ് തെളിവില്ലെന്ന് പറഞ്ഞ് എഴുതിത്തള്ളി. മുൻ മുഖ്യമന്ത്രിയായ ബഹുമാന്യനായ ഉമ്മൻ ചാണ്ടിയെ വീണ്ടും രാഷ്ട്രീയമായി പീഡിപ്പിക്കണമെന്ന ദുഷ്ടലാക്കോടെ തന്നെയാണ് ക്രൈംബ്രാഞ്ച് എഴുതിത്തള്ളിയ കേസ് പിന്നീട് സി.ബി.ഐ. അന്വേഷണത്തിന് വിട്ടത്. സി.ബി.ഐ.-യോട് ഇടതുപക്ഷത്തിന്റെ നിലപാടെന്താണ്? സ്വർണ്ണക്കള്ള കടത്തുകേസ് സി.ബി.ഐ. അന്വേഷിക്കുന്നതിനോട് എതിരാണ്. കോടികൾ നഷ്ടപ്പെടുത്തിയ ലൈഫ് മിഷൻ തട്ടിപ്പുകേസ് സി.ബി.ഐ. അന്വേഷിക്കുന്നതിന് കേരള സർക്കാരും മാർക്സിസ്റ്റ് പാർട്ടിയും എതിരാണ്. എന്നാൽ കേരളാ പോലീസ് അന്വേഷിച്ച് റഫർ ചെയ്ത ഉമ്മൻ ചാണ്ടിക്കെതിരെയുള്ള കേസ് സി.ബി.ഐ. തന്നെ

അന്വേഷിക്കണം എന്നത് അവരുടെ നിർബന്ധബുദ്ധിയായിരുന്നു. അത് സി.ബി.ഐ. അന്വേഷിച്ചു. സി.ബി.ഐ അന്വേഷണത്തിന് ഹാജരാക്കിയ തെളിവുകളെന്താണ്; ആ തെളിവുകളെക്കുറിച്ചാണ് ശ്രീ. ഷാഫി പറമ്പിൽ വിസ്തരിച്ച് സംസാരിച്ചത്. ശ്രീ. ഷാഫി പറമ്പിൽ പ്രസംഗിച്ചുകഴിഞ്ഞ് എന്റെ പ്രസംഗം ആവശ്യമില്ലെന്ന് ഞാൻ അദ്ദേഹത്തോട് പറയുകയായിരുന്നു. എന്റെ സമയംകൂടി ശ്രീ. ഷാഫി പറമ്പിലിന് കൊടുത്താൽ മതിയായിരുന്നുവെന്ന് ഞാനും ശ്രീ. പി. സി. വിഷ്ണുനാഥുംകൂടി പറയുകയായിരുന്നു. That much beautifully has explained things. അത്രയേറെ സുന്ദരമായി, വിശദമായി കാര്യങ്ങൾ സംസാരിച്ചിട്ടുണ്ട്. അതിന്റെ മറുപടി എന്താണ്; സത്യത്തിൽ ഒരു കുറ്റസമ്മതമാണ് മറുപടിയിൽ കാണേണ്ടത്. യശ്ശശരീരനായ ഉമ്മൻ ചാണ്ടിക്കെതിരെ ഞങ്ങൾ വ്യാജ പരാതികളും തെളിവുകളും നൽകി സി.ബി.ഐ.-യെക്കൊണ്ട് കേസ് എടുപ്പിച്ചത് തെറ്റായിരുന്നുവെന്ന് പറയണം. ഉമ്മൻ ചാണ്ടി ജീവിച്ചിരിക്കുമ്പോൾ അന്വേഷണ റിപ്പോർട്ട് വന്നിട്ടുണ്ട്. ആ അന്വേഷണ റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങളിൽ ചില ഭാഗങ്ങൾ മാത്രമാണ് ശ്രീ. ഷാഫി പറമ്പിൽ ഇവിടെ വായിച്ചത്. ആ അന്വേഷണ റിപ്പോർട്ടിനെതിരെ

പരാതിക്കാരി കൊടുത്ത റിവ്യൂ ഹർജിയും പ്രൊട്ടസ്റ്റ് ഹർജിയും കോടതി ഇപ്പോൾ തള്ളിയിരിക്കുന്നു. ഇതിനെയൊന്നും ന്യായീകരിക്കാനും കുറ്റസമ്മതം അംഗീകരിക്കാനും കഴിയാതെ ഡോ. കെ. ടി. ജലീൽ പറഞ്ഞതെന്താണ്; ശ്രീധരൻ നായരാണ് സോളാർ കേസ്സിന്റെ തുടക്കക്കാരനെന്നാണ്. ശ്രീധരൻ നായർ കൊടുത്ത കേസ് എന്തായിരുന്നു; പത്തനംതിട്ട കോടതിയിൽ ശ്രീധരൻ നായർ കൊടുത്ത കേസ് ഒരു പ്രൈവറ്റ് കംപ്ലെയ്ന്റാണ്. സരിതയ്ക്കും മറ്റൊരാൾക്കുമെതിരെ കൊടുത്ത ഒരു പ്രൈവറ്റ് കംപ്ലെയ്ന്റാണത്. ആ പ്രൈവറ്റ് കംപ്ലെയ്ന്റിൽ ഉമ്മൻ ചാണ്ടി ഒരു സാക്ഷി പോലുമായിരുന്നില്ല. ഈ സോളാർ തട്ടിപ്പ് കേസ്.... ഇതിനുമുമ്പ് മുൻ വി. എസ്. സർക്കാരിന്റെ കാലത്തും പോലീസിൽ പരാതി വന്നു. ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോഴും പരാതി വന്നു. അന്ന് അന്വേഷിച്ചിട്ട് ഈ കേസ് സിവിൽ നേച്ചറാണ് എന്നാണ് പറഞ്ഞത്. ക്രിമിനൽ കേസ്സല്ല എന്നുപറഞ്ഞ് തള്ളിയ കേസ്സുകൾ ഉമ്മൻ ചാണ്ടിയുടെ പോലീസ് വന്ന് 10-30 കേസ്സുകൾ രജിസ്റ്റർ ചെയ്തു. ഐ.പി.സി. 420 ചീറ്റിംഗ് ഉൾപ്പെടെയുള്ള കേസ്സുകൾ അന്വേഷിച്ച് ചാർജ് ഷീറ്റ് ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത്

അവർക്ക് ശിക്ഷ വാങ്ങിക്കൊടുത്ത ഗവൺമെന്റാണ്. ഇൻക്ലൂഡിംഗ് മർഡർ കേസ്. ബിജു രാധാകൃഷ്ണന്റെ ഭാര്യ കൊല ചെയ്യപ്പെട്ടല്ലോ; അതിൽ എന്തായിരുന്നു വി.എസ്. കാലത്തെ അന്വേഷണം. അന്ന് അന്വേഷിച്ച് അത് ആത്മഹത്യയാണെന്ന് എഴുതിത്തള്ളി. ആ കേസ്സും ഉമ്മൻ ചാണ്ടി സർക്കാർ വന്നപ്പോൾ പരാതി കിട്ടി പുനരന്വേഷണത്തിന് ഉത്തരവിട്ടു. പുനരന്വേഷണത്തിൽ ബിജു രാധാകൃഷ്ണൻ ഭാര്യയെ കൊലപ്പെടുത്തിയതാണെന്ന് തെളിഞ്ഞ് അദ്ദേഹത്തിന് ജയിൽ ശിക്ഷ വാങ്ങിക്കൊടുത്തു. ഇതൊക്കെയാകാം വിരോധം. അതുകൊണ്ട് രാഷ്ട്രീയ നേതൃത്വത്തിനെതിരെ പരാതി പറഞ്ഞാൽ ആ പരാതിയിൽ കഴമ്പില്ല എന്ന് കണ്ടുകൊണ്ടുതന്നെ ചില നേതാക്കന്മാരെ അവർ കുട്ടുന്നുവെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. വ്യക്തികളുടെ പേര് പറയുന്നില്ല. ഈ റിപ്പോർട്ടിന്റെ 48-ാമത്തെ പാരാഗ്രാഫിൽ പറയുന്ന, Statement of Sri. Manoj Kumar reveal that after the arrest of the complainant Sri. K. B. Ganeshkumar told him that he had relation with the complainant and she may tell his name and asked to prevent this at any cost. പരാതിക്കാരിയെ അറസ്റ്റ് ചെയ്തതിനുശേഷം ശ്രീ. കെ. ബി.

ഗണേഷ് കുമാർ പറയുന്നു, എനിക്ക് പരാതിക്കാരിയുമായി ബന്ധമുണ്ടായിരുന്നു, അവൾ എന്റെ പേര് ചിലപ്പോൾ പറഞ്ഞേക്കും, അതുകൊണ്ട് അത് എങ്ങനെയും തടയണം. അതല്ലേ യാഥാർത്ഥ്യം? അതുകൊണ്ട് വാദിയെ പ്രതിയാക്കി, നിരപരാധിയായ ഉമ്മൻചാണ്ടിയെ ക്രൂശിച്ചതിന് മാപ്പ് പറയാനുള്ള ഒരു സാമാന്യ മര്യാദ ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇത്തരത്തിലുള്ള ഗൂഢാലോചന, കള്ളത്തരങ്ങൾ അതിന് കൂട്ടുനിന്നയാളുകളെ നിയമത്തിനുമുന്നിൽ കൊണ്ടുവരണമെന്ന് ഞങ്ങൾ സർക്കാരിനോട് ആവശ്യപ്പെടുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഇന്ന് ശ്രീ. ചാണ്ടി ഉമ്മൻ പുതുപ്പള്ളിയുടെ അനുഗ്രഹം വാങ്ങി കേരള നിയമസഭയിലേക്ക് വലതുകാൽ വച്ച് വന്ന ദിവസമാണ്. ആ ദിവസം തന്നെ ശ്രീ. ഷാഫി പറമ്പിൽ അദ്ദേഹത്തിന്റെ പിതാവിനെക്കുറിച്ച് കേരളത്തിലെ വാർത്താമാധ്യമങ്ങളും 'അമ്പ് കൊള്ളാത്തവരില്ല കുരുക്കളിൽ' എന്നുപറയാവുന്ന വിധത്തിൽ അദ്ദേഹത്തെ വേറിട്ട് വേറിട്ട് പടലപിണക്കങ്ങളുടെ പേരിൽ ആക്രമിച്ചവരും ഇരിക്കുന്ന ഈ നിയമസഭയ്ക്കകത്ത് ഈ ദിവസം വേണമായിരുന്നോ ഈ നാടകം. അത്യന്തം മോശമായിപ്പോയി. നാലുദിവസം സഭയുണ്ടല്ലോ; അല്ലെങ്കിൽ

ഇതിനുമുമ്പ് എത്ര ദിവസം സഭയുണ്ടായിരുന്നു; ആ ദിവസങ്ങൾ തെരഞ്ഞെടുക്കാമായിരുന്നില്ലേ; അദ്ദേഹത്തിന്റെ മകൾ മറിയ ഉമ്മൻ ഈ ഗ്യാലറിയിൽ ഇരിക്കുമ്പോൾ, മകൻ ഇരിക്കുമ്പോൾ ഇക്കാര്യം ചർച്ച ചെയ്യണമെന്ന് തീരുമാനിക്കാൻ തന്നെ ഒരു പ്രത്യേക അജണ്ടയുണ്ട് എന്ന് വിചാരിക്കുകയാണ്. സംശുദ്ധമാണ് എന്നൊക്കെ പറഞ്ഞാലും ശ്രീ. ഷാഫി പറമ്പിൽ, എത്ര തേങ്ങ അരച്ചാലും കൂട്ടാൻ താളല്ലേ; ശ്രീ. സണ്ണി ജോസഫിന് അവതരണത്തിൽ തന്നെ പാളി. ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീൽ പ്രതിപക്ഷത്തിരുന്ന് ഉമ്മൻ ചാണ്ടിയെ ആക്രമിച്ചതിനെക്കുറിച്ചാണ് പറഞ്ഞത്. ഡോ. കെ. ടി. ജലീൽ ഇവിടെ പ്രസംഗിച്ചത് എന്താണ്; അദ്ദേഹം അക്കമിട്ട് നിരത്തിയ കാര്യങ്ങൾക്ക് മറുപടി പറയാൻ നിങ്ങൾക്ക് കഴിയുമോ; ഈ പ്രതിപക്ഷത്തിരിക്കുന്ന ചെറുപ്പക്കാരും മധ്യവയസ്കരുമായിട്ടുള്ളവർ ഒരു വിഷകന്യക എന്ന് വിശേഷിപ്പിക്കാവുന്ന, കേരള ചരിത്രത്തിലെ രാഷ്ട്രീയ അന്തർ നാടകങ്ങളുടെ ഏതോ തലങ്ങളിൽ പൊന്തി വരികയും കേരള രാഷ്ട്രീയത്തെയാകെ അമ്മാനമാട്ടുകയും ചെയ്ത ആ സ്ത്രീയുടെ ഫോണിലേക്ക് വിളിച്ചതിന്റെ ഫോൺ കോൾ ലിസ്റ്റ് ആരുടെ കയ്യിലാണ് ഇല്ലാത്തത്; ഏത് പത്രമാധ്യമങ്ങളുടെ കയ്യിലാണ് ഇല്ലാത്തത്;

എന്തിനുവിളിച്ചു; എങ്ങനെ വിളിച്ചു; എങ്ങനെ അവർ നിങ്ങളുടെ ഇടയിലേക്ക് വന്നു; ടീം സോളാർ, പുതിയ എനർജി, പുതിയ എനർജി സംവിധാനം. ആ പുതിയ എനർജി സംവിധാനം കേരളത്തിലേക്ക് കൊണ്ടുവരാൻ മല്ലേലിൽ ശ്രീധരൻ നായർ, നിങ്ങളുടെ കെ.പി.സി.സി. മെമ്പർ 50 ലക്ഷം രൂപ സരിതയ്ക്ക് കൊടുത്തു. അതുമായി ബന്ധപ്പെട്ട് അഴിമതി കേരളാ പോലീസിൽ വരുന്നു. കേരളാ പോലീസ് അതിനെക്കുറിച്ച് അന്വേഷിക്കുന്നു. കേരളാ പോലീസ് എന്നുപറയുന്നത് അന്ന് ഇടതുപക്ഷത്തിന്റെ കൈകളിലായിരുന്നോ; കരിക്കോ ഇളനീരോ മറ്റോ കുടിച്ച തിരുവഞ്ചൂരിന്റെ കയ്യിലായിരുന്നില്ലേ? തിരുവഞ്ചൂരിനെപ്പോലുള്ള പരിണതപ്രജ്ഞരായ നിയമസഭാ സാമാജികരും, ഈ കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയുമായിരുന്ന അദ്ദേഹമല്ലേ ഈ കേസ്സിന്റെ നാൾവഴി ഈ നിയമസഭയിൽ അവതരിപ്പിക്കാൻ ഏറ്റവും അർഹനായിട്ടുള്ളയാൾ. ഞങ്ങളാണോ; ഞങ്ങളിൽ ആരെങ്കിലുമാണോ; ഐ.എസ്.ആർ.ഒ. കേസ് വന്നപ്പോൾ തൃശ്ശൂരിലാണ് നിങ്ങളുടെ പാർട്ടി രണ്ടായത്. അന്ന് ഇന്നത്തെ വടകര എം.പി. ശ്രീ. കെ. മുരളീധരനെ ഞങ്ങൾ തൃശ്ശൂരിൽ വളഞ്ഞിട്ട് അച്ഛനെയും മകനെയും തോൽപ്പിച്ച പാരമ്പര്യം തൃശ്ശൂരിനുണ്ട്. ശ്രീ. കെ.

മുരളീധരൻ എന്താണ് ഉമ്മൻ ചാണ്ടിയെക്കുറിച്ച് പറഞ്ഞത്. അതിനെക്കുറിച്ച് ഒരു വാക്കുപറയാൻ നിങ്ങൾക്ക് ഇന്ന് കഴിയുമോ; ഇന്ന് സൈബർ സ്പെയ്സിന്റെ ലോഞ്ചിംഗിനെക്കുറിച്ച് ശ്രീ. ഷാഫി പറമ്പിൽ പറയുന്നു. സൈബർ സ്പെയ്സിൽ ഇന്ന് ശ്രീ. കെ. മുരളീധരന്റെ പ്രസംഗങ്ങളല്ലേ വൈറലായിക്കൊണ്ടിരിക്കുന്നത്; മോതിരവിരൽ ചൂണ്ടി ഉമ്മൻ ചാണ്ടി നിങ്ങൾ ഈ കേരളത്തെ ഏറ്റവും കൂടുതൽ നശിപ്പിച്ചയാളാണ് എന്നുവരെ പറഞ്ഞ് അദ്ദേഹത്തെ അപമാനിച്ചില്ലേ; കോൺഗ്രസ്സിനെ രണ്ടാക്കിയത് എന്തിനാണ്; ഐ.എസ്.ആർ.ഒ. ചാരക്കേസ് ഉണ്ടാക്കിയതാരാണ്; കേരളത്തിലെ രാഷ്ട്രീയ നേതാക്കന്മാരേ, നിങ്ങളുടെ പഞ്ചനക്ഷത്ര ഹോട്ടലുകളുടെ അന്തഃപുരങ്ങളിൽ ഒറ്റിക്കൊടുക്കുന്ന കഥകൾ സൃഷ്ടിച്ചുകൊണ്ട് പത്രമാധ്യമങ്ങളെ വിലയ്ക്കെടുത്തുകൊണ്ട് നിങ്ങൾ നടത്തിയ നാടകങ്ങളുടെ ഇരയായി മാറുകയായിരുന്നു ഉമ്മൻ ചാണ്ടി എന്നുള്ളതല്ലേ സത്യം. നസ്രേത്തിലെ മരപ്പണിക്കാരനായ ജോസഫിന്റെ പുത്രനായ യേശു ക്രിസ്തുവിന്റെ വഴി രാഷ്ട്രീയത്തിൽ തെരഞ്ഞെടുത്തു. അതുകൊണ്ട് പുതുപ്പള്ളി 53 വർഷങ്ങളായി അദ്ദേഹത്തെ പിന്തുണച്ചു. സത്യസന്ധനാണ്, സനാതന ധർമ്മങ്ങളുടെ വക്താവാണ്, സത്യവിശ്വാസിയാണ്. കല്ലറയിൽ ഇപ്പോഴും

ആളുകൾ പൂക്കൾ വച്ചുപോകുന്നു. എല്ലാം നല്ല കാര്യമാണ്. പക്ഷെ, നിങ്ങൾ അതൊന്ന് വിലയിരുത്തി ഈ തെരഞ്ഞെടുപ്പിനുമുമ്പ് ഇത്രയും നാൾ ഈ നിയമസഭ ഉണ്ടായിരുന്നില്ലേ; 70 വയസ്സുള്ള ഉമ്മൻ ചാണ്ടിക്കെതിരെ ഞങ്ങളാണോ ലൈംഗിക ആരോപണ കുറ്റം ഉന്നയിച്ചത്; 25 വയസ്സുള്ള യുവാവാണോ ഇവിടെയിരിക്കുന്ന ശ്രീ. പിണറായി വിജയൻ; അദ്ദേഹത്തിന് 25 വയസ്സാണോ; നിറയൗവ്വനമാണോ; ഇവിടെ നിങ്ങളുടെ പടലപിണക്കങ്ങളുടെ ഇരയായി കേരള രാഷ്ട്രീയത്തിന്റെ എല്ലാ മുഖങ്ങളിലും നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടിയുള്ള ഗ്രൂപ്പ് പോരാട്ടങ്ങളുടെ ഇരയാക്കി അദ്ദേഹത്തെ മാറ്റുകയല്ലേ ചെയ്തത്; അതിന്റെ ഭഗമല്ലേ ഇന്നുതന്നെ തെരഞ്ഞെടുത്തത്; ശ്രീ. ഷാഫി പറമ്പിലും ശ്രീ. സണ്ണി ജോസഫും ഇവിടെ ഉണ്ടായിരുന്നില്ലേ; നിങ്ങൾക്ക് ഈ പ്രമേയം നാളെ കൊണ്ടുവന്നാൽ എന്താണ്; എന്തെങ്കിലും കുഴപ്പമുണ്ടാകുമോ; ഇന്നുതന്നെ കൊണ്ടുവരണം, ഇന്നുതന്നെ ഇത് ചർച്ച ചെയ്യണം. പ്രതിപക്ഷമാണ് പ്രതികളെന്ന് വരുത്തണം. ഞങ്ങളല്ല പ്രതികൾ. കേരളത്തിലെ മഞ്ഞപത്രങ്ങൾ മനോരാജ്യം കഥകളെഴുതി ഈ നാടുനീളെ പ്രചരിപ്പിക്കാനുള്ള രാഷ്ട്രീയ അവസ്ഥയുണ്ടാക്കിയതിന്റെ പ്രതികൾ നിങ്ങളാണ്.

നിങ്ങൾക്കകത്തുനിന്നാണ് അത് വന്നത്. നിങ്ങളാണ് പോലീസ് അന്വേഷണത്തിന്, ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവിട്ടത്. നിങ്ങളാണ് പ്രാഥമിക അറസ്റ്റുകൾ രേഖപ്പെടുത്തിയത്. അല്ലേ; അറസ്റ്റുകൾ രേഖപ്പെടുത്തിയവരൊക്കെ എവിടെ പോയി; അവരൊക്കെ ഇപ്പോഴില്ലേ; ശ്രീ. സണ്ണി ജോസഫും ശ്രീ. ഷാഫി പറമ്പിലും പ്രസംഗിക്കുന്നതുകേട്ടാൽ ഞങ്ങളൊക്കെ പ്രത്യേക രീതിയിൽ അവതരിച്ച് രാഷ്ട്രീയത്തിൽ വന്നവരാണെന്ന് തോന്നും. ഇത്ര വർഷത്തെ രാഷ്ട്രീയ പാരമ്പര്യമുള്ള അദ്ദേഹത്തിന്റെ മുഖത്തുനോക്കി അദ്ദേഹത്തിന്റെ സമപ്രായക്കാരനായ ഒരാളെ ചതിക്കാൻ കൂട്ടുനിന്നുവെന്ന് പറയാനുള്ള എന്ത് തെളിവുകളാണ് നിങ്ങളുടെ കൈകളിലുള്ളത്; സംസാരിക്കുന്ന, കോൺക്രീറ്റ് എവിഡൻസ് നിങ്ങളുടെ കൈകളിലുണ്ടോ; അങ്ങനെയില്ലാതെ നിങ്ങൾ ഒരാളെ പഴി ചാരാൻ ശ്രമിക്കുന്നത് രാഷ്ട്രീയ ധാർമ്മികതയ്ക്ക് ചേരുന്ന കാര്യമാണോ; അങ്ങനെ രാഷ്ട്രീയ ധാർമ്മികതയ്ക്ക് ചേരാത്ത കാര്യങ്ങളുമായി നിങ്ങൾ മുന്നോട്ടുപോകുമ്പോൾ ഞങ്ങൾ ഒന്നേ പറയാനുള്ളൂ, മലർന്നുകിടന്ന് തുപ്പരുത്. പ്രതിപക്ഷം മലർന്നുകിടന്ന് തുപ്പരുത്. പഠിക്കണം. കേസുകളൊക്കെ ഞങ്ങളും കുറെ കണ്ടിട്ടുണ്ട്. ആരോപണങ്ങളും കേട്ടിട്ടുണ്ട്. പക്ഷെ,

അതൊക്കെ മാന്യമായ രീതിയിലായിരിക്കണമെന്നുമാത്രം. ഉമ്മൻ ചാണ്ടിക്കെതിരായി നിങ്ങൾ നടത്തിയിട്ടുള്ള എല്ലാ പ്രവർത്തനങ്ങളുടെയും ആഭ്യന്തരമായ രഹസ്യങ്ങൾ കേരളത്തിലെ പത്രമാധ്യമങ്ങൾക്കും ദൃശ്യ മാധ്യമങ്ങൾക്കും കിട്ടിയിട്ടുള്ളതാണ്. കാലാകാലങ്ങളിൽ അവർ അത് പറഞ്ഞിട്ടുള്ളതാണ്. ഞങ്ങൾ ഭരണപക്ഷത്തും നിങ്ങൾ പ്രതിപക്ഷത്തുമായിരിക്കുമ്പോൾ പ്രതിപക്ഷത്തുണ്ടാകുന്ന കുറവുകളെ സ്വാഭാവികമായും ഭരണപക്ഷം എതിർക്കും. അത് ഞങ്ങളുടെ ബാധ്യതയാണ്. അങ്ങനെ ഞങ്ങൾ എതിർത്തിട്ടുണ്ട്. അല്ലാതെ ഒപ്പമിരുത്തി ഉച്ചിയിൽ വച്ച കൈകൊണ്ടുതന്നെ ഉദകക്രിയ ചെയ്യുന്ന ഒരു പരിപാടിയുണ്ടല്ലോ; അനുഗ്രഹിച്ച കൈകൊണ്ടുതന്നെ നിഗ്രഹിക്കുന്ന പരിപാടി. അതാണ് നിങ്ങൾക്കുള്ളത്. അതാണ് ഈ പ്രതിപക്ഷത്തിനുള്ളത്. അതുകൊണ്ട് നിങ്ങൾ മനസ്സിലാക്കേണ്ടത്, കേരളത്തിലെ സാമാന്യജനതയ്ക്ക്, കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനതയ്ക്ക് ഈ കാര്യങ്ങളെക്കുറിച്ച് നല്ലപോലെ അറിയാം. ഈ കേരളത്തിൽ ഞങ്ങൾ ജനവിധിയെ മാനിക്കുന്നവരാണ്. ജനവിധിയെ മാനിക്കുന്നുവെന്ന് വച്ചാൽ പുതുപ്പള്ളിയിൽ അത്ഭുതങ്ങൾ സംഭവിച്ചുവെന്നൊന്നും ഞങ്ങൾ വിശ്വസിക്കുന്നില്ല.

തെരഞ്ഞെടുപ്പുകളിൽ അനുകൂലമായ സാഹചര്യങ്ങൾ സംഭവിക്കുക ഏത് ഘടകങ്ങൾകൊണ്ടാണോയെന്ന് അറിയാത്തവരാണോ നിങ്ങൾ; പുതുപ്പള്ളിയിലുണ്ടായ കാര്യം നിങ്ങൾക്കറിയാം. കേരളത്തിൽ മൊത്തം അങ്ങനെയാണോ; കണ്ണടച്ച് ഇരുട്ടാക്കരുതെന്ന് മാത്രമേ എനിക്ക് പ്രതിപക്ഷാംഗങ്ങളോട് പറയാനുള്ളൂ. പ്രത്യേകിച്ച് ശ്രീ. ഷാഫി പറമ്പിലിനെപ്പോലെ യുവജന നേതാവായിട്ടുള്ള, കേരളത്തിൽ ഇനിയും ഭാവിയുള്ള ഒരാൾ ഇത്തരത്തിലുള്ള പ്രമേയങ്ങൾ അവതരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതാണെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച അടിയന്തരപ്രമേയത്തെ പിന്തുണയ്ക്കുന്നു. ഇവിടെ ഭരണപക്ഷത്തുനിന്നും ചില സ്നേഹിതന്മാരുടെ സംസാരം കേട്ടാൽ, പ്രത്യേകിച്ച് ഡോ. കെ. ടി. ജലീലിന്റെയും ഇപ്പോൾ അവസാനിപ്പിച്ച ശ്രീ. പി. ബാലചന്ദ്രനുമൊക്കെ ഉമ്മൻ ചാണ്ടിയോട് ചെയ്ത കൊടിയ അപരാധത്തിന് അവർക്ക് വലിയ കുറ്റബോധമുണ്ടെന്ന് പ്രകടമാകുന്ന സംസാരങ്ങളാണ്. ഇങ്ങനെ ആയിരുന്നില്ലല്ലോ; ഈ സോളാർ വിഷയം വരുന്ന കാലം മുതൽ ഈ നിയമസഭ കണ്ടവരാണ് ഞങ്ങളൊക്കെ. അന്ന് ഡോ. കെ. ടി. ജലീൽ

ഉൾപ്പെടെയുള്ളവർ 16 അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ അവിടെ ഇരിക്കുന്ന ഉമ്മൻ ചാണ്ടിയെ നിങ്ങൾ അന്ന് വളരെ ക്രൂരമായ പ്രയോഗം നടത്തി സംസാരിച്ചവരാണ്. ഇപ്പോൾ അന്ന് ചെയ്ത സമസ്താപരാധങ്ങൾക്കും നിങ്ങൾ ഇവിടെ മാപ്പ് പറഞ്ഞതിന് തുല്യമാണ്. ആരാണ് ഉമ്മൻ ചാണ്ടിയെ അപമാനിച്ചതെന്ന് ഡോ. കെ. ടി. ജലീൽ ചോദിക്കുകയാണ്. അത് കേൾക്കുമ്പോൾ വല്ലാത്തൊരു തമാശയാണ് തോന്നുന്നത്. ഇങ്ങനെ ഒരു മനുഷ്യനെ അപമാനിക്കാനുണ്ടോ; എന്തെല്ലാം വിധത്തിൽ അപമാനിച്ചു; അന്ന് പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പ്രസംഗവും അതുപോലെ പലരുടെയും പ്രസംഗം ഇന്ന് വെബ്സൈറ്റിലുള്ള കാലമാണ്. മുമ്പാണെങ്കിൽ പ്രസംഗം നോക്കി വായിക്കണം. അത് റിക്കാർഡിൽ കിട്ടും. അന്ന് അദ്ദേഹം നീട്ടിക്കുറുക്കി അവിടെയിരുന്ന മുഖ്യമന്ത്രിയെ അവഹേളിച്ചുകൊണ്ട് അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പ്രസംഗങ്ങളുണ്ട്. അതൊന്ന് എടുത്ത് വായിക്കണം. ഇങ്ങനെ ഒരു മനുഷ്യനെ അപമാനിക്കാനുണ്ടോ; എന്നിട്ട് ഇപ്പോൾ ചോദിക്കുന്നത്, ആരാണ് ഇതൊക്കെ ചെയ്തതെന്ന്; നിങ്ങളല്ലേയെന്ന്; വാദി പ്രതിയാകുകയാണ്. ശ്രീ. ഷാഫി പറമ്പിൽ

അവരോട് മാപ്പ് പറയേണ്ട കോലത്തിലേയ്ക്കാണ് അവരുടെ പ്രസംഗങ്ങൾ പോകുന്നത്. ഞാൻ ചെയ്തത് വലിയ തെറ്റായിപ്പോയെന്ന് ശ്രീ. ഷാഫി പറമ്പിൽ പറയേണ്ട അവസ്ഥയിലാണ് നിങ്ങൾ പറയുന്നത്. ഞാൻ ചോദിക്കട്ടെ, എന്താണ് ചർച്ച; സോളാർ മൊത്തമാണോ; ഇവിടെ അടിയന്തര പ്രമേയത്തിനുള്ള നോട്ടീസ് എന്താണ്; സി.ബി.ഐ. കോടതിയിൽ ഒരു റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. ആ റിപ്പോർട്ടിൽ വളരെ വ്യക്തമായി, കൃത്യമായി പറയുന്നു, ഉമ്മൻ ചാണ്ടിക്കെതിരായ ആരോപണങ്ങൾ പച്ചക്കള്ളമാണ്, അത് വ്യാജ നിർമ്മിതിയാണെന്ന്. അത് നിർമ്മിച്ചയാളുകൾ ഈ സഭയിൽതന്നെയുണ്ട്. ഇതാണ് കോടതിയുടെ മുമ്പിലുള്ള റിപ്പോർട്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് പറഞ്ഞത്; ഈ റിപ്പോർട്ട് കേട്ടുകേൾവിയാണ്, ഞങ്ങൾ അറിഞ്ഞില്ലെന്ന്. അത് വല്ലാത്തൊരു കഷ്ടമായിപ്പോയി. ഇന്ത്യയിലെ ഒരു പ്രബല ഏജൻസിയുടെ റിപ്പോർട്ട് ഞങ്ങളുടെയൊക്കെ കയ്യിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിലില്ലെങ്കിൽ, ഭരണകൂടത്തിന്റെ അറിവിലില്ലെങ്കിൽ അത് നിങ്ങളുടെ പോരായ്മ, നിങ്ങളുടെ ദൗർബല്യമെന്നല്ലാതെ മറ്റെന്താണ് വിളിക്കാൻ സാധിക്കുക. അങ്ങനെ പറയാൻ പറ്റുമോ; ഇവിടെ ഡോ. കെ. ടി. ജലീലിന്റെ

വർത്തമാനം കേട്ടാൽ തോന്നും അദ്ദേഹം കുറച്ചുകാലം ഈ നാട്ടിൽ ഉണ്ടായിരുന്നില്ലെന്ന്. വേറെ എവിടെയോ പോയിവന്ന രീതിയിലാണ് പറയുന്നത്. ഒരു കാര്യം ഞങ്ങൾ ഇവിടെ പറയാം. ഇവിടെ ഇപ്പോൾ വെളിപ്പെട്ടിട്ടുള്ള സംഗതി എന്താണ്; സി.ബി.ഐ. റിപ്പോർട്ടിൽ എന്താണ് പറയുന്നത്; ഉമ്മൻ ചാണ്ടിക്കെതിരായ ആരോപണങ്ങൾ മുഴുവനും വ്യാജമാണ്. അതിനടിസ്ഥാനമായി വന്നതെന്താണ്; പത്തനംതിട്ട കോടതിയിൽനിന്നും ഈ പരാതിക്കാരിയുടെ ഒരു കത്ത് സംഘടിപ്പിക്കുകയാണ്. നിങ്ങൾക്ക് ഇതിനോടൊക്കെ എന്തെങ്കിലും വിയോജിപ്പുണ്ടെങ്കിൽ അതിൽ നടപടി സ്വീകരിക്കണം. അങ്ങനെയുള്ള ആളുകളെ കൂടെ കൊണ്ടുനടന്ന് ഞങ്ങൾ വിയോജിക്കുകയാണെന്ന് പറഞ്ഞാൽ ആരാണ് നിങ്ങളുടെ വിയോജനക്കുറിപ്പ് വിശ്വസിക്കുന്നത്; അവിടെനിന്നും സംഘടിപ്പിച്ച കത്താണ് അടിസ്ഥാനം. ആ കത്തിനെക്കുറിച്ച് 21 പേജാണ്, 25 പേജാണ്, 30 പേജാണ് എന്ന് പല അഭിപ്രായങ്ങളുണ്ട്. അത് ആരെഴുതിയ കത്താണ്; ആ വാറോലയ്ക്ക് എന്ത് വിലയാണുള്ളത്; എത്ര പേജുമാകട്ടെ, എന്നാൽപ്പോലും ഇവിടെയൊരു എവിഡെൻസെന്ന നിലയ്ക്ക് പറയട്ടെ, 21 പേജുള്ള കത്ത് നിങ്ങൾ

പറയുന്നതുപോലെ 50 ലക്ഷം രൂപ കൊടുത്ത് വാങ്ങിയതാണ്. 50 ലക്ഷം രൂപ കൊടുത്ത് വാങ്ങിയ കത്തിൽ നാല് പേജ് കൂട്ടുകയാണ്. ആ നാല് പേജ് കൂട്ടിയത് ഇപ്പോൾ നിങ്ങളുടെ കൂടെയുള്ള, വളരെ കൃത്യമായി ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ പേര് സി.ബി.ഐ.-യുടെ റിപ്പോർട്ടിൽ പറയുന്നുണ്ട്. അദ്ദേഹം ഉൾപ്പെടെയുള്ളവർ കൂട്ടിച്ചേർക്കുകയാണ്. അതിലാണ് ഏറ്റവും ക്രൂരമായ ഈ പ്രയോഗങ്ങൾ. ഉമ്മൻ ചാണ്ടി ആരാണെന്നാണ് നിങ്ങൾ മനസ്സിലാക്കിയത്? ഈ കേരളം അദ്ദേഹത്തിന് നൽകിയ അന്തിമോപചാരം കണ്ടിട്ടും അദ്ദേഹത്തിനെ നിങ്ങൾക്ക് മനസ്സിലായില്ലേ? അതിനെപ്പറ്റി ശ്രീ. പി. ബാലചന്ദ്രൻ പറഞ്ഞ കാര്യങ്ങൾ അത്ര ശരിയായില്ല. അതൊന്നും അങ്ങനെ വെറുതെയുണ്ടാകുന്നതല്ല. ഇന്നും അദ്ദേഹത്തിന്റെ കബറിടത്തിൽ ഗൾഫിൽനിന്നും വരുന്നവർ പോലും അവരുടെ വീടുകളിൽ പോകാതെ, അദ്ദേഹത്തിന്റെ ഇടപെടലുകളിലൂടെ ലഭിച്ച നന്മയുടെ ഭാഗമായി ആദ്യം ഉമ്മൻ ചാണ്ടിയുടെ കബറിടത്തിൽ പോയി സ്മരണാഞ്ജലികൾ അർപ്പിച്ചതിനുശേഷം സ്വന്തം വീടുകളിൽ പോയാൽ മതിയെന്ന് ചിന്തിക്കുന്ന ഒരു ജനതയാണ് ഇന്ന് കേരളത്തിലുള്ളത്. അങ്ങനെയുള്ള ഒരു മനുഷ്യന് ഇത്രയേറെ

ജനകീയനാകാൻ കഴിഞ്ഞതുപോലെ നിങ്ങൾക്കോ എനിക്കോ കഴിയുമോ? കഴിയില്ലെന്നുള്ളതാണ് വാസ്തവം. രാവിലെ എട്ടുമണിക്ക് ഒരു ഗ്ലാസ് വെള്ളം കുടിച്ചതിനുശേഷം ജനങ്ങളുടെ പരാതികൾ കേൾക്കുകയും അത് പുലർച്ചെ മൂന്നുമണിമുതൽ നാലുമണിവരെ നീളുകയുമാണ്. എന്നിട്ട് ആ പരാതികൾക്കെല്ലാം അദ്ദേഹം പരിഹാരം നിർദ്ദേശിക്കുകയാണ്. ഞാൻ അതിനെല്ലാം അനുഭവസ്ഥനാണ്. എത്രയോ സന്ദർഭങ്ങളിൽ, പാലക്കാട്ടെ ജനസമ്പർക്ക പരിപാടികളിൽ, എന്തിന് അട്ടപ്പാടിയിലെ പാവപ്പെട്ട ജനത, ആദിവാസികൾ, അവർ അദ്ദേഹത്തിനോട് എന്ത് പറഞ്ഞാലും അദ്ദേഹത്തിന് വലിയ കാര്യമാണ്. അത് പരിഹരിച്ചുകൊടുക്കാൻ അദ്ദേഹം ശ്രമിക്കുമായിരുന്നു. അതിനെല്ലാം മറുപടികളയയ്ക്കുകയും വേണ്ട ഇടപെടലുകൾ നടത്തുകയും ചെയ്തിരുന്നു. യഥാർത്ഥ ഗാന്ധിയനായ അദ്ദേഹത്തിന് അങ്ങനെ കൃത്യമായ ചില ദർശനങ്ങളുണ്ടായിരുന്നു. അല്ലാതെ ഇങ്ങനെയൊന്നും ഒരു നേതാവിന് പ്രവർത്തിക്കാൻ സാധിക്കില്ല. അദ്ദേഹം മരണപ്പെട്ടപ്പോൾ അങ്ങനെയുള്ള ഒരുപാട് അനുഭവങ്ങൾ എന്റെ ഓർമ്മയിലേയ്ക്ക് ഓടിവന്നു. അതിൽ ഞാൻ ഇന്നും ഓർക്കുന്നത് 2011-ൽ അദ്ദേഹം കേരളത്തിന്റെ മുഖ്യമന്ത്രിയാകുന്ന സമയത്ത്, ഒരു പരിപാടിയുടെ

ഉദ്ഘാടനത്തിന് അദ്ദേഹം അവിടെ വന്നിരുന്നു. അവിടത്തെ ആളുകളുടെ ആവശ്യപ്രകാരം ഞങ്ങൾ അദ്ദേഹത്തിനോട് അവിടെ വച്ച് പറഞ്ഞു, അട്ടപ്പാടിയിൽ ഞങ്ങൾക്ക് ഒരു കോളേജില്ലാത്തതിനാൽ ഇവിടെയൊരു സർക്കാർ കോളേജ് അനുവദിക്കണമെന്ന്. ആ സമ്മേളനത്തിൽവച്ച് അദ്ധ്യക്ഷനായ എം.എൽ.എ. ആവശ്യപ്പെട്ട കാര്യം അവിടെവച്ച് ഉമ്മൻ ചാണ്ടി പ്രഖ്യാപിച്ചു, ഞാനിതാ അട്ടപ്പാടിയിലെ ആദിവാസികൾക്കായി 50 ശതമാനം സംവരണമുള്ള ഒരു കോളേജ് അനുവദിക്കുന്നുവെന്ന് പറഞ്ഞ വ്യക്തിത്വമാണ് ഉമ്മൻചാണ്ടി. അതുപോലെ ജനങ്ങളുടെ എത്രയോ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയ ആ ഉമ്മൻ ചാണ്ടിയെ അപമാനിക്കാനുള്ള ശ്രമം നടത്തിയ ആളുകളെ ഇനിയും നിങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ്. ഇവിടെ പറഞ്ഞുവല്ലോ, ക്രൈംബ്രാഞ്ച് തള്ളിയ കേസ്സിൽ 2016-ൽ ഇങ്ങനെയൊരു പരാതിയുമായി ഇത്തരത്തിൽ പശ്ചാത്തലമുള്ള ഒരു സ്ത്രീ സമീപിച്ചപ്പോൾ നിങ്ങളുടെ സർക്കാർ സി.ബി.ഐ.ക്ക് ആ കേസ്സ് വിടാൻ തീരുമാനിച്ചില്ലേ? നീതി പ്രതീക്ഷിച്ചാണോ ആ കേസ് നിങ്ങൾ സി.ബി.ഐ.-ക്ക് വിടാൻ തീരുമാനിച്ചത്? ഇനി അതാണ് ശരിയെങ്കിൽ, ഞാൻ ചോദിക്കട്ടെ, നിങ്ങൾ

സി.ബി.ഐ.ക്ക് വിട്ടത് ശരിയാണെന്ന് വിലയിരുത്തുകയാണെങ്കിൽ ആ സി.ബി.ഐ. പറയുന്നത് അനുസരിക്കാനുള്ള ഉത്തരവാദിത്വം നിങ്ങൾക്കില്ലേ? ആ കേസ്സിൽ സി.ബി.ഐ.യുടെ റിപ്പോർട്ടിൽ പറയുന്നത് ഈ മനുഷ്യൻ വിശുദ്ധനാണ്. ഈ നേതാവിന് അതിൽ ഒരു പങ്കുമില്ല, എങ്കിൽ ആ വേണ്ടാപ്രവൃത്തികൾ ചെയ്തവർ ഇപ്പോൾ നിങ്ങളുടെ കൂട്ടത്തിലുണ്ട്. അവർക്കെതിരെ നിലപാട് സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമോയെന്നാണ് ഈ ചർച്ചയുമായി ബന്ധപ്പെട്ട് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച പ്രമേയത്തെ പിന്തുണച്ചുകൊണ്ട്, അതിനനുസൃതമായ നിലപാടുകളുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഈ കേസ്സ് 2017 ഒക്ടോബർ മാസം 17-ാം തീയതി, ഇപ്പോഴത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അന്നത്തെ കെ.പി.സി.സി. വൈസ് പ്രസിഡന്റുമായ ശ്രീ. വി. ഡി. സതീശൻ, അദ്ദേഹം പത്ര സമ്മേളനം നടത്തിയ മനോരമയുടെ കോപ്പിയാണ് എന്റെ കൈവശമിരിക്കുന്നത്. ആ പത്ര സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞത് Solar report contains serious charges. ഇത് ഞങ്ങൾ

പറഞ്ഞതല്ല. എന്നുമാത്രമല്ല കേരളാ പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ വൈസ് പ്രസിഡന്റായിട്ടുള്ള Sri. V. D. Satheesan has said that the Solar Commission report contains serious allegations. ഞാൻ സഭയിൽ വേണമെങ്കിൽ ആ പ്രസ്താവനയുടെ പത്ര കോപ്പി മേശപ്പുറത്ത് വയ്ക്കാം. ഞാൻ ഇക്കാര്യം പറഞ്ഞത്, പരേതനായ ഉമ്മൻചാണ്ടി സാറിനോട് ഏറ്റവും വലിയ ക്രൂരത ചെയ്തത് ആരാണ്? നിങ്ങളാണോ ഞങ്ങളാണോ? അതിനെപ്പറ്റിയുള്ള ചർച്ചയാണ് ഇപ്പോഴിവിടെ നടക്കുന്നത്. എന്താണ് ഇന്നത്തെ നമ്മുടെ ചർച്ചാവിഷയം? ഈ കേസ്സിലെ ഭാരം എന്തിനാണ് ഞങ്ങളുടെ തലയിൽ ഇറക്കി വയ്ക്കുന്നത്? യഥാർത്ഥത്തിൽ ഈ സോളാർ കുഞ്ഞ് ആരുടേതാണ്; അതിന് ജന്മം നൽകിയത് ആരാണ്; അതിനെ വളർത്തിയത് ആരാണ്; അതിനെ പാലൂട്ടിയത് ആരാണ്? ഞങ്ങളാണോ? ഞങ്ങളല്ല. എന്റെ പ്രിയപ്പെട്ട എം. വിൻസെന്റേ.. ഞാൻ പിന്നേയും പിന്നെയും അതെല്ലാം വായിക്കേണ്ടതുണ്ടോ? ഡോ. കെ. ടി. ജലീൽ ഇവിടെ പറഞ്ഞ കാര്യങ്ങളെപ്പറ്റി നിങ്ങളാരും ഒന്നും പറഞ്ഞില്ലല്ലോ. അതുകൊണ്ട് ഈ ഇരുട്ടുകൊണ്ടുള്ള ഓട്ടയടയ്ക്കൽ അങ്ങ് അവസാനിപ്പിക്കുക. ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കാനുള്ള നിങ്ങളുടെ പരിശ്രമം ഈ കേരളത്തിന്റെ മണ്ണിൽ ചെലവാകാൻ

പോകുന്നില്ല. സത്യത്തിൽ നിങ്ങൾ എന്ത് ക്രൂരതയാണ് കാണിക്കുന്നത്. ഈ കേസ്സിൽ മാത്രമാണോ; ഇന്നത്തെ ദിവസംപോലും അതിനായി നിങ്ങൾ തെരഞ്ഞെടുത്തത്, ഇത്രയും വലിയ ക്രൂരത ഒരു കുടുംബത്തോട് കാണിക്കാനുണ്ടോ? അതുകൊണ്ട് ആരോടും ശത്രുക്കളോടുപോലും ഇങ്ങനെ ചെയ്യരുതെന്ന ഒരു അപേക്ഷയാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഞാൻ ഒരു കാര്യം നിങ്ങളോട് ചോദിക്കട്ടെ, സോളാർ കേസ്സുമായി ബന്ധപ്പെട്ട വിവാദത്തിന്റെ തുടക്കം ഒരു കത്താണ്. ആ കത്ത് ആദ്യമായി പുറത്തുവിട്ടത് ആരാണ്? നിങ്ങളൊന്ന് ആലോചിച്ചാൽ കൃത്യമായ മറുപടി കിട്ടും. അതിന്റെ കാരണം ഏത് ചാനലായിരുന്നു? 'കൈരളി' ചാനൽ അല്ലെന്ന് ഞങ്ങൾ പറയും. അതിനെപ്പറ്റി കോൺഗ്രസ്സുകാർ മറുപടി പറയണം. യു.ഡി.എഫ്.ന്റെ ബഹുമാനപ്പെട്ട അംഗങ്ങൾ ആ കത്ത് പുറത്തുവിട്ടത് ആരാണെന്നത് സംബന്ധിച്ച് മറുപടി പറയാൻ തയ്യാറാകുമോ? ഈ കേസ്സിന്റെ ഓരോ പിന്നാമ്പുറങ്ങളിലേയ്ക്ക് കടന്നാൽ ഓരോ ഡേറ്റും വായിക്കേണ്ടിവരും. ഒരു ജുഡീഷ്യൽ കമ്മീഷനെ നിയമിച്ച കാര്യങ്ങളെപ്പറ്റി ഇവിടെ പറഞ്ഞു. പറഞ്ഞതെല്ലാം വീണ്ടും ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ പറയാതെ മുന്നോട്ടുപോകാൻ കഴിയില്ല.

ഞങ്ങളെല്ലാം എന്തോ വലിയ തെറ്റ് ചെയ്തുവെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തോ വലിയ അപരാധം ചെയ്തുവെന്ന നിലയിലാണ് സംസാരിക്കുന്നത്. അദ്ദേഹം എന്ത് അപരാധമാണ് ചെയ്തത്? അന്ന് അദ്ദേഹം പാർട്ടി സെക്രട്ടറിയായിരുന്നു, മുഖ്യമന്ത്രിപോലും അല്ലായിരുന്നു. അദ്ദേഹം എന്ത് അപരാധമാണ് ചെയ്തത്? 2013 ജൂലൈ മാസം 6-ാം തീയതി റാന്നി ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ കോൺഗ്രസ്സിന്റെ അന്നത്തെ കെ.പി.സി.സി. അംഗമായിരുന്ന (ആളുകൾ അങ്ങോട്ടുമിങ്ങോട്ടും മാറിക്കൊണ്ടിരിക്കുന്നതുകൊണ്ട് ഇപ്പോൾ ഉണ്ടോയെന്ന് അറിയില്ല) മല്ലേലി ശ്രീധരൻ നായരുടെ രഹസ്യ മൊഴിയായിരുന്നു. ആ രഹസ്യ മൊഴിയാണ് പിന്നീട് പുറത്തുവരുന്നത്. ആ മൊഴി പുറത്തുവരുന്നത് 2013 ജൂലൈ മാസം 8-ാം തീയതി ആയിരുന്നു. അന്നത്തെ മുഖ്യമന്ത്രി ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സാറായിരുന്നു. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി അതിനേക്കാൾ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സാറായിരുന്നു. അന്ന് ഈ വിവാദ നായിക ഉമ്മൻ ചാണ്ടി സാറുമായി കൂടിക്കാഴ്ചയ്ക്ക് സഹായിച്ചുവെന്ന് മൊഴി കൊടുത്തത് ഈ ശ്രീധരൻ നായരായിരുന്നു. അദ്ദേഹം മാർക്സിസ്റ്റ് ആണോ; സി.പി.ഐ.(എം) കാരനോ

ആണോ? അല്ല, അദ്ദേഹം കോൺഗ്രസ്സ് അല്ലേ, കെ.പി.സി.സി. ഭാരവാഹിയുമല്ലേ. പിന്നെ ഇത് ഞങ്ങളുടെ തലയിൽ എന്തിനാണ് കൊണ്ടിടുന്നത്? ഇനി ഏറ്റവും അവസാനം 2013 ഒക്ടോബർ മാസം 25-ാം തീയതിയാണ് ഈ പരാതിയുടെ അടിസ്ഥാനത്തിലുള്ള കുറ്റപത്രം സമർപ്പിക്കുന്നത്. അന്ന് ആരായിരുന്നു..... ഇവിടെ ഈ റിപ്പോർട്ടുമായി ബന്ധപ്പെട്ട ഓരോ കാര്യങ്ങളും വായിച്ച് അത് ഉമ്മൻചാണ്ടി സാറിന്റെ നിര്യാണത്തിനുശേഷം, അദ്ദേഹത്തിന്റെ മകൻ വന്ന് സത്യപ്രതിജ്ഞ ചെയ്ത ദിവസംതന്നെ ഇവ ഓരോന്നും ഞങ്ങളുടെ അന്തസ്സും അഭിമാനവുംകൊണ്ട് ഞങ്ങളത് പറയാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ ഒരു കാര്യം ഉറപ്പാണ്. ഉന്നം പലതുണ്ട്, ഇനി ഇങ്ങോട്ടേയ്ക്ക് വരാനിരിക്കുന്ന ആരെങ്കിലും ഇങ്ങോട്ട് വരാതിരിക്കാൻ... അങ്ങനെയെല്ലാം ചില വാർത്തകൾ കേൾക്കുന്നുണ്ട്. കേന്ദ്രത്തിൽനിന്നും ചിലർ ഇങ്ങോട്ട് വരുന്നു, ഇവിടെനിന്നും ചിലർ അങ്ങോട്ടുപോകുന്നു എന്നെല്ലാം. അതിനുവേണ്ടി വല്ലതും കരുതിക്കൂട്ടി ഉണ്ടാക്കിയതാണോ? കാരണം അന്ന് വന്നിട്ടുള്ള ചില കേസ്സുകളുണ്ട്, കേന്ദ്രമന്ത്രിമാർ, എം.പി.മാർ, എൽ.എ.എ.മാർ. ഇതൊന്നും സത്യത്തിൽ കേരളം ആഗ്രഹിച്ചവയല്ല. നിങ്ങൾ ഇതെല്ലാം ഇപ്പോൾ ചർച്ച

ചെയ്യിപ്പിക്കുകയാണ്. ഇതൊന്നും പറയരുതെന്ന് പറഞ്ഞ് ഈ കേരളം ചെവി പൊത്തി നിന്നതായിരുന്നു. കാരണം ഇതൊന്നും നമ്മുടെ രാഷ്ട്രീയ സംസ്കാരത്തിന് ചേർന്നതല്ല. പക്ഷെ, ഇതെല്ലാം ഞങ്ങളെ പറയിപ്പിച്ചെ നിങ്ങൾ അടങ്ങൂവെന്ന് വാശിപിടിച്ചാൽ ഞങ്ങൾക്ക് പറയാതിരിക്കാൻ കഴിയുമോ? അതുകൊണ്ട് വളരെ മിതവും ന്യായവുമായി മാത്രമെ പറയുന്നുള്ളൂ. അല്ലെങ്കിൽ കുറച്ചുകൂടി കടിപ്പിച്ച് പറയുമായിരുന്നു, അതിനൊന്നും പോകുന്നില്ല. പേര് പറഞ്ഞില്ലെങ്കിലും ആളാരാണെന്ന് എല്ലാവർക്കുമറിയാം. ഈ നാട്ടിലെ ജനങ്ങൾ ഇതെല്ലാം കണ്ടതല്ലേ. അതുകൊണ്ട് കോൺഗ്രസ്സിനകത്തുണ്ടായിട്ടുള്ള ഓരോ കാലഘട്ടത്തിലെയും വിഴുപ്പലക്കിന്റെ ഫലമായിട്ടുള്ള ഏതെങ്കിലും സന്തതികളെ ഞങ്ങളുടെ തലയിൽ എന്തിന് കെട്ടിവയ്ക്കുന്നു? ചാരക്കേസിനെക്കുറിച്ച് ഇവിടെ പറഞ്ഞു. പരേതനായ മുൻമുഖ്യമന്ത്രി കെ. കരുണാകരന്റെ മക്കൾ രണ്ടുപേരും അതിനെക്കുറിച്ച് പറഞ്ഞത് നമ്മൾ കേട്ടു. പാർട്ടിയിൽ പല പ്രശ്നങ്ങളും കാണും. പക്ഷേ, എത്ര ക്രൂരമായിട്ടാണ് കൈകാര്യം ചെയ്തത് എന്നതിന്റെ തെളിവുകളല്ലേ ഇപ്പോൾ വന്നിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം കേരളം ആഗ്രഹിക്കാതിരുന്നൊരു കാര്യം വീണ്ടുമിതാ കേരളത്തിലെ

ജനങ്ങളെക്കൊണ്ട് പറയിപ്പിക്കാനോ അല്ലെങ്കിൽ ജനങ്ങളുടെ മുന്നിലേയ്ക്ക് വരാനോ ഇടയാക്കുന്ന നിലയിലാണ് നിങ്ങളിന്ന് ഈ അടിയന്തര പ്രമേയം അവതരിപ്പിച്ചിട്ടുള്ളതെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യങ്ങളൊന്നും പറയാതെ മുന്നോട്ടുപോകാൻ സാധിക്കില്ല. കെ.പി.സി.സി.-യുടെ ജനറൽ സെക്രട്ടറിയായിരുന്ന ശ്രീ. തമ്പാനൂർ രവിയുടെയും ശ്രീ. ബെന്നി ബെഹനാൻ എം.പി.-യുടെയും ഫോൺ സംഭാഷണങ്ങളുടെ ഓഡിയോ ക്ലിപ്പുകൾ അന്ന് നമ്മുടെയെല്ലാം ഫോണുകളിലൂടെ തത്തിക്കളിക്കുകയല്ലായിരുന്നോ; എന്തിനാണ് ഇത്രയും സമയം; എന്ത് പഠിപ്പിക്കാനായിരുന്നു; മഹാഭാരതമാണോ രാമായണമാണോ എന്നൊക്കെ ചോദിച്ചത് ഞങ്ങൾ വല്ലവരുമാണോ; ഇതെല്ലാം കോൺഗ്രസ്സുകാർതന്നെ പറഞ്ഞതല്ലേ; നിങ്ങൾ പറഞ്ഞത് ഈ നാട്ടിലെ ജനങ്ങളങ്ങനെ മറക്കുമോ; ഇത് കാലം മാറിയില്ലേ; ഞെട്ടിക്കുന്ന തെളിവുകളല്ലേ നിൽക്കുന്നത്; അതുകൊണ്ട് ദയവുചെയ്ത് നിങ്ങൾ ഇനിയെങ്കിലും ഈ വേട്ടയാടൽ അവസാനിപ്പിക്കണം. ഞങ്ങൾ വേട്ടയാടിയിട്ടില്ല. ഞങ്ങളെന്താണ് ചെയ്തത്? കേരളത്തിന്റെ മുന്നിൽ വലിയൊരു തട്ടിപ്പുമായി ബന്ധപ്പെട്ട കേസ് ഉയർന്നുവന്നപ്പോൾ,

രാഷ്ട്രീയമായി അതുസംബന്ധിച്ച് ഒത്തിരിയൊത്തിരി തെളിവുകൾ പുറത്തുവരുമ്പോൾ ഒരു രാഷ്ട്രീയപ്രസ്ഥാനം പ്രതികരിക്കാൻ ബാധ്യസ്ഥരല്ലേ; ഞങ്ങളതിന് ജനങ്ങളെ അണിനിരത്തിക്കൊണ്ട് സമരം ചെയ്തു. അതിനെത്തുടർന്ന് നിങ്ങൾക്ക് ജൂഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കേണ്ടിവന്നു. ഒരു രാഷ്ട്രീയ പ്രസ്ഥാനമെന്ന നിലയിൽ പ്രതിപക്ഷത്തിന്റെ ധർമ്മം നിർവ്വഹിക്കാൻ ഞങ്ങൾ ശ്രമിച്ചപ്പോൾ നിങ്ങൾ അതല്ല ചെയ്യാൻ തയ്യാറായത്. ഇതിനെല്ലാം അവസരമുണ്ടാക്കിയത് കോൺഗ്രസ്സാണ്. ആ കോൺഗ്രസ് ഇപ്പോൾ മാറി നിന്നിട്ട് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി സാറിന്റെ ആത്മാവുപോലും പൊറുക്കാത്ത നിലയിലേയ്ക്ക് യഥാർത്ഥത്തിൽ ഇന്ന് ഈ അടിയന്തരപ്രമേയം അവതരിപ്പിച്ചിരിക്കുന്നു എന്നതാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. അവർ വടിയെടുത്ത് നമുക്ക് തരികയല്ല ചെയ്തിരിക്കുന്നത്; നെറുകംതല അടിച്ചുപൊട്ടിക്കണം എന്നാണ് പറയുന്നത്. സാധാരണ ഒരു ഭാഗത്ത് അടിക്കാനാണ് പറയാറുള്ളത്. വടി തന്നിട്ട് നെറുകംതല അടിച്ചുപൊട്ടിക്കുന്ന നിലയിലല്ലേ അടി വാങ്ങിക്കൊണ്ടിരിക്കുന്നത്. അടി ഇനിയും കൊള്ളാൻ പോകുകയല്ലേ. പൊതുസമൂഹം ഇനിയും ചർച്ച ചെയ്യുന്നെങ്കിൽ ചർച്ച ചെയ്യട്ടെ. അതുകൊണ്ട്

യഥാർത്ഥത്തിൽ ഞാൻ ആദ്യം പറഞ്ഞതുപോലെ ഈ കുഞ്ഞിന്റെ യഥാർത്ഥ രക്ഷിതാക്കൾ ഇന്നുതന്നെ ഇതിനെ എടുത്തുകൊണ്ടുപോയി ഭദ്രമായി വളർത്തി സൂക്ഷിക്കണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിക്കപ്പെട്ടപ്പോൾ എനിക്ക് തോന്നിയ ഒരു സിനിമാ ഗാനമുണ്ട്; "അവനവൻ കുരുക്കുന്ന കുരുക്കഴിച്ചെടുക്കുമ്പോൾ ഗുലുമാൽ". ഏതാണ്ട് അതിന് സമാനമായൊരു സാഹചര്യമാണ് ശ്രീ. ഷാഫി പറമ്പിൽ ഈ അടിയന്തര പ്രമേയത്തിലൂടെ മുന്നോട്ടുവച്ചിരിക്കുന്നത്. കാരണം, ഇവിടെ മുമ്പ് പലരും പരാമർശിച്ചതുപോലെ ഇത്തരം ഒരു ആരോപണത്തിലേയ്ക്കും സാഹചര്യത്തിലേയ്ക്കും വന്നത് എങ്ങനെയാണ്? ടീം സോളാറുമായി ബന്ധപ്പെട്ട് ഔദ്യോഗികമായിത്തന്നെ വലിയ അഴിമതിയിലേയ്ക്ക് വന്നിരിക്കുന്നുവെന്നും അഴിമതി നടക്കുന്നുവെന്നുമുള്ള ആരോപണം ആദ്യമായി ഉന്നയിച്ചത് കെ.പി.സി.സി.-യിൽ അംഗമായിരുന്ന ശ്രീ. മല്ലേലിൽ ശ്രീധരൻ നായർ ആണ്. അതേത്തുടർന്ന് കേസന്വേഷണം നടത്തിയത് ഉമ്മൻചാണ്ടി സാറിന്റെ മന്ത്രിസഭയിലെ ആഭ്യന്തരവകുപ്പ്,

അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ജോപ്പനെ അറസ്റ്റ് ചെയ്തത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോലീസ്, ഇപ്പോൾ ചർച്ചാവിഷയമായ കമ്മീഷനെ നിയമിച്ചത് ആ ഗവൺമെന്റ്. അപ്പോൾ സ്വയംകൃതാനർത്ഥമായ കാര്യങ്ങൾ വീണ്ടും ഇവിടെ ചർച്ച ചെയ്യണമെന്നുള്ള നിർബന്ധബുദ്ധിയിൽ പുതുപ്പള്ളി നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടുവന്ന ഉമ്മൻചാണ്ടി സാറിന്റെ പുത്രൻ ശ്രീ. ചാണ്ടി ഉമ്മൻ സത്യപ്രതിജ്ഞ ചെയ്ത ദിവസംതന്നെ പഴയ ശവക്കല്ലറ മാന്തി ഇതെല്ലാം പുറത്തിടണമെന്നുള്ള നിർബന്ധം കോൺഗ്രസ്സിനകത്തുണ്ട് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇന്ന് ഈ അടിയന്തരപ്രമേയം അവതരിപ്പിച്ചത് എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെത്തന്നെ ഇതുമായി ബന്ധപ്പെട്ട് സാമ്പത്തിക ആരോപണം മാത്രമാണ് ഒന്നാം പിണറായി സർക്കാർ മുന്നോട്ട് കൊണ്ടുപോയത്. ഇതുമായി ബന്ധപ്പെട്ട ലൈംഗിക ആരോപണങ്ങൾ ആദ്യമായി പൊതുയിടത്തിൽ അഴിച്ചിട്ടതാരാണ്; പൂഞ്ഞാറിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടിരുന്ന എന്റെ മുൻഗാമി ശ്രീ. പി. സി. ജോർജ്ജ്. അദ്ദേഹം ദൃക്സാക്ഷി വിവരണം പോലെയായിരുന്നു അക്കാര്യങ്ങൾ ചാനലുകൾക്കും പത്രങ്ങൾക്കുമൊക്കെ

നൽകിക്കൊണ്ടിരുന്നത്. അവയൊക്കെ വീണ്ടും ചർച്ചയാക്കണമെന്നുള്ള ലക്ഷ്യം ആർക്കോ ഉണ്ട് എന്നതിന്റെ വലിയ ദൃഷ്ടാന്തമാണ് ഈ അടിയന്തരപ്രമേയം എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ആ പറഞ്ഞ ശ്രീ. പി. സി. ജോർജ്ജിനെ വീണ്ടും മാമോദീസ മുക്കി യു.ഡി.എഫ്.-ൽ എടുക്കാൻ കോൺഗ്രസ്സിലെ ഒരു വിഭാഗം ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നാണ് പിന്നാമ്പുറത്തെ സംസാരം. അതെന്തുമാകട്ടെ, പക്ഷേ ഇത്തരത്തിൽ കോൺഗ്രസ്സിനുള്ളിൽ സഹജമായ ഒരു രീതിയും സമീപനവും എല്ലാ കാലത്തുമുണ്ട്. അത് എന്താണ്; കൂടെ നിൽക്കുന്നവരെ കുതികാലിൽ ചവിട്ടുക എന്ന രാഷ്ട്രീയമായ ഹീന തന്ത്രത്തിന്റെ മറ്റൊരു ആവർത്തനമാണ് ഈ സോളാർ കേസിലും നടന്നുകൊണ്ടിരിക്കുന്നത്. അതുപോലെത്തന്നെ അവർ മലർന്നുകിടന്ന് തുപ്പുകയാണ് ചെയ്യുന്നത്. ഈ അടിയന്തരപ്രമേയത്തെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, സോളാർ കേസിൽ മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിക്കെതിരെ ഗൂഢാലോചന നടന്നെന്ന സി.ബി.ഐ.-യുടെ കണ്ടെത്തൽ ഞെട്ടിക്കുന്നതാണ്. താൽക്കാലിക രാഷ്ട്രീയ നേട്ടത്തിനുവേണ്ടി വയോധികനായ ഒരു മുൻമുഖ്യമന്ത്രിയ്ക്കെതിരെ ഏറ്റവും മ്ലേച്ഛമായ ഭാഷയിൽ

ആരോപണങ്ങൾ ഉയർത്തിക്കൊണ്ട് വരികയും സി.ബി.ഐ. അന്വേഷണം വരെയുള്ള വിവിധ അന്വേഷണങ്ങൾ പ്രഖ്യാപിക്കുകയുമൊക്കെ ചെയ്തത് ഒരു ഗൂഢാലോചനയാണ് എന്നുള്ളതാണ് ഇപ്പോൾ തെളിഞ്ഞുകൊണ്ടിരിക്കുന്നത്. ദല്ലാൾ നന്ദകുമാറിന്റെ കാർമ്മികത്വത്തിൽ മുഖ്യമന്ത്രിയുടെ അറിവോടെയാണ് ഗൂഢാലോചന നടന്നതെന്ന് വ്യക്തമാകുകയാണ്. നന്ദകുമാറും സരിതയും മുഖ്യമന്ത്രിയും ചർച്ച ചെയ്തതിനുശേഷമാണ്, അവരുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് സി.ബി.ഐ. അന്വേഷണം പ്രഖ്യാപിച്ചിരിക്കുന്നത് എന്നാണ് ഇപ്പോൾ വ്യക്തമായിക്കൊണ്ടിരിക്കുന്നത്. ഒരു ഘട്ടത്തിൽ 10 കോടി രൂപ വാഗ്ദാനം നൽകി ഉമ്മൻചാണ്ടിക്കെതിരെ ലൈംഗികാരോപണം ഉന്നയിക്കാൻ സി.പി.ഐ.(എം) നേതാക്കൾ ബന്ധപ്പെട്ടുവെന്ന് ഈ പരാതിക്കാരിയായ സ്ത്രീ മാധ്യമങ്ങൾക്കുമുന്നിൽ പറഞ്ഞതും വ്യക്തമാക്കിയതും നമുക്ക് മുന്നിലുള്ളതാണ്. ഇത് എന്തൊരു രാഷ്ട്രീയമാണ്; പണം നൽകി സ്ത്രീയെക്കൊണ്ട് ആരോപണം ഉന്നയിച്ച് രാഷ്ട്രീയനേട്ടം കൊയ്യാനിറങ്ങുന്നത് നെറികെട്ട രാഷ്ട്രീയത്തിന്റെ ഭാഗമാണ്. നിങ്ങൾ എങ്ങനെയാണ് ഇടതുപക്ഷമാകുന്നത്; എങ്ങനെയാണ് കമ്മ്യൂണിസ്റ്റുകാരാകുന്നത്? കേരളത്തെ ലജ്ജിപ്പിക്കുന്ന ഈ കേസിൽ സി.ബി.ഐ.-യെക്കൊണ്ടുതന്നെ

തുടരന്വേഷണം നടത്തി പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള ആർജ്ജവം മുഖ്യമന്ത്രി കാണിക്കണം. ഗൂഢാലോചനയുടെ ഭാഗമായവർ നിയമനടപടിക്ക് വിധേയമാകണം. ഈ നെറികെട്ട വ്യക്തിഹത്യയ്ക്ക് മൗനാനുവാദം നൽകിയ മുഖ്യമന്ത്രിയടക്കമുള്ളവർ ഉമ്മൻചാണ്ടിയുടെ കുടുംബത്തിനോടും പൊതുസമൂഹത്തിനോടും മാപ്പ് പറയാൻ തയ്യാറാകണം. ഈ ആരോപണം ഉന്നയിച്ച സ്ത്രീ തീർച്ചയായും രാഷ്ട്രീയ കേരളത്തിനും അപമാനമാണ്. ഇവരും ഗൂഢാലോചനയുടെ ഭാഗമായി നിയമനടപടിക്ക് വിധേയമാകേണ്ടതാണ്. അതുകൂടി ഈ അന്വേഷണ പരിധിയുടെ മുമ്പാകെ കൊണ്ടുവരേണ്ടതാണ് എന്നുള്ളതാണ് ഈ ചർച്ചയുടെ ഭാഗമായി ഉന്നയിക്കുന്നത്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, സി.ബി.ഐ. റിപ്പോർട്ടിന്റെ മറവിൽ ഈ കാര്യങ്ങൾ ഇന്നിവിടെ അടിയന്തരപ്രമേയ ചർച്ചയ്ക്ക് കൊണ്ടുവന്നതിൽ അതിയായ ദുഃഖമുണ്ട്. കാരണം, ഇന്ന് ഈ അവതരണം ഇവിടെ നടത്തിയത് ആദരണീയനായ ഉമ്മൻചാണ്ടിയെ അവഹേളിക്കുന്നതിന് തുല്യമാണ്. ഇത് ഒരുപാട് കാലങ്ങൾ ചർച്ച ചെയ്ത വിഷയമാണ്. എല്ലാ കാര്യങ്ങളും വളരെ നല്ല രീതിയിൽ വിശകലനം ചെയ്ത്

പഠിച്ച കാര്യമാണ്. പക്ഷേ, ഇതൊന്നും പോരാഞ്ഞിട്ട് ഇന്ന് ആരാധ്യനായ ഉമ്മൻചാണ്ടിയുടെ മകൻ ശ്രീ. ചാണ്ടി ഉമ്മൻ സത്യപ്രതിജ്ഞ ചെയ്ത് വന്ന ദിവസംതന്നെ ആ കുടുംബത്തെ അവഹേളിക്കുന്ന രീതിയിൽ ഈ ഒരു വിഷയം കൊണ്ടുവന്നത് എന്തിനാണെന്നറിയില്ല. അത് അവർക്കുമാത്രമേ അറിയുകയുള്ളൂ. വേദപുസ്തകത്തിൽ ഒരു വാക്യമുണ്ട്. അതിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. കർത്താവായ യേശുക്രിസ്തുവിനെ ഒറ്റിക്കൊടുത്തത് കൂടെനടന്ന യൂദാസ് തന്നെയാണ്. ഉമ്മൻചാണ്ടിയെ ഒറ്റിക്കൊടുത്തിട്ടുണ്ടെങ്കിൽ അത് നിങ്ങൾ തന്നെയാണെന്നുള്ളതിൽ ഒരു സംശയവുംവേണ്ട. കാരണം, അദ്ദേഹത്തെ പിറകിൽനിന്നും കുത്തിയത് നിങ്ങളാണ്. ശ്രീ. കെ. മുരളീധരൻ എം.പി. ഉൾപ്പെടെയുള്ള നിങ്ങളുടെ നേതാക്കൻമാരല്ലേ അദ്ദേഹത്തെ പല യോഗങ്ങളിലും വളരെ അവഹേളിച്ച് സംസാരിച്ചത്. എന്താണ് നിങ്ങളത് മറന്നുപോകുന്നത്? ഇതേ അനുഭവത്തിൽക്കൂടി കടന്നുപോയൊരു കുടുംബമാണ് എന്റേതും. എന്റെ സഹോദരനായ തോമസ് ചാണ്ടിയെ... ശ്രീ. എ. എ. ഷുക്കൂർ എന്നുപറയുന്ന ആലപ്പുഴയിലെ മുൻ എം.എൽ.എ. ഇതുവഴി ഒരു റോഡ് കൊണ്ടുവരണമെന്ന കാര്യത്തിന് ശ്രീ. പി. ജെ. കുര്യന് ഒരു കത്ത് കൊടുത്തു. എന്നിട്ട് എ. എ.

ഷുക്കൂർ പോയി പാത്തിരുന്നു, പി. ജെ. കുര്യൻ മറഞ്ഞുംനിന്നു; പാവപ്പെട്ട തോമസ് ചാണ്ടിയുടെ മണ്ടയിലേയ്ക്ക് ഇതെല്ലാംകൂടി എടുത്തിടുകയും ചെയ്തു. കത്ത് കൊടുത്തവനുമില്ല; കാശ് അനുഭവിച്ചവനുമില്ല. റോഡ് പണിതപ്പോൾ പ്രസ്തുത റോഡ് പോകുന്നത് ലേക്ക് പാലസിന്റെ മുന്നിലൂടെയാണെന്നുപറഞ്ഞ് തോമസ് ചാണ്ടിയെ ക്രൂശിച്ച ആളുകളല്ലേ നിങ്ങൾ. അതുകൊണ്ട് നിങ്ങളെ മറന്നിട്ടല്ല ഇക്കാര്യങ്ങൾ പറയുന്നത്. എനിക്ക് പറയുവാനുള്ള കാര്യം ഇതുതന്നെയാണ്. ഉമ്മൻചാണ്ടിയെ തകർത്തതും അദ്ദേഹത്തിന്റെ പിന്നിൽനിന്ന് കഥകൾ മെനഞ്ഞതും നിങ്ങൾ തന്നെയാണെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. അതുകൊണ്ട് ആ വിഷയത്തിലേയ്ക്കൊന്നും കടക്കുന്നില്ല. കടന്നുകഴിഞ്ഞാൽ എനിക്കും രോഷമാകും. കാരണം, ഞങ്ങളെല്ലാവരും ബഹുമാനിക്കുന്ന ഒരു വ്യക്തിയാണ് ആരാധ്യനായ ഉമ്മൻചാണ്ടി. എല്ലാവരും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിട്ടുള്ള അദ്ദേഹത്തെ പുറകിൽനിന്ന് കുത്തിയതും ഒറ്റിക്കൊടുത്തതും നിങ്ങളാണ്. അതുകൊണ്ട് ആ വിഷയത്തിലേയ്ക്കൊന്നും കടക്കുന്നില്ല. മുഖ്യമന്ത്രി ആരായാലും നിങ്ങളുടെയെല്ലാം ലക്ഷ്യം അവരെ നശിപ്പിക്കുക എന്നതാണ്. അത് ഉമ്മൻ ചാണ്ടിയായാലും ശ്രീ. പിണറായി

വിജയനായാലും ഏതൊക്കെ രീതിയിൽ കുറ്റം പറയാമോ ആ കുടുംബത്തെ ഏതൊക്കെ രീതിയിൽ തകർക്കാമോ എന്നുള്ളത് മാത്രമാണ് നിങ്ങളുടെ ലക്ഷ്യം. അതാണല്ലോ ഈ കാലഘട്ടത്തിൽ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ന് നിങ്ങൾ സി.ബി.ഐ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ അടിയന്തരപ്രമേയം കൊണ്ടുവന്നത്. പക്ഷേ സത്യമേ ജയിക്കുകയുള്ളൂ. ആരൊക്കെ എന്തെല്ലാം കള്ളത്തരം പറഞ്ഞാലും എത്ര സമയം കഴിഞ്ഞാലും സത്യം ഉയിർത്തെഴുന്നേൽക്കും. അതുകൊണ്ട് നിങ്ങൾ ആവശ്യമില്ലാത്ത ഈ തോന്ന്യവാസങ്ങൾ കാണിക്കാതെ നല്ലരീതിയിൽ കാര്യങ്ങൾ പറഞ്ഞ് മുന്നോട്ടുപോകാനുള്ള സംവിധാനം ഒരുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങൾ ഈ വിഷയങ്ങളെല്ലാം വിട്ട് വികസനം കൊണ്ടുവരാൻ പരിശ്രമിക്കണം. അല്ലാതെ മറ്റ് രീതിയിൽ കാര്യങ്ങൾ കൊണ്ടുപോയാൽ നാശത്തിലേയ്ക്കേ പോകുകയുള്ളൂ. ഇത്തരം വിവാദങ്ങൾക്കൊന്നും ഇടകൊടുക്കാതെ നല്ലരീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കാനുള്ള ഒരു മനസ്സ് പ്രതിപക്ഷമായ നിങ്ങൾക്കുണ്ടാകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഈ അടിയന്തരപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. എന്തിനാണ് ഇത് കൊണ്ടുവന്നതെന്ന് അവരുടെ അവതരണം കേട്ടിട്ട് എനിക്ക് മനസ്സിലാകുന്നില്ല. ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സാറിന്റെ പേരിൽ ഇവിടെ വിവാദങ്ങൾ ഉയർത്തിയത് ആരാണ്; ശ്രീ. ഷാഫി പറമ്പിൽ പ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത് മുഖ്യമന്ത്രി മാപ്പ് പറയണമെന്നാണ്. പാർട്ടി സെക്രട്ടറി മാത്രമായിരുന്ന ഒരു കാലഘട്ടത്തിൽ ഈ കേരളത്തിലുണ്ടായ ഒരു വിഷയത്തിൽ അതിനുശേഷം മുഖ്യമന്ത്രിയായ ശ്രീ. പിണറായി വിജയൻ മാപ്പ് പറയുന്നത് എന്തിനാണ്? ഈ കേസ് ഉത്ഭവിച്ചത് എവിടുന്നാണെന്ന് ഇപ്പോഴും അറിയില്ല. നമ്മുടെ ബഹുമാന്യനായ പ്രതിപക്ഷ നേതാവിന് പോലും അറിയില്ല ശ്രീ. മല്ലേലിൽ ശ്രീധരൻ നായർ കെ.പി.സി.സി.-യിൽ ഉണ്ടായിരുന്നോ എന്നുള്ളത്. കെ.പി.സി.സി. അംഗമായിരുന്ന ശ്രീ.മല്ലേലിൽ ശ്രീധരൻ നായരാണ് ആദ്യമായി പരാതി ഉന്നയിച്ചത് എന്ന് നേരത്തേ ശ്രീ. കെ. ടി. ജലീൽ പറഞ്ഞപ്പോൾ, അദ്ദേഹം കെ.പി.സി.സി.-യിൽ ഉണ്ടായിരുന്നോ എന്ന് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ശ്രീ. പി. സി. വിഷ്ണുനാഥിനോട് ചോദിക്കുകയും, അദ്ദേഹം അതെ

അന്നുണ്ടായിരുന്നു എന്ന് മറുപടി പറയുകയും ചെയ്യുന്നു. കെ.പി.സി.സി. വൈസ് പ്രസിഡന്റ് ആയിരുന്നയാളിന് കെ.പി.സി.സി.-യിലുള്ള അംഗത്തെപ്പോലും അറിയില്ല. വളരെ സീരിയസായിട്ടുള്ള ചാർജ്ജുകളാണ് സോളാർ കേസിലുള്ളത് എന്ന് പറഞ്ഞതാരാണ്? അന്നത്തെ കെ.പി.സി.സി. വൈസ് പ്രസിഡന്റും എം.എൽ.എ.-യും ഇന്നത്തെ പ്രതിപക്ഷ നേതാവുമായ ശ്രീ. വി. ഡി. സതീശൻ. ഉമ്മൻ ചാണ്ടിയുടെ കാലഘട്ടത്തിൽ തീവെട്ടിക്കൊള്ളയാണ് നടക്കുന്നതെന്ന് പ്രഖ്യാപിച്ചതാരാണ്; ശ്രീ. വി. ഡി. സതീശൻ എന്ന ഇന്നത്തെ പ്രതിപക്ഷ നേതാവാണ് തീവെട്ടിക്കൊള്ളയാണ് നടക്കുന്നതെന്ന് അന്ന് പറഞ്ഞത്. ശരിയോ തെറ്റോ എന്ന് ഇപ്പോൾ പറയുക. അന്ന് ഞാൻ പറഞ്ഞുപോയത് തെറ്റാണെങ്കിൽ അത് ഇപ്പോൾ പറയണം. അതല്ല ശരിയാണെങ്കിൽ അതിൽ ഉറച്ചുനിൽക്കുന്നുവെന്ന് പറയാനുള്ള ആർജ്ജവമുണ്ടാകണം. ശ്രീ. ഷാഫി പറമ്പിൽ ഇവിടെ പറഞ്ഞത് ഒരു കൂട്ടം മാധ്യമങ്ങൾ എന്നാണ്. ഇത് സഭയാണ്, ഇവിടെ സംസാരിക്കുമ്പോൾ പുറത്തെ ഭാഷയല്ല പറയേണ്ടത്. ഇപ്പോൾ ആർജ്ജവം വേണമെന്ന മര്യാദയുള്ള വാക്കേ ഞാൻ പറയുന്നുള്ളൂ. ശ്രീ. ഷാഫി പറമ്പിലിന് ഏഷ്യാനെറ്റ് എന്ന് ഉച്ചരിക്കാനുള്ള ചങ്കുറപ്പുണ്ടോ;

അതുണ്ടാവണം. വാർത്താ മാധ്യമങ്ങളുടെ വാർത്തകളെക്കുറിച്ചാണല്ലോ നമ്മൾ ചർച്ച ചെയ്യുന്നത്. ഇപ്പോൾ ഈ ചർച്ചയും അതിന്റെ അടിസ്ഥാനത്തിലാണല്ലോ. ഏഷ്യാനെറ്റ് 50 ലക്ഷം രൂപ കൊടുത്താണ് കത്ത് സംഘടിപ്പിച്ചതെന്ന് പറയുന്നത് ഞങ്ങളല്ല, റിപ്പോർട്ടർ ചാനലാണ്. അതുപോലെ അന്വേഷണ കമ്മീഷന്റെ ഭാഗമായി കോയമ്പത്തൂരിൽ സി.ഡി. കണ്ടെത്താൻ പോയതിന്റെ ലൈവ് കൊടുത്തത് ആരാണ്? സി.പി.ഐ(എം)-ഉം എൽ.ഡി.എഫ്-ഉം അല്ല. അത് മനോരമ ന്യൂസും ഏഷ്യാനെറ്റുമല്ലേ; അവർ മാപ്പ് പറയണമെന്ന് നിങ്ങൾക്കെന്താണ് പറയാൻ സാധിക്കാത്തത്; ഇവിടെ രാഷ്ട്രീയമായി ഒരു വിവാദമുണ്ടാകുമ്പോൾ കെ.പി.സി.സി. അംഗം തന്നെ പരാതി കൊടുക്കുന്നു. ആ പരാതിയുടെ ഭാഗമായി കേസ് എടുത്തത് ഞങ്ങളാണോ; ആരാണ്? കരിക്കൊക്കെ കുടിച്ച് ഊർജ്ജസ്വലനായി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനല്ലേ കേസ് എടുത്തത്. ഉമ്മൻ ചാണ്ടി യു.എൻ. അവാർഡ് വാങ്ങാൻ പോയ ദിവസം നോക്കി ടെനി ജോപ്പനെ അറസ്റ്റ് ചെയ്യിച്ചത് ശ്രീ. കെ. സി. ജോസഫ് ആണ്. അദ്ദേഹം ഇപ്പോഴും നിങ്ങളുടെ കൂട്ടത്തിലുണ്ടല്ലോ; ഈ വാർത്ത കണ്ട് ഉമ്മൻ ചാണ്ടി ഞെട്ടിപ്പോയെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെയാണ് ചാനലിൽ

എഴുതിക്കാണിച്ചത്. അദ്ദേഹത്തിന്റെ സ്റ്റാഫിനെ അറസ്റ്റ് ചെയ്യിച്ചത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനല്ലേ; എന്നിട്ട് മാധ്യമങ്ങൾ ചോദിച്ചപ്പോൾ ടെനി ജോപ്പന്റെ അറസ്റ്റ് ഞാനറിഞ്ഞില്ലെന്ന് പറയുകയും ചെയ്തു. ഇതെല്ലാം കഴിഞ്ഞ്, 'എന്നെ തല്ലേണ്ടമ്മാവാ ഞാൻ നന്നാവില്ല' എന്നാണ് നിങ്ങൾ പറയുന്നത്. മരിച്ച് കഴിഞ്ഞാലും ഉമ്മൻ ചാണ്ടിയെ നിങ്ങൾ വെറുതെ വിടില്ല. ജീവിച്ചിരുന്നപ്പോഴും ആരാണ് അദ്ദേഹത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത്; ഞങ്ങളാണോ? ചാരക്കേസിന്റെ ആവിർഭാവത്തിലും സമാനമായ ചില കഥകളുണ്ടായിരുന്നല്ലോ. ആ കേസിൽ ലീലാവിലാസങ്ങളെക്കുറിച്ചുള്ള വാർത്തകളൊക്കെ വന്നത് നമുക്കറിയാം. മറിയം റഷീദയെ കൊണ്ടുവന്ന് ആ ചാരക്കേസ് ഉത്ഭവിച്ചതിന്റെ പേരിൽ ഇപ്പോഴും ഈ പണി നിങ്ങൾ തുടരുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയപരമായി ഉമ്മൻ ചാണ്ടിയുമായി എതിരഭിപ്രായമുണ്ട്. അതിൽ ഒരു സംശയവും വേണ്ട. ഞങ്ങൾ ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയ നിലപാടിനോട് യോജിപ്പുള്ളവരല്ല, എതിർപ്പുള്ളവർ തന്നെയാണ്. പക്ഷേ അദ്ദേഹത്തെയോ അദ്ദേഹത്തിന്റെ കുടുംബത്തെയോ കുടുംബാംഗങ്ങളെയോ വ്യക്തിപരമായി ആക്ഷേപിക്കുവാൻ ഞങ്ങൾ തയ്യാറായിട്ടില്ല. ആക്ഷേപിച്ചവരെ സംരക്ഷിച്ചത് ഞങ്ങളല്ല;

ശ്രീ. ചാണ്ടി ഉമ്മൻ ഇവിടെയില്ല. അദ്ദേഹം പരാതി കൊടുത്തത് ആർക്കെതിരെയാണ്; മറുനാടനെതിരെയാണ് അദ്ദേഹം പരാതി കൊടുത്തത്. ആ മറുനാടനെ ഞങ്ങൾ സംരക്ഷിക്കുമെന്ന് പറഞ്ഞത് നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ് ആണ്. അപ്പോൾ ആർക്കാണ് ബന്ധം; ആരാണിതിന്റെ പിന്നിൽ; അതുപോലെ തെരഞ്ഞെടുപ്പ് അടുക്കുന്ന സമയത്ത് ഉമ്മൻ ചാണ്ടിയുടെ പേര് പറയണമെന്ന് രമേശ് ചെന്നിത്തലയുടെ ദൂതൻ തന്നോട് പറഞ്ഞുവെന്ന് ഈ പരാതിക്കാരി പലതവണ ചാനലുകളിൽ പറഞ്ഞിട്ടും ഒരു നിഷേധക്കുറിപ്പ് ഇന്നുവരെ ഇറങ്ങിയിട്ടുണ്ടോ; മന്ത്രിമാർക്കും എം.എൽ.എ.മാർക്കും സ്വാഭാവികമായ ഫോൺ കോളുകൾ വരാം. എന്നാൽ 183 ഫോൺ കോളുകൾ ഒക്കെ വന്നവരുണ്ടല്ലോ; അവർ ഇവിടെ ഇപ്പോഴും ഇരിപ്പുണ്ടല്ലോ; ഞാൻ പേര് പറയണോ? ഒരാളല്ല, ഒന്നിലേറെപ്പേർ അപ്പുറത്തിരിപ്പുണ്ട്. പക്ഷേ ഞാൻ ചോദിക്കുന്നു, ഈ പറയപ്പെട്ട നിരവധി പേരുടെ പേരുകൾ വന്നിട്ടും ഇടതുപക്ഷത്തുള്ള ഒരാളിന്റെയെങ്കിലും പേര് ആ കോൾ ലിസ്റ്റിൽ വന്നിട്ടുണ്ടോ; പിന്നെ ഇത് പൊലിപ്പിച്ച് പറഞ്ഞത് ആരാണ്? ഇപ്പോൾ ശ്രീ. ഷാഫി പറമ്പിൽ ശ്രീ. പി. സി. ജോർജ്ജിനെതിരെ പറയുന്നു. അന്ന് കൂടെ നിന്നപ്പോൾ തള്ളിക്കളഞ്ഞു.

കൂടെ നിൽക്കുമ്പോഴല്ലേ ഈ വർത്തമാനമെല്ലാം അദ്ദേഹം പറഞ്ഞത്. നിങ്ങളുടെ മന്ത്രിസഭയിൽ സർക്കാരിന്റെ ചീഫ് വിപ്പായി ഇരിക്കുമ്പോഴാണല്ലോ അദ്ദേഹം ദിവസവും മാധ്യമങ്ങളെ കണ്ട് ഈ പ്രസ്താവനകളെല്ലാം നടത്തുന്നത്. അരുതാത്ത രീതിയിൽ കണ്ടിട്ടുണ്ടെന്ന് ഞങ്ങളല്ല, അദ്ദേഹമാണ് പറഞ്ഞത്. അതുപോലെ ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ ചാനലിൽ പോയിരുന്ന് ഉളുപ്പില്ലാതെ, സോളാർ കഥകളെ ന്യായീകരിക്കേണ്ടി വന്നിട്ടുണ്ട് എന്ന് പറഞ്ഞത്. പിന്നെ പാതിരാത്രിക്ക് ഭരണഘടന പഠിപ്പിക്കലാണോ എന്ന് ചോദിച്ചത് ഞങ്ങളല്ല, ശ്രീ. കെ. മുരളീധരനാണ്. കേസ് കൊടുത്തത് കെ.പി.സി.സി. അംഗം. പരാതിക്കാരിയുടെ സാന്നിദ്ധ്യത്തിൽ വേണ്ട സഹായം ചെയ്യാമെന്ന് എനിക്കുറപ്പ് നൽകിയത് ഉമ്മൻ ചാണ്ടി സാറാണ് എന്നാണ് അദ്ദേഹം മൊഴി കൊടുത്തത്. അതിന്റെ വസ്തുതകൾ നമുക്കറിയില്ല. നിങ്ങളുടെ കൂട്ടത്തിലുള്ള ആളല്ലേ, ചോദിച്ച് മനസ്സിലാക്കൂ. ഉമ്മൻചാണ്ടി സർ തന്നെ പറഞ്ഞിട്ടുള്ള ഒരു കാര്യമുണ്ട്, ഹരിപ്പാട് എം.എൽ.എ. ശ്രീ. ബി. ബാബു പ്രസാദ് ഈ ശ്രീധരൻ നായരുടെ ബന്ധുവാണ്. 'ആ ഹരിപ്പാട് എം.എൽ.എ. ശ്രീ. ബി. ബാബു പ്രസാദ് വേണ്ട സമയത്ത് വേണ്ട രീതിയിൽ

ഇടപെട്ടിരുന്നുവെങ്കിൽ എനിക്ക് ഈ ഗതി വരില്ലായിരുന്നു' എന്ന് പറഞ്ഞത് ഉമ്മൻചാണ്ടി സാറാണ്. ഇത് വാർത്തയായത് മറന്നുപോയോ. പിന്നെ ദല്ലാൾ നന്ദകുമാർ.... എന്തൊരു സ്നേഹമായിരുന്നു.. ഇതാണ് ഞാൻ പറഞ്ഞത്; വേട്ടയാടപ്പെട്ടത് യഥാർത്ഥത്തിൽ ആരാണ്; നിങ്ങൾ നിരന്തരം വേട്ടയാടിയിട്ടുള്ളതാരെയാണ്? എന്തെല്ലാം നുണക്കഥകളുടെ പേരിൽ.. ഒരു ഗൾഫുകാരന്റെ വീട് കാണിച്ചിട്ട് ഇതാണ് പിണറായി വിജയന്റെ വീടെന്ന് പ്രചരിപ്പിച്ചവരല്ലേ നിങ്ങൾ. പിന്നെയോ, കമല ഇന്റർനാഷണൽ.. എവിടെയെന്ന് ഇന്നുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ? പിന്നെ ലാവ്ലിൻ കേസ്. എത്ര വർഷമായി നിങ്ങൾ വേട്ടയാടുന്നു? പക്ഷേ അതിലൊന്നും കുലുങ്ങാതെ ജനങ്ങളോടൊപ്പംനിന്ന് പ്രവർത്തിച്ചതിന്റെ ഭാഗമായി ജനങ്ങളുടെ, കേരളത്തിന്റെ ക്യാപ്റ്റൻ പദവി ജനങ്ങൾ ചാർത്തി നൽകിയ വ്യക്തിത്വമാണ് സഖാവ് പിണറായി വിജയന്റേത്. ഇതുകണ്ട് അസൂയപ്പെട്ടിട്ട് ഒരു കാര്യവുമില്ല. അതുകൊണ്ട് ഉമ്മൻചാണ്ടി സാറിനെ നിങ്ങളാണ് ഇത്തരത്തിലേയ്ക്ക് മാറ്റിയത്. രാഷ്ട്രീയമായ പ്രശ്നവും ആരോപണങ്ങളും ഞങ്ങളും ഉന്നയിച്ചിട്ടുണ്ട്. അതിന് ഞങ്ങൾക്ക് യാതൊരു ഖേദവുമില്ല.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ഈ അടിയന്തര പ്രമേയം ചർച്ചയ്ക്കെടുത്തത് വളരെ ഉചിതമായി. കഴിഞ്ഞ രാഷ്ട്രീയ കേരളത്തിന്റെ അന്തരീക്ഷത്തിൽ ഇങ്ങനെയൊരു ചർച്ച ദിവംഗതനായ ഉമ്മൻചാണ്ടിയെ വേട്ടയാടിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് എന്ന് പ്രമുഖരായ ചില കോൺഗ്രസ് നേതാക്കൾ ഉൾപ്പെടെ പറഞ്ഞുകൊണ്ടിരിക്കുന്ന സന്ദർഭമാണ്. ശ്രീ. ഷാഫി പറമ്പിൽ, അല്പം ആത്മാർത്ഥതയുണ്ടെങ്കിൽ മാപ്പ് പറയേണ്ടത് അവിടെനിന്നാണ്. എന്താണ് സോളാർ കേസ്? ഒന്നാന്തരം സാമ്പത്തിക തട്ടിപ്പാണത്. കേരളത്തിൽ അന്നുണ്ടായിരുന്ന വൈദ്യുതി മേഖലയിലെ പ്രതിസന്ധി ലക്ഷ്യം വച്ചുകൊണ്ടുണ്ടാക്കിയ ടീം സോളാർ എന്ന തട്ടിപ്പുകമ്പനിയാണിത്. എന്തിനാണ് ഇതിനെതിരെ ജൂൺ 15-ന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എ.ഡി.ജി.പി. ശ്രീ. ഹേമചന്ദ്രന്റെ നേതൃത്വത്തിൽ അന്വേഷണത്തിനായി ഒരു ടീമിനെ രൂപീകരിച്ചത്? സോളാർ കേസിലെ വളരെ നിർണ്ണായകമായ ടേണിംഗ് പോയിന്റ് ടെനി ജോപ്പന്റെ അറസ്റ്റാണ്. ജൂൺ 28-ലെ ടെനി ജോപ്പന്റെ അറസ്റ്റോടുകൂടിയാണ് ജനം ഇതിൽ വസ്തുതയുണ്ടെന്ന് വിശ്വസിക്കുന്നത്. ഉമ്മൻചാണ്ടിയുടെ ഏറ്റവും വിശ്വസ്തനായ

ടെനി ജോപ്പന് പങ്കില്ല എന്ന് പറഞ്ഞുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ, അദ്ദേഹം ഇവിടെയില്ലാതിരുന്ന ഘട്ടത്തിൽ ടെനി ജോപ്പനെ അറസ്റ്റ് ചെയ്തത് എന്തിനാണ്? അവിടെനിന്നാണ് എൽ.ഡി.എഫ്.-ന്റെ സമരം ആരംഭിക്കുന്നത്. ഞങ്ങളൊരു രാഷ്ട്രീയ മുന്നണിയാണ്. ഈ കേരളത്തിന്റെ വൈദ്യുത മേഖലയെ ലക്ഷ്യംവച്ചുകൊണ്ട് വെറുമൊരു തട്ടിപ്പ് കമ്പനി പതിനായിരം കോടിയുടെ തട്ടിപ്പ് ആസൂത്രണം ചെയ്യുമ്പോൾ ജനങ്ങളോട് പ്രതിബദ്ധതയുള്ളൊരു രാഷ്ട്രീയ മുന്നണി സമരം ചെയ്യുന്നത് ഈ നാടിനുവേണ്ടിയാണ്. അവിടെനിന്ന് ഒക്ടോബർ മാസം 23-ന് ആ സമരത്തിന്റെ ഭാഗമായാണ് ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ വരുന്നത്. ജസ്റ്റിസ് ശിവരാജൻ കമ്മീഷൻവരെയുള്ള ഈ ഘട്ടത്തിൽ യു.ഡി.എഫ്. അല്ലേ കേരളം ഭരിച്ചിരുന്നത്. ഇവിടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എം.എൽ.എ. ഉൾപ്പെടെ പ്രമുഖരായ യു.ഡി.എഫ്. നേതാക്കന്മാരുണ്ട്. നിങ്ങളുടെ പാർലമെന്ററി പാർട്ടിയ്ക്ക് ഗുരുതരമായ പിശകാണ് ഇന്ന് പറ്റിയത്. നിങ്ങൾ അല്പം ഔചിത്യം കാണിക്കണമായിരുന്നു. എന്തിനായിരുന്നുവെന്ന് എല്ലാവരുമിവിടെ പറഞ്ഞു. എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. സോളാർ കമ്മീഷൻ റിപ്പോർട്ട് സാധാരണ നിലയിൽ ഞങ്ങൾ

ആഗ്രഹിച്ചതേയല്ല. നിങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെക്കൊണ്ട് പറയിപ്പിക്കുന്നതാണെന്ന് കേരളീയ പൊതുസമൂഹത്തോട് ഞങ്ങൾക്ക് പറയേണ്ടി വരുന്ന സാഹചര്യം നിങ്ങളായിട്ട് ഇവിടെ ഉണ്ടാക്കുകയാണ്. കേരള രാഷ്ട്രീയത്തിൽ ഈ പുത്തരിക്കണ്ടം മൈതാനത്ത് ഒരുപാട് പ്രസംഗങ്ങൾ നടന്നിട്ടില്ലേ. 1994-ൽ രാജി വയ്ക്കുന്നതിനുമുമ്പ് കെ. കരുണാകരൻ നടത്തിയിട്ടുള്ള പ്രസംഗം പ്രഗത്ഭരും പ്രതിഭാശാലികളുമായിട്ടുള്ള യു.ഡി.എഫ്. നേതാക്കന്മാർക്ക് അറിയാമല്ലോ. അതിനുശേഷം മകൻ ശ്രീ. കെ. മുരളീധരൻ പുത്തരിക്കണ്ടം മൈതാനത്ത് നടത്തിയ പ്രസംഗമില്ലേ. അതിലെന്തെല്ലാമാണ് പറഞ്ഞത്. ബഹുമാന്യനായ ശ്രീ. ചാണ്ടി ഉമ്മൻ ഞങ്ങളോട് ക്ഷമിക്കണം. അതിലെന്തെല്ലാമാണ് പറഞ്ഞത്, ഏതെല്ലാം കാര്യങ്ങളാണ് വിളിച്ചുപറഞ്ഞത്. യു.ഡി.എഫ്. രാഷ്ട്രീയത്തിലുണ്ടായ പടലപിണക്കങ്ങളുടെ ഭാഗമായി.. ഞങ്ങൾ അതിൽ കക്ഷിയായിട്ടില്ല, ഞങ്ങൾ അതിന്റെ ഭാഗമായി മാറിയിട്ടില്ല. ആ പടലപിണക്കങ്ങളുടെ ഭാഗമായി ഉണ്ടായ അധികാര തർക്കങ്ങളുടെ ഭാഗമായി 2004-ൽ ശ്രീ. എ. കെ. ആന്റണിയ്ക്ക് രാജി വയ്ക്കേണ്ടി വന്നതെങ്ങനെ; വെറുതെ രാജിവയ്ക്കുകയായിരുന്നോ? എന്നിട്ട് ഞങ്ങളുടെ തലയിൽക്കൂടി ആ

തൊപ്പി വയ്ക്കാൻ നോക്കുകയാണ്, ആ തൊപ്പി ബഹുമാന്യനായ ശ്രീ. ഷാഫി പറമ്പിൽ അങ്ങ് തന്നെ അണിഞ്ഞാൽ മതി. ആ തൊപ്പിയുമായി ഞങ്ങളുടെ നേരെ വരേണ്ട കാര്യമില്ല. ഏത് ഘട്ടത്തിലും രാഷ്ട്രീയ രംഗത്ത് ഈ മര്യാദ ഞങ്ങൾ ഉയർത്തിപ്പിടിച്ചിട്ടുണ്ട്. ഏത് ഘട്ടത്തിലാണ് ഉയർത്തിപ്പിടിക്കാതെയിരുന്നത്? അല്പം ആത്മാർത്ഥതയുണ്ടെങ്കിൽ, ഈ അടിയന്തര പ്രമേയം കേരള രാഷ്ട്രീയത്തിലെ വളരെ പ്രഗത്ഭനായ ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ഏറ്റവും നന്നായിട്ട് അവതരിപ്പിക്കാമായിരുന്നില്ലേ? നിങ്ങൾ ഇവിടെ വലിയ സ്നേഹത്തിന്റെ കാര്യം പറയുന്നു; നിങ്ങൾ രണ്ട് തവണ പ്രതിപക്ഷത്തിരുന്ന ഘട്ടത്തിൽ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയെ എന്തുകൊണ്ടാണ് പ്രതിപക്ഷനേതാവ് ആക്കാതെയിരുന്നത്? ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ രാഷ്ട്രീയ തീരുമാനത്തിന്റെ ഭാഗമായിട്ടാണോ? ഞങ്ങളാരുടെമേലെയും മര്യാദകെട്ട സമീപനം ഒരു ഘട്ടത്തിലും സ്വീകരിച്ചിട്ടില്ല. സോളാർ എന്ന ശുദ്ധമായ തട്ടിപ്പിന്റെ ഭാഗമായിട്ടുണ്ടായ ഏറ്റവും ശരിയായൊരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ എനർജി മേഖലയിൽ വലിയ കുത്തക സ്ഥാപിക്കാൻ കള്ളക്കച്ചവടത്തിന്റെ ഭാഗമായി വന്നത് ജനങ്ങളുടെ മുന്നിൽ

തുറന്ന് കാണിക്കുക എന്ന ശരിയായ രാഷ്ട്രീയ ധർമ്മമാണ് ഞങ്ങൾ നിർവ്വഹിച്ചത്. ഞങ്ങൾ അതിന്റെ മറ്റ് വശങ്ങളിലേയ്ക്കൊന്നും പോയിട്ടില്ല. ഇവിടെയെല്ലാവരും പറഞ്ഞതുപോലെ ആസൂത്രിതമായി രാഷ്ട്രീയ രംഗത്തെ സഹപ്രവർത്തകന്.... മാണി സാറിന്റെ കാര്യം ഇവിടെ ബഹുമാന്യനായ ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞു. ചരൽക്കുന്നിലെ ക്യാമ്പ് കഴിഞ്ഞിട്ട് അദ്ദേഹത്തെ പിന്നിൽനിന്ന് കുത്തിയെന്ന് മാണി സർ തന്നെയാണ് പറഞ്ഞത്; ആരാ കുത്തിയത്? രാഷ്ട്രീയത്തിൽ ഇങ്ങനെയുള്ള സ്നേഹമുണ്ട്. ആ സ്നേഹം ധൃതരാഷ്ട്രാലിംഗനം പോലെ വാരിപ്പുണരും, എന്നിട്ട് ഒരു ഒറ്റ കുത്താണ്. ഇത് പറഞ്ഞതാരാണ്; ഞങ്ങളാണോ? നിങ്ങൾ തുടരുന്നത് നിങ്ങളുടെ യു.ഡി.എഫ്.-ലെ തെറ്റായ രീതിയുടെ ഭാഗമായിട്ടാണ്. കേരള രാഷ്ട്രീയത്തിലെപ്പോഴെങ്കിലും വ്യക്തിപരമായ ആക്ഷേപം... ദാ ഇരിക്കുന്നു ഞങ്ങളുടെ മുഖ്യമന്ത്രി. ഏതെങ്കിലും ഒരു ഘട്ടത്തിൽ, ഏതെങ്കിലും ഒരു സന്ദർഭത്തിൽ വ്യക്തിപരമായ ആക്ഷേപം ഏതെങ്കിലും ഒരു നേതാവിനുനേരെയുണ്ടായാൽ ആ ഘട്ടത്തിലെല്ലാം വിദ്യാർത്ഥി യുവജന പ്രവർത്തകരായ ഞങ്ങളോടെല്ലാം മര്യാദകെട്ടൊരു വാക്ക് പറയാൻ പാടില്ല

എന്ന ശക്തമായ നിലപാട് സ്വീകരിച്ച അന്നത്തെ പാർട്ടി സെക്രട്ടറി. നിങ്ങളോട് അങ്ങനെ ആരെങ്കിലും പറഞ്ഞിട്ടുണ്ടോ?

'കക്കാ വിക്കാ ഇ.എം.എസ്സേ., കള്ളാ കള്ളാ ഇ.എം.എസ്സേ.' ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെക്കുറിച്ച് കേരളത്തിലുയർന്ന മുദ്രാവാക്യം. 'കേരം തിങ്ങും കേരളനാട്ടിൽ ഗൗരിചോതി ഭരിക്കണ്ട, ഗൗരിചോതി പെണ്ണല്ലേ പുല്ലു പറിക്കാൻ പൊയ്ക്കൂടെ' ശ്രീമതി കെ. ആർ. ഗൗരിയമ്മയെക്കുറിച്ച് കേരളത്തിലുയർന്ന മുദ്രാവാക്യം. 'കാലൻ വന്നു വിളിച്ചിട്ടും എന്തേ കോവാലാ പോകാത്തേ...' എ.കെ.ജി.-യെക്കുറിച്ചുള്ള മുദ്രാവാക്യമാണിത്. എ.കെ.ജി.-യെക്കുറിച്ച് അന്ന് മാത്രമല്ല ഇന്ന് നിങ്ങളുടെ കെ.പി.സി.സി.-യുടെ പ്രധാനപ്പെട്ട സ്ഥാനത്തിരിക്കുന്ന തൃത്താലക്കാരെ ബഹിഷ്കരിച്ച അയാളും ശക്തമായി പറഞ്ഞിട്ടുണ്ട്. മുദ്രാവാക്യമല്ല അതിനപ്പുറം കടന്നാണ് നിങ്ങൾ വ്യക്തിപരമായി ആക്ഷേപിച്ചത്. ഇ. കെ. നായനാരെ ഒരു പരിഹാസ കഥാപാത്രമായി ചിത്രീകരിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദനെ വെട്ടിനിരത്തലുകാരനായി ചിത്രീകരിച്ച് അങ്ങേയറ്റം ആക്ഷേപിച്ചു. ഇവിടെ ഇരിക്കുന്ന ഞങ്ങളുടെ ഇപ്പോഴത്തെ പാർട്ടി നേതാവും സി.പി.ഐ.(എം)-ന്റെ നേതാവുമായ സഖാവ് പിണറായി വിജയനെ

ചെത്തുകാരന്റെ മകൻ എന്ന് ആക്ഷേപിച്ചില്ലേ. സാമാന്യരീതിയിൽ പറഞ്ഞാൽ രാഷ്ട്രീയരംഗത്ത് ഒരു മര്യാദയില്ലേ? ആ മര്യാദയുടെ ഭാഗമായി നിങ്ങൾ പറഞ്ഞോ, അങ്ങനെ പറയാൻ പാടില്ലെന്ന് പരിണതപ്രജ്ഞരായ ഏതെങ്കിലുമൊരാൾ പറഞ്ഞോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകളുടെ വിവാഹത്തെക്കുറിച്ച് യു.ഡി.എഫ്.-ന്റെ പതിനായിരക്കണക്കിന് ആളുകൾ പങ്കെടുത്ത സമ്മേളനത്തിൽ വളരെ പ്രധാനിയായ ഒരാൾ നടത്തിയ പ്രസംഗം എന്താണ്? എന്തായിരുന്നു നിങ്ങളുടെ പ്രസംഗം, എന്ത് പ്രസംഗമാണ് അവിടെ നടത്തിയത്. ഇതൊന്നും ഞങ്ങളായിട്ട് പറയാൻ ഉദ്ദേശിച്ചതല്ല. ഞങ്ങൾ കമ്മ്യൂണിസ്റ്റുകാരാണ്..., ഞങ്ങൾ കമ്മ്യൂണിസ്റ്റായതുകൊണ്ട് ആ കമ്മ്യൂണിസ്റ്റുകാരന്റെ മര്യാദ ഈ കേരളത്തിൽ എല്ലാ ഘട്ടത്തിലും ഞങ്ങൾ പാലിച്ചിട്ടുണ്ട്, ഇല്ലെന്ന് പറയാൻ നിങ്ങൾക്ക് സാധിക്കുമോ? മര്യാദകെട്ട യാതൊരു സമീപനത്തിനും ഞങ്ങൾ നിന്നിട്ടില്ല. പുതുപ്പള്ളിയിൽ നിങ്ങൾ ആനയെ ഇളക്കിക്കൊണ്ടുവന്നുവെന്ന രീതിയിലാണ് പറയുന്നത്. അത്രയും വോട്ടിന് ജയിച്ചില്ലെങ്കിൽ പിന്നെ നിങ്ങളെ ഒന്നിനും കൊള്ളില്ലെന്നാണർത്ഥം. 53 വർഷക്കാലം പുതുപ്പള്ളിയുടെ ഭാഗമായിനിന്നതിന് ജനങ്ങൾ നൽകിയ ട്രിബ്യൂട്ട്..., ഞങ്ങൾ

മത്സരിക്കുമ്പോൾ, ഞങ്ങൾ സിനിമ കാണാൻ ഇറങ്ങിയതാണോ? മത്സരിക്കുമ്പോൾ മത്സരത്തിന്റെ ഭാഗമായി പറയും, ആ മത്സരത്തിന്റെ ഭാഗമായ നിലപാട് ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഞങ്ങൾ അവിടെ പരാജയപ്പെട്ടു, ശ്രീ. ചാണ്ടി ഉമ്മനെ ഞങ്ങളെല്ലാം അഭിനന്ദിച്ചു. അത് രാഷ്ട്രീയ രംഗത്തെ മര്യാദയാണ്. അത് ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അത് കണ്ടിട്ട് കേരളത്തിൽ എക്കാലത്തും അങ്ങേയറ്റം തെറ്റായ, ശരിയല്ലാത്ത, നിങ്ങൾക്കാരെങ്കിലും ഇവിടെ വരണ്ടെന്നുണ്ടെങ്കിൽ...., ആ വരാതിരിക്കുന്നതിന് ദിവംഗതനായ ഉമ്മൻചാണ്ടി സാറിനെ ഈ തെരഞ്ഞെടുപ്പിൽ ഒരായുധമാക്കാൻ പാടില്ലായിരുന്നു. ഞങ്ങൾ കമ്മ്യൂണിസ്റ്റാണ്, എൽ.ഡി.എഫ്. ആണ്, നിങ്ങൾ കോൺഗ്രസ്സാണ് യു.ഡി.എഫ്. ആണ്, പക്ഷെ, സാമാന്യനിലയിലുള്ള ഒരു പക്വത ഇത്തരം കാര്യങ്ങളിൽ എല്ലാപേരും പ്രകടിപ്പിക്കണം. ഇങ്ങനെയൊരുവിഷയം കൊണ്ടുവന്ന് അതിന്റെ ഭാഗമായി ആക്ഷേപിക്കാൻ മുൻകയ്യെടുത്തത് കോൺഗ്രസ്സിനകത്തെ പടലപ്പിണക്കത്തിന്റെ ഭാഗമാണ്. ഞങ്ങൾക്ക് ഒരു കക്ഷിയില്ല, അതുകൊണ്ട് ഈ അടിയന്തരപ്രമേയം നിലനിൽക്കുന്നൊരു അടിയന്തര പ്രമേയമല്ല. ഇതിനെ ശക്തമായി, അതിശക്തമായി കേരളത്തിലെ

ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് യു.ഡി.എഫ്.-ന്റെ, വിശേഷിച്ച് കോൺഗ്രസ്സിന്റെ ഈ തെറ്റായ നിലപാട് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുകതന്നെ ചെയ്യുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഇതിനെതിരെ അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ അവതരിപ്പിച്ച ഈ അടിയന്തരപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. യേശുവിനെ ക്രൂശിക്കാൻ പടയാളികൾക്കും ആൾക്കൂട്ടത്തിനും വിട്ടുകൊടുത്തതിനുശേഷം, വിധിന്യായം പറഞ്ഞതിനുശേഷം പീലാത്തോസ് കൈകഴുകി. എന്നിട്ട് ഈ നീതിമാന്റെ രക്തത്തിൽ എനിക്കൊരു പങ്കുമില്ലെന്ന് പറഞ്ഞു. ബഹുമാന്യരായ ഭരണകക്ഷി അംഗങ്ങൾ ഇവിടെ സംസാരിച്ചപ്പോൾ എനിക്ക് പീലാത്തോസിനെയാണ് ഓർമ്മ വന്നത്. ഉമ്മൻചാണ്ടിയെ ക്രൂശിക്കുവാൻ അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവൻ കഠിനാധ്വാനം ചെയ്ത ആളുകൾ ഇപ്പോൾ നിയമസഭയിൽ വന്ന് അദ്ദേഹം നീതിമാനായിരുന്നുവെന്ന് പറയുകയാണ്. ആ നീതിമാന്റെ രക്തത്തിൽ ഞങ്ങൾക്ക് പങ്കില്ലെന്ന് പറയുകയാണ്. ഇവിടെ ഭരണകക്ഷിയുടെ ഒരു

നറേറ്റീവുണ്ട്. നിങ്ങൾ ഈ വിഷയം ഒന്നാക്കി, ഇത് രണ്ട് വിഷയമാണ്. ഇവിടത്തെ വിഷയം എന്താണ്? ഇവിടെ 2021-ലെ തെരഞ്ഞെടുപ്പിനുമുമ്പ് പരാതിക്കാരിയുടെ കയ്യിൽനിന്നും പരാതി എഴുതി വാങ്ങിയശേഷം അന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഈ ലൈംഗീകാരോപണവുമായി ബന്ധപ്പെട്ട കേസ് അന്വേഷിക്കുവാൻ സി.ബി.ഐ.-ക്ക് വിട്ടു. അന്നത്തെ മുഖ്യമന്ത്രി തന്നെയാണ് ഇന്നത്തെയും മുഖ്യമന്ത്രി. ഞങ്ങളുടെ ആരോപണം മുഖ്യമന്ത്രിക്ക് നേരെയാണ്. ശ്രീ. ഷാഫി പറമ്പിൽ പ്രമേയത്തിൽ പറഞ്ഞത്, there is a criminal conspiracy, ഒരു ക്രിമിനൽ ഗൂഢാലോചന ഈ കേസിൽ നടന്നു. അതാണ് സി.ബി.ഐ. റിപ്പോർട്ടിന്റെ ഉള്ളടക്കം. ഈ ഗൂഢാലോചന എവിടെ നിന്നാണ് ആരംഭിക്കുന്നത്. എവിടെ നിന്നാണ് ഈ കേസ് ആരംഭിക്കുന്നത്. 2016-ൽ അധികാരത്തിൽ വന്ന് മൂന്നാമത്തെ ദിവസം ഈ പരാതിക്കാരിയെ മുഖ്യമന്ത്രി കാണുന്നുവെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. അതിന്റെ ഇടനിലക്കാരൻ ആരാണ്; വലിയ കോർപ്പറേറ്റ് വ്യവഹാര, ബിസിനസ് ഇടനിലക്കാരനായി അറിയപ്പെടുന്ന ദല്ലാൾ നന്ദകുമാർ. ദല്ലാൾ നന്ദകുമാർ ഇടനിലക്കാരനായി അധികാരത്തിൽ വന്ന് മൂന്നാമത്തെ ദിവസം

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഈ പരാതിക്കാരി കാണുന്നു. ഇതെല്ലാം സി.ബി.ഐ. അന്വേഷണ ഉദ്യോഗസ്ഥർ മുമ്പാകെ നൽകിയ മൊഴിയാണ്. അവിടെവച്ച് ഒരു പരാതി എഴുതിവാങ്ങുന്നു. ആ പരാതിക്ക് ശക്തി കിട്ടാൻ വേണ്ടിയാണ് അങ്ങനെ ചെയ്തത്. അതിനുശേഷം നന്ദകുമാർ പോയി. നേരത്തെതന്നെ പത്തനംതിട്ട ജയിലിൽ നിന്നും ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ  പി. എ. കളക്ട് ചെയ്ത ഒരു പരാതി, അത് ദിവംഗതനായ ബാലകൃഷ്ണപിള്ളയുടെ കയ്യിലുണ്ട്.  അത് നന്ദകുമാറിന് കൊടുക്കാൻ പരാതിക്കാരി പറയുന്നു. ഏഷ്യാനെറ്റ് 50 ലക്ഷം രൂപ കൊടുത്തുവെന്നല്ല പറയുന്നത്, അത് തെറ്റിദ്ധരിച്ച് ആരോ പറഞ്ഞതാണ്. നന്ദകുമാർ 50 ലക്ഷം രൂപ കൊടുത്ത് ഈ കത്ത് വാങ്ങുന്നു.  ആ കത്തിന്റെ പുറത്ത് പരാതിക്കാരി പരാതി കൊടുക്കുന്നു. അതിന്റെ പുറത്ത് നിരന്തരമായി പോലീസ് അന്വേഷണം നടത്തുന്നു. ഇതിനിടയിൽ മൂന്നോനാലോ പോലീസ് ഉദ്യോഗസ്ഥർ മാറിവന്നുവെന്നാണ് എനിക്ക് തോന്നുന്നത്. ഉമ്മൻചാണ്ടിയെ മാത്രമല്ല, ആരോപണവിധേയനായി നിന്ന ഒരാൾക്കെതിരെപോലും യാതൊരു തെളിവും കൊണ്ടുവരാൻ കേരളാ പോലീസിന്റെ മാറിമാറിവന്ന അന്വേഷണ സംഘത്തിന് കഴിഞ്ഞില്ല. ഏറ്റവും അവസാനമാണ് പരാതി

എഴുതിവാങ്ങി ഇത് സി.ബി.ഐ. അന്വേഷണത്തിന് വിടാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിക്കുന്നത്. മുഖ്യമന്ത്രി ഇന്ന് രാവിലെയും പറഞ്ഞത്, ഈ കേസ് സി.ബി.ഐ.-ക്ക് വിടണമെന്ന് പരാതിക്കാരി പറഞ്ഞുവെന്നും അതുകൊണ്ട് ഞാൻ സി.ബി.ഐ.-ക്ക് വിട്ടുവെന്നുമാണ്. അതുകൊണ്ടാണോ ഈ കേസ് സി.ബി.ഐ.-ക്ക് വിട്ടത്? ഈ കത്തിനെക്കുറിച്ചുള്ള രസകരമായ കാര്യത്തെപ്പറ്റി സി.ബി.ഐ. റിപ്പോർട്ടിൽ പറയുന്നുണ്ട്. ആദ്യം 21 പേജുകളുള്ള കത്തായിരുന്നു ഇത്. പിന്നീട് 19 പേജുകളായി മാറി, ചാനലിന് കൊടുത്തത് 25 പേജുകളുള്ള കത്തായിരുന്നു. 30 പേജുകളുള്ള പരാതിയാണ് നൽകിയതെന്ന് പിന്നീട് പരാതിക്കാരി പറഞ്ഞു. 21 പേജ്, 19 പേജ്, 25 പേജ്, പക്ഷെ, കോടതിയിൽ ഹാജരാക്കിയത് വെറും 4 പേജുകളുള്ള പരാതിയാണ്. അങ്ങനെ പല പേജുകളുള്ള കത്തുകളാണ്. വ്യാജ നിർമ്മിതിയാണ് ആ കത്ത്. പണം വാങ്ങി ഈ പറയുന്ന രാഷ്ട്രീയ എതിരാളികളെക്കുറിച്ച് ഓരോ ദിവസവും കത്തെഴുതികൊടുക്കുകയാണ്. ഒരു ലക്ഷം രൂപ എറണാകുളത്ത് അമ്പലത്തിന്റെ സമീപം കൊടുത്തു, 25,000 രൂപ കൊടുത്തു, പണം കൊടുത്ത് വാങ്ങുകയാണ്. പണം കൊടുക്കുന്നതാരാണ്? ആരാണ് ദല്ലാൾ നന്ദകുമാർ വഴി ഇങ്ങനെയൊരു

കത്ത് സംഘടിപ്പിക്കുവാൻ പണം കൊടുത്ത് വിട്ടത്? ദല്ലാൾ നന്ദകുമാർ കയ്യിൽ നിന്നും പണമൊന്നും നൽകില്ല. പണം കൊടുത്തത് നിങ്ങളാണ്, ഇവിടെ ആരാണ് ബെനിഫിഷ്യറി? നിങ്ങളുടെ രാഷ്ട്രീയ എതിരാളികളെ ജനങ്ങളുടെ മുന്നിൽ അപമാനിക്കുന്നതിനുവേണ്ടി പണം കൊടുത്ത് പരാതിക്കാരിയുടെ കയ്യിൽനിന്നും വ്യാജ നിർമ്മിതിയായ കത്ത് വാങ്ങിയശേഷം 5 കൊല്ലം മുഴുവൻ അതുസംബന്ധിച്ച് അന്വേഷണം നടത്തി യാതൊരു തെളിവും ലഭിക്കാതെ വന്നപ്പോൾ തെരഞ്ഞെടുപ്പിനുമുമ്പ് ഈ കേസ് സി.ബി.ഐ.-ക്ക് വിട്ടു. ആരാണ് കേസെടുത്തതെന്നാണ് ചോദ്യം, അത് ഏത് കേസ്സാണ്? നിങ്ങൾ മല്ലേലിൽ ശ്രീധരൻനായരുടെ പേര് പറഞ്ഞു, മല്ലേലിൽ ശ്രീധരൻ നായർ കെ.പി.സി.സി. മെമ്പറൊന്നുമല്ല. പക്ഷെ, അദ്ദേഹം പരാതി കൊടുത്തു, ധാരാളം ആളുകൾ പരാതി കൊടുത്തു. എന്താണ് പരാതി? സോളാർ തട്ടിപ്പ് നടന്നുവെന്നാണ് പരാതി. സോളാറിന്റെ പേരിൽ തട്ടിപ്പ് നടത്തി. ആരാണ് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഇപ്പോൾ അഭിനന്ദിക്കുകയാണ്. ഈ തട്ടിപ്പുകാർക്കെതിരെ അന്ന് 33 കേസ്സുകളെടുക്കുകയും അതിൽ പല കേസ്സുകളിലും ഈ

പരാതിക്കാരിയെ ശിക്ഷിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയപ്പോൾ ടെന്നി ജോപ്പനെ അറസ്റ്റ് ചെയ്തു. ടെന്നി ജോപ്പനെ അറസ്റ്റ് ചെയ്തതാണ് മുഴുവൻ കുഴപ്പത്തിനും കാരണമെന്നാണ് നിങ്ങൾ ഇപ്പോൾ പറയുന്നത്. ഞങ്ങൾ സെക്രട്ടേറിയറ്റിലേയ്ക്ക് പോയെന്ന് ബഹുമാനപ്പെട്ട അംഗം കെ. വി. സുമേഷ് ഇവിടെ പറഞ്ഞു. ടെന്നി ജോപ്പനെ അറസ്റ്റ് ചെയ്തപ്പോൾ നിങ്ങൾ സെക്രട്ടേറിയറ്റിന് മുന്നിലേയ്ക്ക് പോയി. മുഖ്യമന്ത്രിയുടെ ഓഫീസിലെ അന്നത്തെ പി. എ. ആയിരുന്നു ടെന്നി ജോപ്പൻ. ഇവിടെയിരിക്കുന്ന മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി സ്വർണ്ണക്കള്ളക്കടത്ത് കേസ്സിൽ 100 ദിവസം ജയിലിലായിരുന്നു. ഞങ്ങൾ സെക്രട്ടേറിയറ്റ് വൃത്തികേടാക്കാൻ വന്നോ? ജയിൽവാസം കഴിഞ്ഞ് വീട്ടിൽ വന്ന് റെസ്റ്റെടുക്കുമ്പോഴാണ് ലൈഫ് മിഷൻ കേസിൽ ശിവശങ്കർ വീണ്ടും ജയിലിൽ പോയത്. ആരാണ് ലൈഫ് മിഷന്റെ ചെയർമാൻ? ഈയിരിക്കുന്ന മുഖ്യമന്ത്രി. ലൈഫ് മിഷന്റെ ഭാഗമായി കോഴവാങ്ങിയതിന് ആ ഓഫീസിൽ അമിതാധികാരങ്ങളുണ്ടായിരുന്ന ശിവശങ്കർ ജയിലിൽ പോയി. എന്നിട്ടാണ് ടെന്നി ജോപ്പനെ അറസ്റ്റ് ചെയ്ത കാര്യം പറയുന്നത്. ഇത്തരത്തിലുള്ള എത്ര കേസുകളാണ് ഇപ്പോഴുള്ളത്. ഇപ്പോൾ എ.ഐ.

ക്യാമറ കേസിലും കെ-ഫോൺ കേസിലും എസ്റ്റിമേറ്റ് തുക 1000 കോടി രൂപയിൽ നിന്നും 1500 കോടി രൂപയാക്കി മാറ്റാൻ കത്തുകൊടുത്തത് ഈ ശിവശങ്കറാണെന്നാണ് ഞങ്ങൾ ഉന്നയിക്കുന്ന അഴിമതി ആരോപണം. എന്നിട്ട് ടെന്നി ജോപ്പൻ..., അന്നത്തെ കേസ് തട്ടിപ്പുകേസ്സാണ്. ആ തട്ടിപ്പ് കേസിൽ ബന്ധമുള്ള ഈ പരാതിക്കാരിയേയും അതുമായി ബന്ധമുള്ള മുഴുവൻപേരെയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അകത്താക്കി. ഒരു ദാക്ഷണ്യവും കാണിച്ചില്ല. അന്ന് മുഖ്യമന്ത്രിയായിരുന്നു ഉമ്മൻചാണ്ടി. മുഖ്യമന്ത്രി അറിയാതെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഇത്തരമൊരു നടപടിയെടുക്കാൻ സാധിക്കുമോ? മുഖ്യമന്ത്രിക്ക് ഇഷ്ടമല്ല, അതുകൊണ്ട് മുഖ്യമന്ത്രിക്ക് നടപടിയെടുക്കാൻ സാധിക്കില്ലെന്ന് പറഞ്ഞാൽ പിന്നെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് നടപടിയെടുക്കാൻ സാധിക്കുമോ? മുഖ്യമന്ത്രിയുടെ അറിവോടുകൂടി, കോൺഗ്രസ്സ് പാർട്ടിയുടെ അറിവോടുകൂടി, യു.ഡി.എഫ്.-ന്റെ അറിവോടുകൂടിയാണ് ഈ കേസ്സുകളെല്ലാം എടുത്തത്. ആ കേസ് വേറെയാണ്. ശിവരാജൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ കൂടെ ലൈംഗീകാരോപണവുമായി ബന്ധപ്പെട്ട് പരാതിക്കാരിയുടെ കയ്യിൽ നിന്നും എഴുതി വാങ്ങിയ പരാതികൂടി അറ്റാച്ച് ചെയ്തു. എന്നിട്ട് അത് റിപ്പോർട്ടിന്റെ

ഭാഗമാക്കി. അപ്പോൾ ഉമ്മൻചാണ്ടി ഹൈക്കോടതിയിൽ പോയി, ഹൈക്കോടതി പറഞ്ഞു....,

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇരുന്നിട്ടില്ല, ഇരിക്കുന്നതിനുമുമ്പുതന്നെ അദ്ദേഹം സംസാരിച്ചു തുടങ്ങി...

മി. സ്പീക്കർ: അദ്ദേഹം മന്ത്രിയല്ലേ, അങ്ങ് വഴങ്ങിക്കൊടുക്കുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇരിക്കുന്നതിനുമുമ്പേ അദ്ദേഹം സംസാരിച്ചുതുടങ്ങി. ബഹുമാനപ്പെട്ട മന്ത്രി ഇരിക്കണം. അറ്റാച്ച് ചെയ്തതിനെതിരെ ഉമ്മൻചാണ്ടി ഹൈക്കോടതിയിൽ പോയി...

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗം പ്രസംഗിച്ചപ്പോൾ മുഖ്യമന്ത്രി അറിയാതെ ആഭ്യന്തര വകുപ്പുമന്ത്രി ഒരുകാര്യവും ചെയ്യില്ലെന്നും യു.ഡി.എഫ്-ഉം കോൺഗ്രസ് പാർട്ടിയുംകൂടി തീരുമാനിച്ചാണ് കേസെടുത്തതെന്നും പറയുകയുണ്ടായി. ഭരണപരമായ കാര്യങ്ങളിൽ കോൺഗ്രസും യു.ഡി.എഫ് പാർട്ടിയുംകൂടി തീരുമാനിച്ചിട്ടാണ് പോലീസ് കേസെടുത്തതെന്നൊക്കെ പറയുന്നത് ശരിയായ കാര്യമല്ല..., ഒരു

ഒഴക്കിൽ പറഞ്ഞുപോയതാണെങ്കിൽ അക്കാര്യം ശ്രദ്ധിക്കേണ്ടതാണെന്ന് പറയാനാണ് ഞാൻ ഇടപെട്ടത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറഞ്ഞത് രേഖപ്പെടുത്തപ്പെട്ടതാണ്. അങ്ങ് പറയുന്ന കാര്യം എന്നോട് പറയരുതേ..., ഞാൻ പറഞ്ഞത് വളരെ വ്യക്തമാണ്. ഞാൻ പറഞ്ഞ കാര്യം രേഖയിലുണ്ട്. Sexual scandal റിപ്പോർട്ടിനോടൊപ്പം കൂട്ടിച്ചേർത്തു. ഹൈക്കോടതിയിൽ കേസ് കൊടുത്തപ്പോൾ ഈ ദുരാരോപണം ഒരിക്കലും റിപ്പോർട്ടിന്റെ ഭാഗമല്ലെന്ന് ഹൈക്കോടതി വിധിച്ചു. ഈപ്പറയുന്ന ആരോപണത്തിന് ഒരു വിശ്വാസ്യതയുമില്ലെന്നും അത് മാറ്റി വയ്ക്കണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വളരെ ശക്തമായ ഭാഷയിൽ പറഞ്ഞു. എന്നിട്ട് 'റിപ്പോർട്ടിന്റെ ഭാഗമല്ല' എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞ അവരുടെ പരാതിയിന്മേലാണ് ഈ അന്വേഷണങ്ങളെല്ലാം നടത്തിയത്. ഇക്കാര്യങ്ങളെല്ലാം നിങ്ങളറിയണം. രണ്ടാമത്തെകാര്യം, ഒരു സ്ത്രീ പരാതി നൽകിയാൽ അന്വേഷിക്കണ്ടേയെന്ന് നിങ്ങൾ ചോദിച്ചു. കാലം നിങ്ങളുടെ മുഖത്തുനോക്കി കണക്കുചോദിക്കുമെന്ന് ഞാൻ അന്ന് മുഖ്യമന്ത്രിയോട് പറഞ്ഞു. അപ്പോൾ ഇതാ, നിങ്ങളുടെ കാലത്ത് വേറൊരവതാരം വന്നു,

വന്നില്ലേ? 2016-ൽ ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായപ്പോൾ അവതാരങ്ങളെ അകറ്റിനിർത്തുമെന്ന് പറഞ്ഞയാളാണല്ലോ നിങ്ങൾ, എന്നിട്ടും മൂന്നാമത്തെ ദിവസം വന്ന അവതാരമായ ദല്ലാൾ നന്ദകുമാർ. ധർമ്മസംസ്ഥാപനാർത്ഥം നാട്ടിൽ അവതരിച്ച നന്ദകുമാരനാണോ; ആണോ? പിന്നെയും വന്നല്ലോ അവതാരങ്ങൾ. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ കൂട്ടാളിയായ മറ്റൊരാളിന്റെ പേര് കൂടി പുറത്തുവന്നല്ലോ; ഞാൻ അവരുടെയൊന്നും പേരെടുത്ത് പറയാൻ ആഗ്രഹിക്കുന്നില്ല. ഫോൺ ചെയ്തപ്പോൾ രാമായണമാണോ, മഹാഭാരതമാണോ പറഞ്ഞിരുന്നതെന്ന് നിങ്ങളിൽ പലരും ഇവിടെ ചോദിച്ചു. നിങ്ങൾ ഒരു കാര്യം അറിയണം, നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം പറഞ്ഞുതരാം. രണ്ടാമത് വന്നയാൾ നിങ്ങളുടെ പല നേതാക്കന്മാരെക്കുറിച്ചും ഫോണിൽ വിളിച്ചുവെന്നും മറ്റുതരത്തിൽ വിളിച്ചുവെന്നുമൊക്കെ പറഞ്ഞു. എന്നാൽ ഞങ്ങൾ അത് ഏറ്റുപിടിച്ചില്ല. അതേക്കുറിച്ച് എവിടെയും പറയേണ്ടെന്ന് ഞങ്ങൾ എല്ലാവരോടും പറഞ്ഞു. ഈ നിയമസഭയിലടക്കം ഒരുസ്ഥലത്തും ഞങ്ങൾ അക്കാര്യങ്ങൾ പറഞ്ഞില്ല. അടുത്തതായി നിങ്ങൾ പറയുന്ന കാര്യമെന്താണ് ഇതെല്ലാം കോൺഗ്രസിലെ ഗ്രൂപ്പ് വഴക്കാണെന്നാണ്;

ഐ.എസ്.ആർ.ഒ. കേസ്, സോളാർ കേസ് ഉൾപ്പെടെയെല്ലാം അങ്ങനെയാണെന്ന് നിങ്ങൾ പറഞ്ഞു. ഞാൻ ഒരു കാര്യം ചോദിക്കട്ടേ, S.N.C. ലാവ്‌ലിൻ കേസ് എങ്ങനെയാണ് വന്നതാണ്; ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാമല്ലോ? വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയന് എതിരെ നിയമസഭയിൽ അഴിമതി അരോപണം ഉന്നയിക്കുന്നത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. അദ്ദേഹത്തിന് S.N.C. ലാവ്‌ലിൻ അഴിമതി ആരോപണമുന്നയിക്കാൻ ആവശ്യമായ രേഖകൾ വൈദ്യുതി ബോർഡിൽനിന്നും കൊടുത്തത് ആരാണ്? ഉറവിടം വെളിപ്പെടുത്താൻ പാടില്ലെന്നതുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അക്കാര്യം പറയില്ല. എന്നാൽ അതാരാണെന്ന് എനിക്കറിയാം. നിങ്ങളുടെ കൂട്ടത്തിലുള്ള ആളാണ്. ഡോ. കെ. ടി. ജലീൽ, പാർലമെന്ററി പാർട്ടി യോഗം കൂടുമ്പോൾ ശ്രീ. ജസ്വന്ത് സിംഗിന്റെ പ്രസംഗം ഒന്നുകൂടി കേൾപ്പിച്ചുകൊടുക്കണം. അവിടെയും ഉണ്ടായിരുന്നു. S.N.C. ലാവ്‌ലിൻ ആരോപണമുന്നയിച്ചത് ഞങ്ങളുടെ ഭാഗത്തുനിന്നാണെങ്കിൽ ആരോപണത്തിനടിസ്ഥാനമായ രേഖകൾ ലഭിച്ചത് മുഴുവൻ അവിടെനിന്നുമാണ്. ആർ. ബാലകൃഷ്ണപിള്ളയെ ജയിലിലാക്കാനും

അങ്ങനെയൊരു വിധിന്യായം വരാനും എന്റെ സംഭാവനയുണ്ട് എന്നുപറഞ്ഞ ദല്ലാൾ നന്ദകുമാർ അന്ന് ആരുടെ ആളായിരുന്നു; അന്ന് നന്ദകുമാറിന്റെ കർത്തവ്യം എന്തായിരുന്നു? അന്ന് ദല്ലാൾ നന്ദകുമാറിന്റെ ലക്ഷ്യം ഞങ്ങളായിരുന്നില്ല, ആകെ ഇടപെട്ടിട്ടുള്ളത് ആർ. ബാലകൃഷ്ണപ്പിള്ള കേസിൽ മാത്രമാണ്. ദല്ലാൾ നന്ദകുമാർ അന്ന് ഉന്നംവച്ചത് നിങ്ങളെയായിരുന്നു. അന്നത്തെ പാർട്ടി സെക്രട്ടറിയും ഇന്നത്തെ മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയൻ ആയിരുന്നു. എന്നിട്ടും നിങ്ങൾ അദ്ദേഹവുമായി കൂട്ടുകൂടിയത് എത്രപെട്ടെന്നാണ്! അധികാരത്തിൽവന്ന് മൂന്നാം ദവസംതന്നെ നിങ്ങൾ അദ്ദേഹത്തെ കൈയ്യിലെടുത്തു. അങ്ങ്, അങ്ങയുടെ ശത്രുവായിരുന്നവനെ നിരീക്ഷിക്കുകയായിരുന്നു, ഇവൻ കൊള്ളാം, ഇതുപോലെയുള്ള വേണ്ടാത്ത പരിപാടികൾക്ക് ഇവനെ ഉപയോഗപ്പെടുത്താമെന്ന് ഉറപ്പിക്കുകയായിരുന്നു. അധികാരത്തിൽ വന്നയുടനെ ദല്ലാൾ നന്ദകുമാറിനെ ഉപയോഗിച്ച് പണം കൊടുപ്പിച്ച് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോയി. അതിന് നിങ്ങൾ ഇവിടെ എന്തെല്ലാം പറഞ്ഞു. ശ്രീ. ഇ. പി. ജയരാജൻ പരാതിക്കാരിക്ക് 10 കോടി രൂപ വാഗ്ദാനം ചെയ്തുവെന്ന് അവർതന്നെ പരസ്യമായി പറഞ്ഞ കാര്യം ശ്രീമതി. കെ. കെ.

രമ ഇവിടെ സൂചിപ്പിച്ചു. പ്രതിയെ സ്വാധീനിക്കാൻ ശ്രമിച്ച കുറ്റത്തിന് നിങ്ങൾ ശ്രീ. ഇ. പി. ജയരാജനെതിരെ കേസെടുത്തോ? പരാതിക്കാരി പരസ്യമായി പറഞ്ഞതാണ്. അവർ പറഞ്ഞതിന്റെ പേരിലാണ് അന്ന് ഉമ്മൻചാണ്ടിക്കും മറ്റുള്ളവർക്കുമെതിരെ സി.ബി.ഐ. കേസെടുത്തത്. ശ്രീ. ഇ. പി. ജയരാജൻ 10 കോടി രൂപ വാഗ്ദാനം ചെയ്തുവെന്ന് പരാതിക്കാരി പറഞ്ഞിട്ടും അദ്ദേഹത്തിനെതിരെ നിങ്ങൾ കേസെടുത്തില്ലല്ലോ; ശ്രീ. എം. വി. ഗോവിന്ദൻ മാഷിന്റെ പരിപാടിയിൽ പങ്കെടുക്കാതെ ശ്രീ. ഇ. പി. ജയരാജൻ പോയത് എങ്ങോട്ടായിരുന്നു? ദല്ലാൾ നന്ദകുമാറിന്റെ വീട്ടിലേയ്ക്ക്! എന്താണ് ഇവർ തമ്മിലുള്ള ബന്ധം? ഇടതുപക്ഷ ജനാധിപത്യ മുന്നണി കൺവീനറായ ശ്രീ. ഇ. പി. ജയരാജന് ദല്ലാൾ നന്ദകുമാറുമായുള്ള ബന്ധം എന്തായിരുന്നു; പരാതിക്കാരിക്ക് 10 കോടി രൂപ കൊടുക്കാമെന്ന് ഇവരെല്ലാം തമ്മിൽ ഏർപ്പാടുണ്ടാക്കിയത് എന്തിനായിരുന്നു? സോളാർ കേസ് തട്ടിപ്പ് കേസായിരുന്നുവെന്ന് ഞാൻ പറയുന്നു. അന്നത്തെ ഉമ്മൻചാണ്ടി സർക്കാർ ആഭ്യന്തര വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതൃത്വത്തിൽ കൃത്യമായി കേസെടുത്തു, എല്ലാ പരാതിയിന്മേലും കേസെടുത്തു, 33 കേസുകൾ ചാർജ്ജ് ചെയ്ത് നടപടി

സ്വീകരിച്ചു. എന്നാൽ നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ നിങ്ങളുടെ മുൻഗണന അതായിരുന്നില്ല. നിങ്ങളുടെ മുൻഗണന ഇവരുടെ വ്യാജപരാതിയിലായിരുന്നു. അതാണ് രണ്ടാംഘട്ടം. ആരും അക്കാര്യം പറഞ്ഞ് ആശയക്കുഴപ്പമുണ്ടാക്കേണ്ട, കേസെടുത്തത് നിങ്ങളല്ലേ എന്ന് ഇവിടെ ആരും പറയേണ്ട. അത് രണ്ടാംഘട്ടം. ആ രണ്ടാംഘട്ടത്തിൽ അവർ നിങ്ങൾക്ക് വേണ്ടപ്പെട്ട ആളായി. തട്ടിപ്പുകാരി, പരാതിക്കാരി എന്നൊക്കെ പറഞ്ഞ ആ സ്ത്രീ നിങ്ങൾക്ക് വേണ്ടപ്പെട്ട ആളായി. അതുതന്നെയാണ് ഞാൻ പറയുന്നത്. അതായത്, യേശുവിനെ ക്രൂശിക്കണം എന്ന് പറഞ്ഞുകൊണ്ട് ആൾക്കൂട്ടം ഒന്നായി ബഹളമുണ്ടാക്കുകയാണ്, അപ്പോൾ പകരം ഒരാളെ വിട്ടുതരാമെന്ന് ന്യായാധിപൻ പറഞ്ഞു. എന്നാൽ കുറ്റവാളിയായ ബറബ്ബാസിനെ വിട്ടുതരൂ, യേശുവിനെ ക്രൂശിക്കുവെന്ന് ആൾക്കൂട്ടം പറഞ്ഞു. അതുപോലെ നിങ്ങളും പറഞ്ഞു, പരാതിക്കാരിയെ ഞങ്ങൾക്ക് വേണം ഉമ്മൻചാണ്ടിയെ ക്രൂശിക്കൂ.... ബറബ്ബാസിനെ വിട്ടുതരാനും യേശുവിനെ ക്രൂശിക്കാനും പറഞ്ഞ ആ ആൾക്കൂട്ടത്തിന്റെ മനസ്സായിരുന്നു നിങ്ങൾക്കെല്ലാവർക്കും, ഉമ്മൻചാണ്ടിയെ ക്രൂശിക്കാൻ, ആ മനുഷ്യനെ അപമാനിക്കാൻ. എന്നിട്ട് ഇപ്പോൾ നിങ്ങൾ പറയുകയാണ്, " Certainly he

was a righteous person” . വാസ്തവത്തിൽ അദ്ദേഹം ഒരു നീതിമാനായിരുന്നുവെന്ന് പറയുകയാണ്. എന്താ ഇപ്പോഴത്തെ ഒരു വർത്തമാനം! സി.ബി.ഐ.-യുടെ ഈ റിപ്പോർട്ടിലെ എല്ലാ പേജുകളും വായിക്കാൻ കൊള്ളില്ല, ഈ നിയമസഭയിൽ ഉദ്ധരിക്കുവാൻ പറ്റില്ല. ഇത് സി.ബി.ഐ.യുടെ കൃത്യമായ കണ്ടെത്തലുകളാണ്. എന്താണ് ആ കണ്ടെത്തൽ? കേസിന് ആസ്പദമായ കത്ത് ഒരു വ്യാജനിർമ്മിതിയാണ്, പണം വാങ്ങി നിർമ്മിച്ച കത്താണ്. പല പേജുകളുള്ള കത്താണിത്. ആ കത്തിന്മേലാണ് അന്വേഷണം നടത്തിയത്. അന്വേഷണം നടത്തിയപ്പോൾ രണ്ട് ആരോപണങ്ങളുണ്ടായിരുന്നു, പണം വാങ്ങിച്ചുവെന്നും ആരോപണമുണ്ടായിരുന്നു. എന്നാൽ അതെല്ലാം അടിസ്ഥാനരഹിതമാണെന്നും വ്യാജമാണെന്നും വഞ്ചനയാണെന്നും ഒരു തരത്തിലും നിലനിൽക്കുന്ന ഒരു തെളിവുമില്ലെന്നും സി.ബി.ഐ. കണ്ടെത്തി. ഉമ്മൻചാണ്ടിയുടെ കേസിൽ മാത്രമല്ല, നിങ്ങൾ ആരോപണം ഉന്നയിച്ചുകൊണ്ട് സി.ബിഐ.-യ്ക്ക് വിട്ട എല്ലാ കേസുകളിലും ഒരു തെളിവുമില്ലെന്ന് പറഞ്ഞുകൊണ്ട് സി.ബി.ഐ. റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. അത്തരമൊരു വ്യാജ നിർമ്മിതിയുടെ പുറകിൽ ഒരു ക്രിമിനൽ

കോൺസ്പിറസിയുണ്ട്. ആ ഗൂഢാലോചനയിലെ ഒന്നാംപ്രതി അധികാരത്തിലേറി മൂന്നാം ദിവസം സ്വന്തം ഓഫീസിൽ ഈ പരാതിക്കാരിയെ വിളിച്ചുവരുത്തി പരാതി വാങ്ങിച്ച കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. ഉമ്മൻചാണ്ടിയെയും കോൺഗ്രസ് നേതാക്കന്മാരെയും മനഃപൂർവ്വമായി അപമാനിക്കാൻവേണ്ടി ചെയ്തതാണ്. ആ സമയത്ത് ഉമ്മൻചാണ്ടിക്ക് എഴുപത്തഞ്ച് വയസ് പൂർത്തിയായിട്ടുണ്ടാവും. എഴുപത്തിയഞ്ച് വയസ്സുകഴിഞ്ഞ ആ മനുഷ്യനെ കേരളത്തിന്റെ മുന്നിൽ അപമാനിച്ചിട്ട് ഇപ്പോൾ നിങ്ങളാണ്, നിങ്ങളാണ് വേട്ടയാടുന്നതെന്ന് വീണ്ടും പറഞ്ഞുകൊണ്ടിരിക്കുകയാണ്. തീവെട്ടിക്കൊള്ളയാണെന്ന് ഞാൻ പറഞ്ഞിട്ടുണ്ടെന്ന് ഇവിടെയാരോ പറഞ്ഞല്ലോ. എനിക്കെതിരെ വന്ന അലിഗേഷനല്ലേ, ഞാൻ മറുപടി പറയണമല്ലോ; തീവെട്ടിക്കൊള്ളയാണെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്, എന്റെ നിയോജകമണ്ഡലത്തിൽ ഞങ്ങളുടെ ഗവൺമെന്റ് മുൻകൈയ്യെടുത്ത് 'സന്തോഷ് മാധവനിൽ' നിന്നും പിടിച്ചുവാങ്ങിയ നൂറ്റിച്ചില്വാനം എക്കർ ഭൂമി കുറേ ഉദ്യോഗസ്ഥർ ചേർന്ന് വീണ്ടും അയാൾക്ക് കൊടുക്കാൻ ശ്രമിച്ചത് എന്റെ ശ്രദ്ധയിൽപ്പെട്ടു. എന്റെ മണ്ഡലത്തിലെ ഭൂമിയാണ്, എന്നോട് മാധ്യമങ്ങൾ അതേപ്പറ്റി

ചോദിച്ചപ്പോൾ, കൊള്ളയാണ്, തീവെട്ടിക്കൊള്ളയാണ് അവിടെ നടക്കുന്നതെന്ന് ഞാൻ പറഞ്ഞു. അപ്പോൾ മുഖ്യമന്ത്രി ഉമ്മൻചാണ്ടി എന്നെ വിളിച്ച് വിശദാംശങ്ങൾ ചോദിച്ചറിഞ്ഞു. അദ്ദേഹം കാര്യങ്ങൾ അന്വേഷിപ്പിച്ചു. ഇരുപത്തിനാല് മണിക്കൂറിനകം ഭൂമി വിട്ടുകൊടുക്കാൻ സ്വീകരിച്ച നടപടിക്രമങ്ങൾ മുഴുവൻ മാറ്റിവച്ചു. ഒരു കാരണവശാലും ചെയ്യരുതെന്ന് പറഞ്ഞു. അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതിന് അദ്ദേഹം എന്നെ വിളിച്ച് നന്ദിപറഞ്ഞു. നിങ്ങളെപ്പോലെ "മന്നവേന്ദ്രാ വിളങ്ങുന്നു ചന്ദ്രനെപ്പോലെ നിൻ മുഖം" എന്നുപാടുന്ന രാജകൊട്ടാരത്തിലെ വിദൂഷകരായിരുന്നില്ല ഞങ്ങൾ. ഞങ്ങൾ ചോദ്യം ചെയ്യുമായിരുന്നു. നിങ്ങൾ രാജകൊട്ടാരത്തിലെ വിദൂഷകന്മാരാണ്. നിങ്ങളാണ് ഇദ്ദേഹത്തെ ചീത്തയാക്കുന്നത്. പേടിയാണ് നിങ്ങൾക്ക്.... നിങ്ങൾ ഭീരുക്കളാണ്. ഭീരുക്കളുടെ കൂട്ടമാണ്. നിങ്ങൾക്ക് കാര്യങ്ങൾ പറയാൻ പേടിയാണ്. (.........ബഹളം.........)

<u>മി. സ്പീക്കർ</u>: പ്ലീസ്....... സമയം അതിക്രമിച്ചിരിക്കുന്നു........

<u>ശ്രീ. വി. ഡി. സതീശൻ</u>: ഞങ്ങൾക്ക് ധൈര്യമുണ്ട്. ഞങ്ങൾ കാര്യങ്ങൾ പറയും. അത് എല്ലാ കാലത്തും പറയും. അതുകൊണ്ട് ഞാൻ ഗൗരവത്തോടുകൂടി ആവശ്യപ്പെടുന്നു. (.........ബഹളം.........) ഈ കേസ്.....

<u>മി. സ്പീക്കർ</u>: യെസ്..... പ്ലീസ്...... പ്ലീസ്...... അദ്ദേഹം കൺക്ലൂഡ് ചെയ്യാൻ പോകുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ:</u> Criminal conspiracy കൃത്യമായി തെളിയിക്കപ്പെട്ടിരിക്കുന്ന കേസാണിത്. അതുകൊണ്ട് സി.ബി.ഐ.-യോട് തന്നെ ഈ criminal conspiracy-യെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെടാൻ സർക്കാർ തയ്യാറുണ്ടോയെന്നാണ് ഞങ്ങളുടെ ചോദ്യം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്)</u>: സർ, ഇവിടെ പറഞ്ഞ പലകാര്യങ്ങൾക്കും ബഹുമാനപ്പെട്ട അംഗം മറുപടി പറഞ്ഞെങ്കിലും ഒരു കാര്യം അങ്ങ് വിട്ടുപോയി. സോളാർ കമ്മീഷന്റെ റിപ്പോർട്ട് ഗൗരവതരമായ കണ്ടെത്തലുകളാണെന്ന് അന്നത്തെ കെ.പി.സി.സി. വൈസ് പ്രസിഡന്റായിരുന്ന അങ്ങ് പറഞ്ഞതാണ്. അതിനെക്കുറിച്ച് അങ്ങ് മൗനം പാലിക്കുകയാണ് ചെയ്തത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ മാത്രമല്ല, ഗൗരവതരമായ ആരോപണങ്ങൾ ആ റിപ്പോർട്ടിലുണ്ടെന്ന് ഞങ്ങളെല്ലാവരും പറഞ്ഞതാണ്. അങ്ങനെ ഉമ്മൻചാണ്ടി ഹൈക്കോടതിയിൽ പോവുകയും അത്തരം ആരോപണങ്ങൾ മുഴുവൻ അതിൽനിന്നും ഡിറ്റാച്ച് ചെയ്യുകയും ചെയ്തു. അതിന് ക്രെഡിബിലിറ്റിയില്ലെന്ന് ഹൈക്കോടതി പറഞ്ഞത് വളരെ ഗുരുതരമായ ആക്ഷേപമല്ലേ? ഞങ്ങളെല്ലാവരും ഗൗരവത്തോടുകൂടിയാണ് അതിനെ കണ്ടത്. ഞങ്ങളെല്ലാവരും ഒരേപോലെ  പറഞ്ഞ കാര്യമാണ്. ഉമ്മൻ ചാണ്ടി അപ്പോൾ മാത്രമേ കോടതിയിൽ പോയുള്ളൂ.

<u>വ്യക്തിപരമായ വിശദീകരണം</u>

<u>അടിയന്തരപ്രമേയ ചർച്ചയിൽ പേര് പരാമർശിച്ചത് സംബന്ധിച്ച്</u>

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, അടിയന്തരപ്രമേയ ചർച്ചയിൽ ശ്രീ. സണ്ണി ജോസഫ്, ശ്രീ. എൻ. ഷംസുദ്ദീൻ എന്നീ രണ്ട് അംഗങ്ങൾ ഈ വിഷയവുമായി ബന്ധപ്പെട്ട് എന്റെ പേര് പരാമർശിക്കുകയുണ്ടായി. അതിനൊരു വിശദീകരണം നൽകുന്നതിന് ഒരംഗമെന്ന നിലയിലുള്ള എന്റെ അവകാശം അങ്ങ് അനുവദിച്ചു നൽകിയതിൽ ഏറെ നന്ദിയുണ്ട്. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് കഴിഞ്ഞദിവസങ്ങളിൽ വാർത്താമാധ്യമങ്ങളിൽ

അനാവശ്യമായി ചില പ്രചരണങ്ങൾ നടക്കുന്നുണ്ടെങ്കിലും അതിനെതിരെ അവരുടെ മുന്നിൽപ്പോയി മറുപടി പറയാൻ എനിക്ക് താൽപ്പര്യമില്ല. ഞാൻ അങ്ങനെ പതിവായി ചെയ്യുന്ന ഒരാളല്ല. എന്നാലും ഇങ്ങനെ സഭയിൽ ഇത്തരമൊരു ചർച്ച വരാനും അതിലൂടെ മറുപടി നൽകാനും അവസരം ലഭിച്ചതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പ്രതിപക്ഷനേതാവിനോടും എനിക്ക് നന്ദിയുണ്ട്. ഉമ്മൻചാണ്ടിയുമായി രാഷ്ട്രീയമായ എതിർപ്പുണ്ടെന്നത് യാഥാർത്ഥ്യം നിലനിൽക്കുന്ന സാഹചര്യത്തിൽ 2013 എപ്രിൽ മാസം 1-ാം തീയതി വ്യക്തിപരവും കുടുംബപരവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ട് യു.ഡി.എഫ്. സർക്കാരിൽനിന്ന് രാജി വച്ച ആളാണെന്ന് എല്ലാവർക്കുമറിയാം. ശ്രീ. സണ്ണിജോസഫ് പറഞ്ഞതുപോലെ എന്തോ വലിയ രഹസ്യം സൂക്ഷിക്കുന്ന ഒരാളാണ് ഞാനെന്ന് ഒരിക്കലും വിചാരിക്കുന്നില്ല. എന്നെ സംബന്ധിച്ച് ഞാനൊരു തുറന്ന പുസ്തകമാണ്. എന്നെക്കുറിച്ച് എന്തുചോദിച്ചാലും ഫ്രീയായി ആരോടുവേണമെങ്കിലും മറുപടി പറയും. കപട സദാചാരം അഭിനയിച്ച് കേരള രാഷ്ട്രീയത്തിൽ നിൽക്കുന്ന ആളല്ല ഞാൻ. 5 തെരഞ്ഞെടുപ്പുകളിൽ ഞാൻ ജയിച്ചു. 2013-ൽ ഞാൻ രാജിവച്ച് പുറത്തുവന്നതിനുശേഷം എന്റെ ശ്രദ്ധയിൽപ്പെട്ട ചില

അഴിമതികൾ നിയമസഭയിലാണ് ഞാൻ അവതരിപ്പിച്ചത്; അല്ലാതെ പത്രങ്ങളുടെ മുമ്പിലല്ല. അതിന്റെ പേരിൽ യു.ഡി.എഫ്.-മായി ഇടയുകയും അങ്ങനെ എന്റെ പിതാവ് ആർ. ബാലകൃഷ്ണപിള്ള നേതൃത്വം കൊടുത്തിരുന്ന കേരള കോൺഗ്രസ് (ബി) യു.ഡി.എഫ്.-ൽ നിന്ന് പിരിയുകയും ചെയ്തു. വളരെ നാളുകൾക്കുശേഷമാണ് ഞങ്ങൾ എൽ.ഡി.എഫ്.-ന്റെ ഭാഗമായി മാറുന്നത്. സോളാർ പ്രശ്നങ്ങൾ നടക്കുന്ന സമയത്ത് സഹായമഭ്യർത്ഥിച്ചുകൊണ്ട് കോൺഗ്രസ്സിന്റെ പ്രമുഖരായ പല നേതാക്കളും എന്റെ പിതാവുമായി ബന്ധപ്പെട്ടു. ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത് മനോജ് എന്നയാളോട് എന്നെ രക്ഷിക്കണമെന്ന് ഞാൻ പറഞ്ഞതായി സൂചിപ്പിച്ചു. ആര് എന്തുപറഞ്ഞാലും സ്വീകരിക്കുന്ന ഒരാളാണ് ഞാൻ. കപടസദാചാരം എന്റെ നിഘണ്ടുവിലില്ല. സത്യമേ ഞാൻ പറയൂ. പറയാനുള്ളത് ആരുടെ മുഖത്തുനോക്കി എവിടെയും പറയും. രാഷ്ട്രീയത്തിൽ നിൽക്കണമെന്നോ മന്ത്രിയാകണമെന്നോ ജീവിതകാലം മുഴുവൻ രാഷ്ട്രീയത്തിൽനിന്ന് മരിക്കണമെന്നോ ആഗ്രഹിക്കുന്ന ഒരാളല്ല ഗണേഷ് കുമാർ. ഏത് നിമിഷവും എന്റെ ഇഷ്ടത്തിന് ഞാൻ ഇതൊക്കെ വിട്ടുപോകും. അങ്ങനെയുള്ള ഞാൻ മനോജിനോട് പറയുമോ? ആരാണ് മനോജ് എന്നത്

എല്ലാവരും മനസ്സിലാക്കണം. 2013-ൽ ആർ. ബാലകൃഷ്ണപിള്ള നേതൃത്വം കൊടുക്കുന്ന കേരള കോൺഗ്രസ് (ബി) യു.ഡി.എഫ്. വിട്ട് എൽ.ഡി.എഫ്.-ലേയ്ക്ക് നീങ്ങുമ്പോൾ പാർട്ടി വിട്ട് പുറത്തുപോയ ആളാണ് ഇദ്ദേഹം. മനോജ് എന്റെ ബന്ധുവാണെന്നത് നിഷേധിക്കാൻ കഴിയില്ല. എന്റെ അച്ഛന്റെ സഹോദരിയുടെ മകളുടെ മകനാണ്. ഇന്നലെ മാധ്യമങ്ങൾ പറയുന്നത് ഗണേഷ് കുമാർ ഇത് അറിഞ്ഞിട്ടേയില്ലെന്നാണ്. ഞാൻ അറിഞ്ഞിട്ടില്ല എന്നത് സത്യമാണ്. 2013 മുതൽ 2022 ഈ ദിവസം വരെ ഈ പരാതിക്കാരിയോ അവരുമായി ബന്ധപ്പെട്ടവരോ നേരിട്ടോ അല്ലാതെയോ ഫോണിലോ എന്നെ ബന്ധപ്പെട്ടിട്ടില്ല. അത് തെളിയിക്കാൻ ഏത് സി.ബി.ഐ.-യെ വേണമെങ്കിലും ഞാൻ വെല്ലുവിളിക്കുകയാണ്. ഗണേഷ് കുമാറിന് വളഞ്ഞവഴിയിലൂടെ ഒരു വേല വയ്ക്കേണ്ട കാര്യമില്ല. മുഖത്തുനോക്കി പറയും മുഖത്തുനോക്കി ചെയ്യും. സ്വകാര്യ ജീവിതത്തിൽപ്പോലും വളഞ്ഞ വഴിയിലൂടെ ഒരു കാര്യവും ചെയ്തിട്ടില്ല. എല്ലാം തുറന്ന പുസ്തകമാണ്. അക്കാര്യം ഭരണപക്ഷത്തും പ്രതിപക്ഷത്തും ഇരിക്കുന്ന എം.എൽ.എ.-മാർക്കും മാധ്യമ പ്രവർത്തകർക്കുമറിയാം. എന്തെങ്കിലുമുണ്ടോയെന്ന് ചോദിച്ചാൽ ഉണ്ടെന്ന് ചിരിച്ചുകൊണ്ട് പറയുന്ന

ആളാണ് ഞാൻ. എനിക്ക് എന്റെ ഭാര്യയും മക്കളെയും ബോധ്യപ്പെടുത്തിയാൽ മതി. വേറെ ആരെയും ബോദ്ധ്യപ്പെടുത്തേണ്ടതില്ല. 2016-ലെ തെരഞ്ഞെടുപ്പിൽ ഞാൻ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി പത്തനാപുരത്ത് മത്സരിക്കുമ്പോൾ എന്റെ സഹപ്രവർത്തകനും സുഹൃത്തും സഹോദരനുമായ ശ്രീ. ജഗദീഷ് അവിടെ മത്സരിക്കാൻ വന്നു. അദ്ദേഹം പറഞ്ഞത് എനിക്ക് ഗണേഷ് കുമാറിന്റെ കയ്യക്ഷരം അറിയാമെന്നുള്ളതുകൊണ്ട് പരാതിക്കാരിയുടെ കൈവശമുള്ള എഴുത്തിലെ കയ്യക്ഷരം ഗണേഷ്കുമാറിന്റേതാണെന്നാണ്. എന്റെ കയ്യക്ഷരം വളരെ മോശമാണെന്ന കാര്യം ബഹുമാനപ്പെട്ട ചെയറിനും അറിയാം. അതുകൊണ്ട് ഞാൻ അധികം എഴുതാറില്ല. എന്റെ അക്ഷരമാണെന്ന് അദ്ദേഹം പ്രചരിപ്പിച്ചിട്ടും അവിടെ നിന്നും ഞാൻ 26000 വോട്ടിന്റെ ഭൂരിപക്ഷത്തോടെ ജയിച്ചുവെന്ന കാര്യം എല്ലാവരും മനസ്സിലാക്കണം. ചെറിയ വോട്ടിനൊന്നുമല്ല, 26000 വോട്ടിനാണ് ഞാൻ ജയിച്ചത്. ഞാൻ ഒരു കാപട്യത്തിന്റെയും ആളല്ല, സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും വിശ്വാസത്തിന്റെയും രാഷ്ട്രീയം നടത്തിക്കൊണ്ട് പോകുകയാണ്. ജാതിയും മതവുമൊന്നും എനിക്കില്ല. സത്യമാണ് എന്റെ ദൈവം. അതിൽ ഞാൻ

ഉറച്ചുനിൽക്കുന്നു. അതിന്റെ ഒരു ഉദാഹരണം ഞാൻ പറയാം. ഉമ്മൻചാണ്ടിയെക്കുറിച്ച് അന്വേഷിക്കാൻ സി.ബി.ഐ. ഉദ്യോഗസ്ഥർ എന്നെ സമീപിച്ചു. ഈ പരാതിയിൽ കെ. ബി. ഗണേഷ് കുമാർ എന്ന് എടുത്തുപറയുന്നവർ എന്റെ മൊഴി കൂടി പരിശോധിക്കണം. അന്ന് ഉമ്മൻചാണ്ടി എന്റെ അടുത്തിരിക്കുകയായിരുന്നു. രണ്ട് പേരെക്കുറിച്ച് എന്നോട് ചോദിച്ചപ്പോൾ ഇത്തരം കാര്യങ്ങൾ എനിക്കറിയില്ലെന്നാണ് ഞാൻ പറഞ്ഞത്. അതിലൊന്ന് എന്റെ സ്വന്തം അനിയനെപ്പോലെ ഞാൻ സ്നേഹിക്കുന്ന ശ്രീ. ഹൈബി ഈഡനാണ്. അദ്ദേഹത്തിന്റെ അച്ഛനുമായി ആത്മബന്ധമുണ്ടായിരുന്നു. എനിക്ക് എന്റെ മകനെപ്പോലെയാണെന്നും പറഞ്ഞു. ഉമ്മൻചാണ്ടിയെക്കുറിച്ച് ചോദിച്ചപ്പോൾ എനിക്കറിയില്ലെന്നാണ് പറഞ്ഞത്. മാത്രവുമല്ല അവർ പോകുന്നതിനുമുമ്പ് ഞാൻ പറഞ്ഞൊരു വാക്കുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഭരണപക്ഷത്തിരിക്കുന്നവരുമെല്ലാം മനസ്സിലാക്കണം. ആർ. ബാലകൃഷ്ണപിള്ളയുടെ മരണത്തിനുമുമ്പുള്ള രണ്ട് വർഷക്കാലത്തോളം ഞാൻ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. എല്ലാദിവസവും വൈകിട്ട് അദ്ദേഹത്തോടൊപ്പം ഇരിക്കുമ്പോൾ പല രാഷ്ട്രീയങ്ങളും പറയും. ഒരു ദിവസം

എന്തോ ഒരു വിഷയവുമായി ബന്ധപ്പെട്ട് ടി.വി.യിൽ വാർത്ത വന്നപ്പോൾ പറഞ്ഞൊരു കാര്യമുണ്ട്. ഉമ്മൻ ചാണ്ടിയുമായി രാഷ്ട്രീയമായി വിരോധമുണ്ട്. പക്ഷേ ഈ പറയുന്നതെല്ലാം കള്ളമാണെന്നും പരാതിക്കാരി എഴുതിയ കത്ത് ആദ്യം കാണുന്നത് അദ്ദേഹമാണെന്നും പറഞ്ഞു. അദ്ദേഹം ഇത് വായിച്ചിട്ടുള്ളതായാണ് ഞാൻ അറിഞ്ഞത്. ജീവിതത്തിൽ ഇന്നുവരെ ഞാൻ അത് കണ്ടിട്ടില്ല. ഞാൻ എന്നല്ല പലരും അത് കണ്ടിട്ടില്ല. പരാതിക്കാരിയുടെ കത്ത് വായിച്ചപ്പോൾ അതിൽ ഉമ്മൻചാണ്ടിയുടെ പേര് ഉണ്ടായിരുന്നില്ലെന്ന് അദ്ദേഹം എന്നോട് പറഞ്ഞു. ഇക്കാര്യം സി.ബി.ഐ.-ക്കാരോട് പറഞ്ഞപ്പോൾ ഇക്കാര്യം ഞങ്ങൾ രേഖപ്പെടുത്തട്ടെയെന്ന് എന്നോട് ചോദിച്ചു. മരിച്ചുപോയ എന്റെ പിതാവിന്റെ വാക്കുകളാണ്. അദ്ദേഹത്തിന്റെ ആത്മാവിന് ശാന്തി കിട്ടും. അതുകൊണ്ട് നിങ്ങൾ തീർച്ചയായും രേഖപ്പെടുത്തണമെന്ന് ഞാൻ പറഞ്ഞു. ആ മൊഴിയിൽ അത് രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കണം. രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ സി.ബി.ഐ.ഉദ്യോഗസ്ഥരെ സംശയിക്കാം. എന്റെ അടുത്ത് സി.ബി.ഐ. മൊഴിയെടുക്കാൻ വന്നപ്പോൾ ഞാൻ പറഞ്ഞ മൊഴി ഇതാണെന്ന് തൊട്ടടുത്ത ദിവസം ഉമ്മൻ ചാണ്ടി സാറിനോട് പറയുകയും

ചെയ്തു. എനിക്ക് അങ്ങനെ എഴുത്തുണ്ടാക്കണമെങ്കിലോ പേര് ചേർക്കണമെന്നുണ്ടെങ്കിലോ ഞാനങ്ങനെ മൊഴി നൽകുമോ? എനിക്ക് അതിന്റെ ആവശ്യമുണ്ടോ? ഉമ്മൻ ചാണ്ടിയുമായി രാഷ്ട്രീയവിരോധം കേരളാ കോൺഗ്രസ് (ബി) ക്കുണ്ട്. ആർ. ബാലകൃഷ്ണപിള്ളയ്ക്കോ മകനായ കെ. ബി. ഗണേഷ് കുമാറിനോ ഉമ്മൻചാണ്ടിയുമായി വ്യക്തിവിരോധമില്ല. ഈ കേസുമായി ബന്ധപ്പെട്ട് സോളാർ കമ്മീഷൻ മുമ്പാകെ ഞാൻ മൊഴി കൊടുത്തിട്ടുണ്ട്. ആ മൊഴിയുണ്ടല്ലോ, അതിൽ ഞാൻ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? വിരോധം തീർക്കാൻവേണ്ടി എനിക്ക് എന്തെങ്കിലും പറഞ്ഞുകൂടേ? ഒരു വിരോധവുമില്ല. ഒരു കാര്യം എല്ലാവരും മനസ്സിലാക്കണം. ഉമ്മൻചാണ്ടി സർക്കാരിൽനിന്ന് ഞാൻ രാജി വയ്ക്കുന്നതിന് ഒരു മാസം മുമ്പ് അദ്ദേഹത്തെ ക്ലിഫ് ഹൗസിൽ പോയി കണ്ട് എന്റെ രാജിക്കത്ത് അദ്ദേഹത്തിന്റെ കൈയിൽ ബലമായി പിടിപ്പിക്കാൻ ശ്രമിച്ച ആളാണ് ഞാൻ. എനിക്ക് മന്ത്രിക്കസേര ഒരു പ്രശ്നമേയല്ല. രാജി കൊടുത്തപ്പോൾ വാങ്ങാത്തതിനാൽ അദ്ദേഹത്തിന്റെ മടിയിൽ വച്ചുകൊടുത്തു. വ്യക്തിപരമായ കാരണങ്ങളാൽ മന്ത്രിസ്ഥാനം ഒഴിയുകയാണെന്നാണ് ഞാൻ പറഞ്ഞത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനൊക്കെ ഇക്കാര്യം

അറിയാമായിരിക്കും, അദ്ദേഹം ഇക്കാര്യം പറഞ്ഞിട്ടുണ്ടാകും. അതുകൊണ്ട് ഒരു മാധ്യമപ്രവർത്തകരും പുറത്തുനിൽക്കുന്നവരും ഗണേഷ് കുമാറിനെ ഒന്നുംകാണിച്ച് പേടിപ്പിക്കാമെന്ന് വിചാരിക്കേണ്ട. ഇവിടെ ചിലർ സംസാരിക്കുമ്പോൾ....., ഇടതുപക്ഷമുന്നണി.....വെടക്കാക്കി തനിക്കാക്കാൻ നോക്കേണ്ട. ശ്രീ. ഷാഫി പറമ്പിൽ, എന്റെ സഹോദരാ....എന്റെ അനിയനെപ്പോലെയുള്ളൂ. എൽ.ഡി.എഫ്.-നെ വഞ്ചിച്ച് യു.ഡി.എഫ്.-ന്റെ കൂടെ വരുമെന്ന് കരുതുകയേ വേണ്ട. ആ പേടി വേണ്ട. ഇനി രാഷ്ട്രീയം മതിയാക്കി വീട്ടിലിരിക്കേണ്ടിവന്നാലും എനിക്ക് അഭയം തന്ന എൽ.ഡി.എഫ്.-നെ വഞ്ചിച്ചുകൊണ്ട്, അഴിമതിക്കെതിരെ ഞാൻ സംസാരിച്ചതിന്റെ പേരിൽ എന്നെ പുറത്താക്കിയ യു.ഡി.എഫ്.-ലേയ്ക്ക് മരിച്ചാലും വരുന്ന പ്രശ്നമില്ല. എനിക്കെന്നും ഭരണപക്ഷത്ത് ഇരിക്കാൻ ആഗ്രഹമൊന്നുമില്ല. ഞാനിപ്പോൾ മന്ത്രിയുമല്ല. ഞാൻ സന്തുഷ്ടനാണ്. എന്റെ നാട്ടുകാരും എന്റെ ജനങ്ങളും എന്നോടൊപ്പമുണ്ട്. സത്യം മാത്രമേ ഞാൻ ചെയ്തിട്ടുള്ളൂ. ഇനി അതുമാത്രമെ ചെയ്യുകയുമുള്ളൂ. അതിനൊരു പേടിയുമില്ല. ഏത് അന്വേഷണം വന്നാലും എന്റെ സത്യം തെളിയിക്കപ്പെടും. ' കട്ടവന് കഴച്ചാൽ മതി അല്ലാത്തവന് കഴയ്ക്കണ്ട ' എന്നൊരു ചൊല്ലുണ്ട്. അതുകൊണ്ട്

ഉമ്മൻ ചാണ്ടിയുടെ കുടുംബം ഇന്ന് നന്ദിയോടെ ഓർക്കേണ്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെയാണ്. കാരണം ഈ അന്വേഷണത്തിലൂടെ മരിച്ചുപോയ ഉമ്മൻ ചാണ്ടിയുടെ ആത്മാവിന് ഒരു ശുദ്ധി നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. സി.ബി.ഐ. അന്വേഷിച്ചപ്പോൾ ക്ലീൻചിറ്റ് കിട്ടിയെന്നാണ് പറയുന്നത്. അതിന്റെ സന്തോഷത്തിലാണ് ആ കുടുംബം. ആ സന്തോഷത്തിന്റെ കാരണക്കാരൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണെന്ന് നന്ദിയോടെ ഓർക്കും. ആ കുടുംബത്തിന്റെ പ്രാർത്ഥനയിൽ അവർ അദ്ദേഹത്തെ ഓർക്കും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഒന്ന് വഴങ്ങുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ ആവശ്യമില്ലാതെ വഴങ്ങുന്നില്ല. അങ്ങ് ഉന്നയിച്ചതിനൊക്കെ ഞാൻ വിശദീകരണം നൽകി കഴിഞ്ഞു. ശ്രീ. എൻ. ഷംസുദ്ദീനും ശ്രീ. സണ്ണി ജോസഫും ഈ സഭയിൽ വ്യക്തിപരമായി എന്റെ പേരെടുത്തുപറഞ്ഞ് അധിക്ഷേപിക്കാൻ ശ്രമിച്ചതിനും ഞാൻ മറുപടി പറഞ്ഞു. ശ്രീ. സണ്ണിജോസഫിന് മറ്റെന്തെങ്കിലും രഹസ്യം അറിയണമെങ്കിൽ വന്നാൽ ഞാൻ പറഞ്ഞുതരാം. റിപ്പോർട്ടിൽ ഞാൻ പറഞ്ഞ മൊഴികൂടി വായിക്കണം. അർത്ഥസത്യം മാത്രം

വെളിപ്പെടുത്താൻ പാടില്ല. ഞാനങ്ങനെ മൊഴി കൊടുക്കുമോ? എന്നാൽ പിന്നെ ഇതങ്ങനെയാണെന്ന് ഞാൻ പറഞ്ഞാൽ പോരേ? എവിടെയും സത്യമേ ഞാൻ പറയൂ. ഇനിയും അങ്ങനെ മാത്രമേ ചെയ്യുകയുമുള്ളൂ. അങ്ങനെയൊന്നും പേടിപ്പിക്കണ്ട. ശ്രീ. സണ്ണി ജോസഫ് പറഞ്ഞതിന്റെ വ്യംഗ്യാർത്ഥം എനിക്ക് മനസ്സിലായി. അതൊന്നും കേട്ട് പേടിക്കുന്ന ആളല്ല ഞാൻ.

മി. സ്പീക്കർ: യെസ്......പ്ലീസ്.........

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഉമ്മൻ ചാണ്ടി സാറിന്റെ മകൻ ശ്രീ. ചാണ്ടി ഉമ്മൻ മത്സരിച്ച തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ പൊതുവേദികളിൽ രാഷ്ട്രീയമായി അനേക ദിവസം പ്രസംഗിച്ച ആളാണ് ശ്രീ. മനോജ്. അദ്ദേഹം രാഷ്ട്രീയമായി എനിക്കെതിരാണ്. കഴിഞ്ഞ രണ്ട് തെരഞ്ഞെടുപ്പുകളിലും എനിക്കെതിരാണ്. അങ്ങനെയുള്ള ആ വ്യക്തിപോലും ഞാൻ കുറ്റക്കാരനല്ലായെന്നാണ് പറയുന്നത്.

മി. സ്പീക്കർ: യെസ്......പ്ലീസ് കൺക്ലൂഡ്.......

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, വെടക്കാക്കി തനിക്കാക്കാനുള്ള പരിപാടി നടക്കുകയില്ല. അത് മര്യാദയുമല്ല. ബഹുമാനപ്പെട്ട ചെയറിനോട്

ഞാൻ നന്ദി പറയുന്നു. പത്രത്തിൽ വന്ന വാർത്ത വച്ചുകൊണ്ട് അടിയന്തരപ്രമേയത്തിൽ എന്റെ പേര് വലിച്ചിഴച്ചു. അങ്ങനെ പത്രവാർത്തകളെല്ലാം ചർച്ച ചെയ്യണമെങ്കിൽ ധാരാളം കാര്യങ്ങൾ ചർച്ച ചെയ്യാനുണ്ട്. ഇക്കാര്യത്തിൽ എങ്ങനെയെങ്കിലും സ്വാധീനിച്ച് ഞങ്ങളെക്കൂടി രക്ഷിക്കണമെന്ന് പറഞ്ഞ് എന്നെ വിളിച്ച നേതാക്കന്മാർ ഇന്ന് ഈ സഭയിലുണ്ട്. അവരുടെ പേര് ഞാൻ വെളിപ്പെടുത്താത്തത് എന്റെ അന്തസ്സാണ്. എന്റെ അച്ഛൻ എന്നോട് തുറന്നുപറഞ്ഞ കാര്യങ്ങൾ പലതും വെളിപ്പെടുത്താൻ ഞാൻ തയ്യാറാകുന്നില്ല. അത് എന്റെ അന്തസ്സിന് ചേർന്നതല്ല. വേണ്ടിവന്നാൽ, നിർബന്ധിച്ചാൽ അപ്പോൾ വെളിപ്പെടുത്തും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വിചിത്രമായ ചില വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കം ഇവിടെ അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളത്. അതിലൊന്ന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് മൂന്നാമത്തെ ദിവസം ഏതോ ദല്ലാളിനെ വിളിച്ചുവരുത്തിയെന്നോ അല്ലെങ്കിൽ ദല്ലാൾ അടക്കം വന്ന് പരാതി നൽകിയെന്നോ ആണ് അദ്ദേഹം പറയുകയുണ്ടായത്. ദല്ലാളിനെ അവിടെയിരിക്കുന്നവർക്കെല്ലാം നല്ലതുപോലെ അറിയാം. ഞാൻ കൂടുതലായി

പറയേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അല്ലെങ്കിൽ സതീശനും വിജയനും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. അത് മുഖ്യമന്ത്രിയായപ്പോഴല്ല, അതിനുമുമ്പുതന്നെ ചില വ്യത്യാസങ്ങളുണ്ട്. ദല്ലാളെന്ന് പറഞ്ഞ ആൾ എന്റെയടുത്ത് വന്നപ്പോൾ ഇറങ്ങിപ്പോകണമെന്നുപറഞ്ഞ ആളാണ് ഞാൻ. എവിടെ വച്ചാണെന്ന് അറിയാമോ? കേരള ഹൗസിൽ ഞാൻ ഇരുന്ന് ബ്രേക്ക് ഫാസ്റ്റ് കഴിക്കുമ്പോഴാണ് അയാൾ എന്റെ റൂമിലേയ്ക്ക് വന്നുകയറിയത്. അപ്പോഴാണ് ഞാൻ അയാളോട് നിങ്ങൾ ഇറങ്ങിപ്പോകണമെന്ന് പറഞ്ഞത്. അത് ശ്രീ. വി. ഡി. സതീശൻ പറയുമോയെന്ന് എനിക്കറിയില്ല. അതുപറയാൻ വിജയന് മടിയില്ല. അതിപ്പോൾ നിങ്ങളെ ഏതെങ്കിലും തരത്തിൽ ബോധ്യപ്പെടുത്താൻ പറയുന്ന കാര്യമല്ല. അതുപറയാനിടയാക്കിയ കാരണങ്ങളുണ്ട്. മറ്റുകാര്യങ്ങൾ ഞാൻ കൂടുതൽ പറയുന്നില്ല. അതുകഴിഞ്ഞ് വർഷങ്ങൾക്കുശേഷം ഞാൻ ഈ സ്ഥാനത്തെത്തിയപ്പോൾ ആ ദല്ലാൾ എന്റെയടുത്ത് വന്നുവെന്ന് പറയുന്നത് നിങ്ങളുടെ ആവശ്യത്തിനുവേണ്ടി കെട്ടിച്ചമയ്ക്കുന്ന കഥ മാത്രമാണ്. റിപ്പോർട്ട് ഞാൻ കണ്ടിട്ടില്ല. നിങ്ങളുടെ ആവശ്യത്തിനുവേണ്ടി കെട്ടിച്ചമയ്ക്കുന്ന ഒരു കഥയായി മാത്രമേ എനിക്കതിനെ

കാണാൻ കഴിയുകയുള്ളൂ. അയാൾക്ക് അത്ര പെട്ടെന്ന് എന്റെയടുത്തുവരാനുള്ള മാനസികനിലയുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. അയാൾ മറ്റ് പലയിടത്തും പോകുമെന്നുള്ളത് ശരിയാണ്. പക്ഷെ എന്റെയടുത്ത് അങ്ങനെ വരില്ലെന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്.

എൽ.ഡി.എഫ്. ഗവൺമെന്റ് 2016-ൽ അധികാരത്തിൽ വന്നപ്പോൾ 2016 ജൂലൈ മാസം 22-നാണ് ഈ പറയുന്നവരുടെ പരാതി ലഭിക്കുന്നത്. അത് അധികാരത്തിൽ വന്നതിന്റെ മൂന്നാമത്തെ ദിവസമല്ല, മൂന്നാമത്തെ മാസമാണ്. കേസ് അന്വേഷിക്കാൻ സി.ബി.ഐ.-യെ ഏൽപ്പിച്ചതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. സി.ബി.ഐ.-ക്കുവിട്ട സംഭവവുമായി ബന്ധപ്പെട്ട പരാതി എന്റെ കയ്യിൽ ലഭിക്കുന്നത് 12-01-2021-നാണ്. 15-01-2021-ന് ഞാനതിന് നിയമോപദേശം തേടുകയും ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പാണ്. അപ്പോൾ അതുമായി ബന്ധപ്പെട്ട് ഞാൻ എന്തോ പ്രത്യേക താല്പര്യത്തോടെ ഉമ്മൻ ചാണ്ടിക്കെതിരെ പരാതി എഴുതിവാങ്ങാൻ ശ്രമിച്ചുവെന്നാണ് അങ്ങ് സ്ഥാപിക്കാൻ ശ്രമിച്ചത്. അതല്ലെന്നാണ് ഇതിലൂടെ വ്യക്തമാകുന്നത്.

എസ്.എൻ.സി. ലാവ്ലിൻ കേസിനെക്കുറിച്ച് അങ്ങ് പറഞ്ഞു. ഞാനതിന്റെ മറ്റ് കഥകളിലേയ്ക്കൊന്നും പോകുന്നില്ല. പക്ഷെ ഉപേന്ദ്രവർമ്മയെ ഓർമ്മയുണ്ടാകുമല്ലോ? സംഭവങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഞങ്ങൾ ഇതെല്ലാം അന്വേഷിച്ച ഏതെങ്കിലും പോലീസുദ്യോഗസ്ഥനെ പെട്ടെന്ന് അവിടെനിന്ന് മാറ്റാനോ ഒരു ദിവസംകൊണ്ട് മറ്റെവിടെയെങ്കിലും ഇരുത്താനോ തയ്യാറായിട്ടില്ല. അവരെല്ലാം ആ ചുമതല നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. അതായത് ഞങ്ങൾ പ്രത്യേകമായ രാഷ്ട്രീയ താല്പര്യത്തോടെ കേസ് കൈകാര്യം ചെയ്തിട്ടില്ലെന്നർത്ഥം. ലഭിച്ച പരാതിയിന്മേൽ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ പിന്നാലെ പോയി അത് ഞങ്ങൾ ആഗ്രഹിക്കുന്ന തരത്തിലൊരു റിസൾട്ട് ആ അന്വേഷണത്തിലുണ്ടാകണമെന്ന നിലപാട് ഒരു ഘട്ടത്തിലും സ്വീകരിച്ചിട്ടില്ല. അതാണ് അതുമായി മനസ്സിലാക്കേണ്ടത്.

സോളാർ തട്ടിപ്പ് കേസുകൾ കേരളത്തിലെ ഭരണരംഗത്ത് യു.ഡി.എഫ്. നേതൃത്വത്തിൽ നടന്ന അധികാര ദുർവിനിയോഗത്തിന്റെയും അഴിമതിയുടെയും അരാജകത്വത്തിന്റെയും സ്വാധീനം എത്ര

വലുതായിരുന്നുവെന്ന് തുറന്നുകാണിച്ച ഒന്നായിരുന്നു. നാടിന്റെ വികസനത്തിനുവേണ്ടി ഉപയോഗിക്കാനുള്ള പാരമ്പര്യേതര ഊർജ്ജ പദ്ധതിയാണ് കോടികൾ അഴിമതിയിലൂടെ തട്ടിയെടുക്കുന്ന അവസരമാക്കി മാറ്റിയത്. അത് തെളിഞ്ഞു കഴിഞ്ഞ കാര്യങ്ങളാണ്. ഇത് ഞങ്ങളാരെങ്കിലും പറയുന്നതല്ല. യു.ഡി.എഫ്. സർക്കാർതന്നെ നിയമിച്ച ജുഡീഷ്യൽ കമ്മീഷന്റെ കണ്ടെത്തലാണ്. തട്ടിപ്പുകാരും ഇടനിലക്കാരും ഭരണത്തിന്റെ ഇടനാഴികളിൽ ആധിപത്യം സ്ഥാപിച്ച അവസ്ഥയാണുണ്ടാക്കിയത്. ആരാണ് ഇതിന് ഉത്തരവാദിയെന്ന് പരിശോധിക്കുമ്പോൾ നേരത്തെ ആരോ ഇവിടെനിന്നു പറഞ്ഞതുപോലെ 'അമ്പ് കൊള്ളാത്തവരില്ല ഗുരുക്കളിൽ' എന്ന അവസ്ഥയാണ് അന്നുണ്ടാക്കിയിട്ടുള്ളത്. സോളാർ കേസിൽ 2013 ജൂൺ 6-നാണ് പെരുമ്പാവൂർ പോലീസ് ക്രൈം നം. 368/13 എന്ന കേസ് രജിസ്റ്റർ ചെയ്തത്. അതിൽ ആദ്യത്തെ പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തിയത് 2013 ജൂൺ 3-നും മറ്റൊരു പ്രതിയുടെ അറസ്റ്റ് ജൂൺ 17-നുമാണ് രേഖപ്പെടുത്തിയത്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ, മുപ്പത്തിമൂന്ന് കേസുകളാണ് പ്രത്യേക അന്വേഷണ സംഘം രജിസ്റ്റർ ചെയ്തത്. എ.ഡി.ജി.പി.-യുടെ നേതൃത്വത്തിലാണ് അന്നത്തെ സർക്കാർ പ്രത്യേക

അന്വേഷണ സംഘം രൂപീകരിച്ചത്. തുടർന്ന് 2013 ഒക്ടോബർ 28-ന് ജൂഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചു. കമ്മീഷൻ റിപ്പോർട്ട് തരുന്നത് 2016 സെപ്റ്റംബർ 26-നാണ്. പരാതിക്കാരി അഞ്ച് പോലീസുദ്യോഗസ്ഥർക്കെതിരെയും പതിനഞ്ച് രാഷ്ട്രീയ നേതാക്കൾക്കെതിരെയും ആരോപണമുന്നയിച്ചു. അതിൽ അന്നത്തെ മന്ത്രിസഭാംഗങ്ങൾ, സാമാജികർ, പാർലമെന്റംഗങ്ങൾ എന്നിവർ ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. സോളാർ കേസുകളിൽ ഉൾപ്പെട്ടിരുന്ന വ്യക്തി പീഡനം ആരോപിച്ച് 2018 ഒക്ടോബർ 1-ന് സൗത്ത് സോൺ എ.ഡി.ജി.പി.-ക്ക് മുമ്പാകെ പരാതി നൽകി. ഈ പരാതിയിന്മേൽ സംസ്ഥാന ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. ആ അന്വേഷണം നടന്നുവരുന്ന ഘട്ടത്തിലാണ് കേസ് സി.ബി.ഐ.-ക്ക് വിടണമെന്നാവശ്യപ്പെട്ടുകൊണ്ട് 12-01-2021-ൽ ഈ പരാതിക്കാരി മുഖ്യമന്ത്രിക്ക് നിവേദനം നൽകുന്നത്. ഇതിന്മേൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം തേടിയശേഷമാണ് കേസിന്റെ അന്വേഷണച്ചുമതല സി.ബി.ഐ.-യെ ഏൽപ്പിക്കാൻ 23-01-2021-ന് സർക്കാർ തീരുമാനമെടുത്തത്. ഇതിന്റെ തുടർച്ചയായി 14-08-2021-ൽ

സംസ്ഥാന ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്ത ക്രൈം 43/2018 നമ്പർ കേസ് സി.ബി.ഐ. സ്പെഷ്യൽ ക്രൈംബ്രാഞ്ച് തിരുവനന്തപുരം RC 34/2021/S0005 ആയി റീ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും ചെയ്തു. അതിനുശേഷം പ്രസ്തുത കേസിൽ സി.ബി.ഐ. അന്വേഷണം പൂർത്തീകരിച്ച് ബഹുമാനപ്പെട്ട തിരുവനന്തപുരം സി.ജെ.എം. കോടതി മുമ്പാകെ 26-12-2022-ന് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായാണ് മാധ്യമങ്ങളിൽനിന്നും അറിയാൻ സാധിക്കുന്നത്. സി.ബി.ഐ. ഫയൽ ചെയ്തതായി മാധ്യമങ്ങളിൽ വന്നിട്ടുള്ള പ്രസ്തുത റിപ്പോർട്ട് സംസ്ഥാന സർക്കാരിന്റെ പക്കൽ ലഭ്യമല്ല. അതുകൊണ്ടുതന്നെ അതിൽ പറയുന്ന പരാമർശങ്ങളിന്മേൽ അഭിപ്രായം പറയാൻ ഇപ്പോൾ സംസ്ഥാന സർക്കാരിന് നിർവ്വാഹമില്ല. ചട്ടം 50 അനുസരിച്ച് അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട സാമാജികർ നിയമസഭയിൽ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള നോട്ടീസ് നൽകേണ്ടത്. ഇവിടെ അന്വേഷണം പൂർത്തീകരിച്ച് സി.ബി.ഐ. 26-12-2022-ന് സമർപ്പിച്ചുവെന്ന് മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടിൽ ചില നിരീക്ഷണങ്ങൾ ഉൾപ്പെട്ടിട്ടുണ്ട് എന്നാണ് പരാമർശം വന്നിട്ടുള്ളത്. ഇതെന്താണെന്ന്

ഊഹിച്ചെടുത്ത് അതിന്മേൽ ചർച്ച വേണമെന്നതാണ് ആവശ്യമായി ഉയർന്നുവന്നത്. ഇതിൽ ഒന്നും മറച്ചുവയ്ക്കാനില്ലാത്തുകൊണ്ടാണ് ചട്ടപ്രകാരം നിലനിൽപ്പുണ്ടോ ഇല്ലയോ എന്ന് നോക്കാതെ ഈ പ്രമേയത്തിന്മേൽ ചർച്ചയ്ക്ക് ഞങ്ങൾ തയ്യാറായത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സർക്കാരിന്റെ കൈയിൽ ഈ റിപ്പോർട്ടില്ല എന്നുപറയുന്നത് വളരെ വിചിത്രമായി തോന്നുന്നു. ഞാൻ വേറൊരു കാര്യം പറയണമെന്ന് വിചാരിച്ചെങ്കിലും സമയം ലഭിക്കാത്തതിനാൽ പറയുന്നില്ല. മാധ്യമ സിൻഡിക്കേറ്റ് എന്ന വാക്ക് ആദ്യമായി കേരള രാഷ്ട്രീയത്തിൽ ഉപയോഗിച്ചത് അങ്ങാണ്. അത് ഏത് സാഹചര്യത്തിലാണെന്ന് അറിയാം. അന്ന് അങ്ങേയ്ക്കെതിരെ ഞങ്ങളല്ല മാധ്യമ സിൻഡിക്കേറ്റുണ്ടാക്കിയത്. 'മാധ്യമ സിൻഡിക്കേറ്റ്' എന്ന ഒരു ഓൺലൈൻ ചാനലിൽ അനിൽ ഇമ്മാനുവേൽ എന്ന ഒരു പത്രപ്രവർത്തകനാണ് ഈ വാർത്ത ആദ്യം പുറത്തുവിട്ടത് എന്നതാണ് ഇപ്പോൾ ഒരു രസകരമായ കാര്യം. ഇതുസംബന്ധിച്ച സി.ബി.ഐ. റിപ്പോർട്ട് എല്ലാവരുടെയും കൈയിൽ ലഭ്യമാണ്. സംസ്ഥാന സർക്കാരിന്റെ കൈയിൽ അതില്ല എന്നുപറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമാണ്. രണ്ടാമത്തെ

കാര്യം, പതിനായിരം കോടി രൂപയുടെ അഴിമതി ഈ കേസിൽ നടന്നെന്ന് അങ്ങുൾപ്പെടെയുള്ളവർ അന്ന് പറഞ്ഞു. ഒരു തരത്തിലുമുള്ള സാമ്പത്തിക ആരോപണത്തിനും അടിസ്ഥാനമില്ല, ഒരു ഡോക്യുമെന്ററി എവിഡൻസുമില്ല എന്ന് വ്യക്തമായി പറയുകയാണ്. തട്ടിപ്പ് നടത്തിയെന്ന് പറഞ്ഞിരിക്കുന്ന ആളുകൾക്കെതിരായുള്ള സാമ്പത്തിക ആരോപണങ്ങൾക്ക് ഒരു അടിസ്ഥാനവുമില്ല. സർക്കാരിന്റെ ഖജനാവിൽനിന്ന് ഒരു രൂപപോലും നഷ്ടപ്പെട്ടിട്ടില്ല. പതിനായിരം കോടി രൂപയുടെ അഴിമതി നടന്നുവെന്ന് പറഞ്ഞത് ശരിയല്ല.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, റിപ്പോർട്ട് കണ്ടാൽ മാത്രമേ അറിയാൻ കഴിയുകയുള്ളൂവെന്ന് ഞാൻ പറഞ്ഞു. അങ്ങുപറയുന്ന ഏതെല്ലാം ഭാഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്, ഏതെല്ലാം ഉൾപ്പെടാതിരുന്നിട്ടുണ്ട് എന്നുള്ള കാര്യങ്ങൾ റിപ്പോർട്ട് വിശദമായി പരിശോധിച്ചാൽ മാത്രമേ പറയാൻ കഴിയുകയുള്ളൂ. ഇതിൽ ഗൂഢാലോചന നടന്നിട്ടുണ്ട്, അതുമായി ബന്ധപ്പെട്ട അന്വേഷണം വേണമെന്ന് നേരത്തെ അങ്ങ് പറഞ്ഞിട്ടുണ്ട്. ആ കാര്യത്തിൽ എനിക്ക് പറയാനുള്ള കാര്യം ഞാൻ അവസാനം പറയുന്നുണ്ട്. എങ്കിലും ഇപ്പോൾ കൂട്ടത്തിൽ പറയുകയാണ്, അങ്ങേയ്ക്ക് ഈ റിപ്പോർട്ട്

കൈയിലുണ്ടെന്ന് ഉത്തമ വിശ്വാസമുണ്ടെങ്കിൽ അതിൽ പറയുന്ന ഭാഗങ്ങൾക്കൂടി ഉൾപ്പെടുത്തിക്കൊണ്ട്, അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടോളൂ. അതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നിയമപരമായ നടപടികളെന്താണ് എന്നുള്ളത് നമുക്ക് നോക്കാം, അത് പരിശോധിക്കാം. അതിനൊന്നും ഞങ്ങളെ സംബന്ധിച്ച് ഒരു പ്രയാസവുമില്ല. സോളാർ കേസിന്റെ പശ്ചാത്തലമൊക്കെ ഇവിടെ ഏകദേശം വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്. സോളാർ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടും നടപടിക്കുറിപ്പും ഈ സഭയുടെ മേശപ്പുറത്തുവച്ചുകൊണ്ട് ചട്ടം 300 പ്രകാരം വിശദമായ ഒരു പ്രസ്താവന 2017 നവംബർ 9-ന് നടത്തിയിരുന്നു. 26-09-2017-ന് സർക്കാരിന് സമർപ്പിക്കപ്പെട്ട കമ്മീഷൻ റിപ്പോർട്ടിന്മേൽ അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ എന്നിവരുടെയെല്ലാം നിയമോപദേശം തേടിയതിനുശേഷം 11-10-2017-ന് മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു. തുടർന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് ഇക്കാര്യത്തിൽ സുപ്രീംകോടതി റിട്ടയേർഡ് ജഡ്ജ് ജസ്റ്റിസ് ശ്രീ. അരിജിത് പസായത്തിന്റെ നിയമോപദേശംകൂടി തേടാൻ 19-10-2017-ന് ചേർന്ന മന്ത്രിസഭാ യോഗം

തീരുമാനിച്ചു. അദ്ദേഹം നൽകിയ നിയമോപദേശംകൂടി അടിസ്ഥാനപ്പെടുത്തിയാണ് തുടർനടപടികളുള്ള ഉത്തരവ് 08-11-2017-ലെ മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തോടുകൂടി പുറപ്പെടുവിച്ചത്. തികഞ്ഞ അവധാനതയോടും ജാഗ്രതയോടുംകൂടിയാണ് സർക്കാർ ഇക്കാര്യത്തിൽ മുന്നോട്ടുനീങ്ങിയത്. ഇവിടെ എടുത്തുപറയാനുള്ള ഒരു കാര്യം, ഈ ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചത് മുൻ യു.ഡി.എഫ്. സർക്കാരായിരുന്നു എന്നതുതന്നെയാണ്. എല്ലാ നിയമവശങ്ങളും പരിശോധിച്ചുകൊണ്ട് അതിന്റെ റിപ്പോർട്ടിന്മേലുള്ള തുടർനടപടികളാണ് പിന്നീട് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. എന്തായിരുന്നു കമ്മീഷന്റെ പ്രധാനപ്പെട്ട ചില കണ്ടെത്തലുകൾ എന്നത് ഉദ്ധരിക്കുന്നത് ഇവിടെ നമ്മുടെ ഓർമ്മയ്ക്ക് നന്നായിരിക്കും. 'അന്നത്തെ മുഖ്യമന്ത്രിയുടെയും അദ്ദേഹം വഴി അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫായിരുന്ന രണ്ടുപേരുടെയും ഗൺമാന്റെയും അദ്ദേഹത്തിന്റെ ഡൽഹിയിലെ സഹായിയുടെയുമെല്ലാം സഹായം പ്രതിയായ പരാതിക്കാരിക്കും അവരുടെ കമ്പനിക്കും ഉപഭോക്താക്കളെ വഞ്ചിക്കാൻ സാഹചര്യമൊരുക്കിയിട്ടുണ്ട്. ഇത് കമ്മീഷൻ കണ്ടെത്തിയ കാര്യമാണ്. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി പോലീസ് ഉദ്യോഗസ്ഥർ

മുഖേന അന്നത്തെ മുഖ്യമന്ത്രിയെ ക്രിമിനൽ ബാധ്യതയിൽനിന്നും ഒഴിവാക്കാനായി പരിശ്രമിച്ചു. അതിനായി പ്രത്യേക അന്വേഷണ സംഘം ധാരാളം ആയാസപ്പെടുകയുമുണ്ടായി. അന്നത്തെ മുഖ്യമന്ത്രിയെ രക്ഷിക്കാനായി മുൻ എം.എൽ.എ. ആയ ശ്രീ. തമ്പാനൂർ രവിയും അന്നത്തെ എം.എൽ.എ. ആയിരുന്ന ശ്രീ. ബെന്നി ബെഹനാനും പ്രവർത്തിച്ചു. ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ മന്ത്രിമാർ, സർക്കാരുദ്യോഗസ്ഥർ, കേന്ദ്ര മന്ത്രി, ചില നിയമസഭാംഗങ്ങൾ, ചില പോലീസുദ്യോഗസ്ഥർ എന്നിവരുടെ ഇടപാടുകളിൽ ആഴത്തിലുള്ള അന്വേഷണം പ്രത്യേക അന്വേഷണ സംഘം നടത്തിയില്ല. അന്നത്തെ ഊർജ്ജ വകുപ്പുമന്ത്രി ടീം സോളാർ കമ്പനിയെ കഴിയാവുന്ന രീതിയിലൊക്കെ സഹായിച്ചിട്ടുണ്ട്. 19-07-2013-ലെ സരിത എസ്. നായരുടെ കത്തിൽ സൂചിപ്പിച്ചിട്ടുള്ള ആളുകൾക്ക് സരിതയും അവരുടെ അഭിഭാഷകനുമായി ഫോൺ മുഖാന്തരം നിരന്തര ബന്ധമുണ്ടായിരുന്നുവെന്ന് തെളിവിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ കണ്ടെത്തി. കമ്മീഷന് മുൻപാകെ ഹാജരാക്കപ്പെട്ട തെളിവിന്റെ അടിസ്ഥാനത്തിൽ അഴിമതിയും നിയമവിരുദ്ധമായ പ്രതിഫലം പറ്റലും ആരോപിക്കപ്പെട്ട എല്ലാ വ്യക്തികൾക്കുമെതിരായി അഴിമതി തടയൽ നിയമത്തിലെ വ്യവസ്ഥകൾ

ബാധകമാണോയെന്ന കാര്യം സംസ്ഥാന സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്യുന്നു.' കമ്മീഷന്റെ കണ്ടെത്തലുകളെത്തുടർന്നുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ ഭരണകക്ഷി അംഗങ്ങൾ മുഴുവൻ സംസാരിച്ചപ്പോൾ പറഞ്ഞ narrative ഇതല്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടിയെ പിന്നിൽനിന്നും കുത്താൻ ശ്രമിച്ചുവെന്നാണ് പറഞ്ഞത്. ഇപ്പോൾ റിപ്പോർട്ടിൽ പറയുന്നത് ക്രിമിനൽ ലയബിലിറ്റിയിൽനിന്നും മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ രക്ഷിക്കാൻ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രമിച്ചുവെന്നാണ്. പരസ്പരവിരുദ്ധമായിട്ടുള്ള കാര്യമല്ലേ ഇത്. മാത്രമല്ല, ഈ പറയുന്ന ആരോപണങ്ങൾക്കെല്ലാം ഒരു finality വന്നിരിക്കുകയാണ്. ഒരു തരത്തിലുള്ള സാമ്പത്തിക ആരോപണത്തിനും അടിസ്ഥാനമില്ല, പറഞ്ഞിരിക്കുന്ന ആരോപണങ്ങൾക്കൊന്നും ഒരു അടിത്തറയുമില്ല. എല്ലാവരെയും സംബന്ധിച്ച് അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പോലീസ്

അന്വേഷിച്ചിട്ടും ഇക്കാര്യത്തിൽ ഒരു കണ്ടെത്തലും ഉണ്ടായിരുന്നില്ല. അതില്ലാത്തതുകൊണ്ടാണ് രണ്ടാമത് സി.ബി.ഐ.-ക്ക് വിട്ടത്. പല പോലീസ് ഉദ്യോഗസ്ഥൻമാർ മാറിമാറി വന്ന് അന്വേഷിച്ചിട്ടും ഈ പറയുന്ന ആരോപണങ്ങളൊന്നും തെളിയിക്കാൻ പറ്റിയില്ല, ഒരു തെളിവുമില്ല, വ്യാജമായിരുന്നു. അതായിരുന്നില്ലേ യാഥാർത്ഥ്യം?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ റിപ്പോർട്ട് വായിച്ചത് നന്നായി. സത്യം പറഞ്ഞാൽ ഞാൻ ശ്വാസംപിടിച്ചിരിക്കുകയായിരുന്നു. അങ്ങ് സത്യസന്ധമായി അത് പറഞ്ഞു. കൂട്ടത്തിൽ ഒരു കാര്യംകൂടി ഞാൻ പറയാം, വിശ്വത്തോളം ഉയർന്ന ഉമ്മൻചാണ്ടിയെ സഹായിക്കാൻ ഞാൻ ശ്രമിച്ചുവെന്ന് പറഞ്ഞത് ഞാൻ പൂർണ്ണമായും സ്വീകരിക്കുന്നു. സഹായിക്കുന്നത് എന്റെ ബാധ്യതയാണ്. പക്ഷെ വഴിവിട്ട് സഹായിക്കുന്ന നടപടിയില്ല, അത് അദ്ദേഹം പറഞ്ഞിട്ടുമില്ല. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ അന്ത്യയാത്രയിൽ ലക്ഷക്കണക്കിന് ആളുകൾ കൂടിയത് എന്നുള്ള സത്യംകൂടി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഓർമ്മിപ്പിക്കുകയാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതുവേറെ ഇതുവേറെ. കമ്മീഷന്റെ കണ്ടെത്തലുകളെത്തുടർന്നുള്ള നടപടികൾ സർക്കാർ ആവശ്യമായ നിയമപരിശോധനയ്ക്കുശേഷമാണ് നടത്തിയത്. സോളാർ തട്ടിപ്പ് കേസ് ഇടതുപക്ഷ ജനാധിപത്യമുന്നണിയോ എൽ.ഡി.എഫ്. സർക്കാരോ സൃഷ്ടിച്ചെടുത്തതോ കെട്ടിച്ചമച്ചതോ അല്ല. ആ കേസിന്റെ തുടക്കംമുതൽ അഭിനയിക്കുന്നവർ കോൺഗ്രസ്സുകാർ തന്നെയാണ്. അതിൽ ഉപ്പുതിന്നവരുണ്ടെങ്കിൽ വെള്ളം കുടിക്കട്ടെ എന്ന നിലപാട് ഞങ്ങൾ സ്വീകരിച്ചുവെന്ന് മാത്രമേയുള്ളൂ. അന്നും ഇന്നും അതുതന്നെയാണ് ഞങ്ങളുടെ നിലപാട്. ഉപ്പ് തീറ്റിക്കാൻ വേണ്ടി ഞങ്ങൾ പുറപ്പെടുന്നില്ല എന്നാണ് അർത്ഥം. ഉപ്പ് തിന്നിട്ടുണ്ടെങ്കിൽ വെള്ളം കുടിക്കും. അതാണ് ഞങ്ങളുടെ നിലപാട്. വ്യവസ്ഥാപിതമായ രീതിയിൽ നിയമപരമായി അന്വേഷണം നടക്കട്ടെ, അതിൽ കുറ്റം തെളിഞ്ഞാൽ ശിക്ഷിക്കപ്പെടട്ടെ, ഈ നിലപാട് മാത്രമേ ഞങ്ങൾ എടുത്തിട്ടുള്ളൂ. സോളാർ തട്ടിപ്പ് പരാതികൾ ഉയർന്നുവന്ന ഘട്ടത്തിലും അതിൽ അന്നത്തെ ഭരണ നേതൃത്വത്തിന്റെയും അന്നത്തെ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുമടക്കമുള്ളവരുടെയും പേരുകൾ ഉയർന്നപ്പോഴും ഇപ്പോൾ സി.ബി.ഐ. അന്വേഷണ റിപ്പോർട്ടിന്റെ പേരിൽ പ്രതിപക്ഷം

അവകാശവാദങ്ങൾ ഉന്നയിക്കുമ്പോഴും ഞങ്ങൾ നേരത്തെ എടുത്ത നിലപാടിൽ മാറ്റമേയില്ല, അതിൽതന്നെയാണ് ഞങ്ങൾ നിൽക്കുന്നത്. അന്നത്തെ മുഖ്യമന്ത്രിക്കെതിരെ അതിശക്തമായി രംഗത്തെത്തുകയും പത്തനംതിട്ട കോടതിയിൽ രഹസ്യമൊഴി കൊടുക്കുകയും ചെയ്ത വ്യവസായിയായ മല്ലേലിൽ ശ്രീധരൻ നായർ കോൺഗ്രസ്സുകാരനും മുൻ കെ.പി.സി.സി. അംഗവുമായിരുന്നു. അദ്ദേഹത്തിന്റെ മൊഴിയിലാണ് അന്നത്തെ മുഖ്യമന്ത്രിക്കെതിരെ ശക്തമായ ആക്ഷേപമുണ്ടായത്. അദ്ദേഹം ഞങ്ങളെ സഹായിക്കാൻവേണ്ടി പറഞ്ഞതൊന്നുമല്ല, അദ്ദേഹത്തിന്റെ വേദന പറഞ്ഞതാണ്. 'മുഖ്യമന്ത്രിയുടെ മുറിയിൽ വച്ച് അന്നത്തെ മുഖ്യമന്ത്രി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് താൻ പണം കൈമാറ്റം ചെയ്തത്' എന്നതായിരുന്നു അദ്ദേഹത്തിന്റെ മൊഴി. ഇതിൽ എവിടെയാണ് പിന്നീട് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാരിന് പങ്ക്? അന്നത്തെ മുഖ്യമന്ത്രിയെ വ്യക്തിപരമായി ലക്ഷ്യംവച്ച് ഏറ്റവുമധികം ആക്ഷേപം അക്കാലത്ത് ഉന്നയിച്ചതും മാധ്യമങ്ങൾക്ക് മുന്നിൽ നിരന്തരം പ്രസ്താവന നടത്തിയതും അന്നത്തെ ഭരണമുന്നണിയുടെ ചീഫ് വിപ്പ് പദവി ഒരു ഘട്ടത്തിൽ വഹിച്ച വ്യക്തിയായിരുന്നില്ലേ? അത് നിങ്ങൾക്കെല്ലാവർക്കും

ഓർമ്മയുള്ള കാര്യമാണല്ലോ. മുഖ്യമന്ത്രിയുടെ സെക്രട്ടേറിയറ്റിലെ ഓഫീസ് മുറിയിൽ.., നേരത്തെ പ്രമോയാവതാരകൻ തന്നെ അത് പറഞ്ഞുവെന്നാണ് എനിക്ക് തോന്നുന്നത്, അന്നത്തെ മുഖ്യമന്ത്രിയെയും പരാതിക്കാരിയെയും അരുതാത്ത രീതിയിൽ താൻ കണ്ടുവെന്ന് ഇദ്ദേഹം പറഞ്ഞതിന്റെ ദൃശ്യങ്ങൾ ഇപ്പോഴും പൊതുജനങ്ങൾക്ക് മുന്നിൽ ലഭ്യമാണ്. അതിൽ ഞങ്ങൾക്ക് എവിടെയാണ് പങ്ക്? ഞങ്ങൾ എന്തെങ്കിലും ദുർബോധനം നടത്തിയിട്ടാണോ? മുൻ കെ.പി.സി.സി. അധ്യക്ഷനും നിലവിലെ ലോക്സഭാംഗവുമായ ഒരു ബഹുമാന്യനായ വ്യക്തി പറഞ്ഞത്, 'പാതിരാത്രിയിൽ വിവാദ നായികയെ കോൺഗ്രസ് മന്ത്രിമാരും നേതാക്കളും വിളിച്ചത് കോൺഗ്രസ്സിന്റെ ഭരണഘടന പഠിപ്പിക്കാനല്ലല്ലോ' എന്നാണ്. ഞങ്ങൾ ആരുടെയും വാക്ക് കേട്ടിട്ട് പറഞ്ഞതല്ല. ഞങ്ങൾക്ക് അതിലൊരു പങ്കുമില്ല. നിങ്ങൾ ഇപ്പോൾ പൊതുമണ്ഡലത്തിലെ വേട്ടയാടലിനെക്കുറിച്ച് നല്ല രീതിയിൽ വാചാലരാകുന്നുണ്ടല്ലോ. രാഷ്ട്രീയ ലക്ഷ്യം വച്ചുള്ള വേട്ടയാടലുകളെക്കുറിച്ച് ഒരു സംവാദം നടത്തുന്നത് സ്വാഗതാർഹമായ കാര്യമാണ്. സോളാർ കേസിൽ വേട്ടയാടലുകൾ ആര് തുടങ്ങി; ആര് തുടർന്നു? ഇതൊക്കെ മേൽപ്പറഞ്ഞ ചില വസ്തുതകളുടെ അടിസ്ഥാനത്തിൽ

പകൽപോലെ വ്യക്തമാകുന്നതാണ്. ജനങ്ങളോട് ഉത്തരവാദിത്തമുള്ള ജനപ്രതിനിധികൾ എന്ന നിലയിലും പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികൾ എന്ന നിലയിലും പ്രതിഷേധം ഉയർത്താൻ ഞങ്ങൾ തയ്യാറാകും എന്നത് സ്വാഭാവികമാണ്. അതൊരിക്കലും വ്യക്തികളെ വേട്ടയാടാൻ വേണ്ടിയുള്ളതായിരുന്നില്ല. ഞങ്ങൾ നടത്തിയ സമരത്തിന്റെ ഭാഗമായി അനിഷ്ട സംഭവങ്ങൾ നടന്നിട്ടുണ്ടെങ്കിൽ അതിനെ അപലപിക്കാനും ഞങ്ങൾ മടി കാണിച്ചിട്ടില്ല. അതൊക്കെ ഞങ്ങളുടെ പരസ്യമായി അറിയാവുന്ന ചിത്രമാണ്. കേരള രാഷ്ട്രീയത്തിൽ വേട്ടയാടലുകളുടെ ഒരു ചരിത്രം കൂടിയുണ്ട്. അത് പറഞ്ഞാൽ പ്രമേയാവതാരകന്റെ പാർട്ടിക്ക് അത്ര സുഖകരമായിരിക്കുമോയെന്ന് സംശയമുണ്ട്. 1957-59 കാലഘട്ടത്തിൽ ആദ്യ നിയമസഭയിൽ പ്രതിപക്ഷ നേതാവായും പിന്നീട് 1960-64-ൽ നിലവിൽവന്ന കോൺഗ്രസ് നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ആഭ്യന്തര വകുപ്പുമന്ത്രിയുമായിരുന്ന പി. ടി. ചാക്കോ എന്ന മനുഷ്യന്റെ പേര് നിങ്ങൾ മറക്കാനിടയില്ല. ഒരു സംഭവത്തിന്റെ പേരിൽ അദ്ദേഹത്തെ അന്നത്തെ കോൺഗ്രസ്സ് ഗ്രൂപ്പുകൾ ഏത് രീതിയിലാണ് വിമർശിച്ചിരുന്നത്. ഇത് വേട്ടയാടലാണോ അല്ലയോ എന്ന് ഞാൻ പറയേണ്ട കാര്യമില്ല. ചരിത്രം

നോക്കിയാൽ അന്നേ തുടങ്ങി എന്നാണ് അർത്ഥം. കാര്യങ്ങൾ അവിടെ നിന്നില്ല. കെ. കരുണാകരൻ 1994-ൽ മുഖ്യമന്ത്രി പദം രാജിവയ്ക്കുന്നതിന് മുൻപായി തിരുവനന്തപുരത്ത് ഒരു പൊതുയോഗത്തിൽ പ്രസംഗിച്ച വാക്കുകൾ ഞാൻ ഉദ്ധരിക്കുന്നില്ല. തന്നെ പിന്നിൽനിന്നും കുത്തിയ സ്വന്തം പാർട്ടിയിലെ ചില നേതാക്കന്മാരെപ്പറ്റിയും താൻ വിധേയനായ വേട്ടയാടലുകളെപ്പറ്റിയും പറഞ്ഞത് ഈ ഘട്ടത്തിൽ സ്മരിക്കേണ്ടതാണ്. 1991-96 കാലഘട്ടത്തിൽ ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന പി. വി. നരസിംഹറാവു നടപ്പാക്കിയ നവലിബറൽ സാമ്പത്തിക പരിഷ്കരണങ്ങളെയും അന്നത്തെ അഴിമതികളെയും രാജ്യത്തെ ഇടതുപക്ഷം അതിശക്തമായി എതിർത്തിരുന്നു. പക്ഷെ അദ്ദേഹം മരിച്ചപ്പോൾ താൻ അദ്ധ്യക്ഷനായ പാർട്ടിയുടെ ഓഫീസിന്റെ കവാടങ്ങൾ അദ്ദേഹത്തിന്റെ മൃതശരീരം വഹിച്ചുകൊണ്ടുള്ള വാഹനത്തിന് അകത്തേയ്ക്കുള്ള പ്രവേശനം നിഷേധിച്ചുകൊണ്ട് അടഞ്ഞുകിടക്കുകയുണ്ടായി എന്നായിരുന്നു വാർത്തകൾ. ഇത് പകയാണോ, വേട്ടയാടലാണോ? ദേശീയ പ്രസ്ഥാനത്തിലും സ്വാതന്ത്ര്യാനന്തര ഇന്ത്യയിലും തൊഴിലാളികളുടെയും കർഷകരുടെയും പാവപ്പെട്ട മനുഷ്യരുടെയും പ്രശ്നങ്ങളുയർത്തി സമരം ചെയ്തിട്ടുള്ള പ്രമുഖ

ദേശീയ നേതാവായ എ. കെ. ഗോപാലൻ 1977-ലെ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ശയ്യാവലംബനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുമ്പോൾ, അന്നത്തെ ഒരു മുദ്രാവാക്യം എന്തെന്നാൽ, മുദ്രാവാക്യം അങ്ങനെ എന്തൊക്കെയോ ഉണ്ടാകുമെന്ന് നേരത്തെ ആരോ പറയുന്നത് കേട്ടു, പക്ഷെ ആ മുദ്രാവാക്യം മനസ്സിൽനിന്നും അങ്ങനെ പോകില്ല. നിങ്ങളിൽ ചിലർ ഓർക്കുന്നുണ്ടാകും, 'കാലൻ വന്നുവിളിച്ചിട്ടും പോകാത്തതെന്തേ ഗോപാലാ' എന്നായിരുന്നു പ്രമേയാവതാരകന്റെ മുൻ തലമുറക്കാർ വിളിച്ചത്. ഇതൊക്കെ നമ്മുടെ മനസ്സിൽ എപ്പോഴും മായാത്ത പാടായി കിടക്കുന്ന കാര്യങ്ങളാണ്. രാഷ്ട്രീയ അഭിപ്രായവ്യത്യാസം പകപോക്കാനും വേട്ടയാടാനുമുള്ള അടിസ്ഥാനമാണെന്ന് നിരന്തരം നിങ്ങൾ തെളിയിക്കുകയാണ്. അത് തെറ്റായ കീഴ്വഴക്കമാണെന്ന് ഇപ്പോഴെങ്കിലും അംഗീകരിക്കുന്നുണ്ടെങ്കിൽ അത്രയും നല്ലതാണ്. നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിൽ യാതൊരു പക്ഷഭേദവും കാണിക്കാതെ മുന്നോട്ടുപോകാൻ മടിയില്ലാത്ത സർക്കാരാണ് ഇപ്പോൾ അധികാരത്തിലുള്ളത്. ലഭ്യമല്ലാത്ത റിപ്പോർട്ടിൽ ഉണ്ടെന്ന് പറയുന്ന പരാമർശങ്ങളുടെ പേരിൽ അന്വേഷണം പ്രഖ്യാപിക്കണമെന്ന

ആവശ്യത്തിനോട് എങ്ങനെ പ്രതികരിക്കണമെന്നത് ഒരു പ്രശ്നമാണെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. ഞങ്ങൾ ആരും ആരെയും വേട്ടയാടിയിട്ടില്ല. ആരാണ് വേട്ടയാടിയതെന്ന് നിങ്ങൾത്തന്നെ ആലോചിച്ചാൽ മതി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകാത്ത ഒരു കാര്യമാണ് ഞാൻ പറയുന്നത്. നേരത്തെ സംസ്ഥാനം മുഴുവൻ കത്തി നിന്നിരുന്ന ഒരു വിഷയമാണിത്. അതൊരുതരത്തിൽ നല്ല രീതിയിൽ ശമിച്ച് നിൽക്കുന്ന ഘട്ടത്തിൽ വീണ്ടും സമൂഹത്തിൽ അതിനെ വളരെ നല്ലരീതിയിൽ ചർച്ചാ വിഷയമാക്കിയതും ഉയർത്തിക്കൊണ്ടുവന്നതും നിങ്ങൾതന്നെയാണ്. അതൊരുതരം വേട്ടയാടൽ അല്ലേ? എന്തിനാണ് അത്തരമൊരു കാര്യത്തിന് നിങ്ങൾ പുറപ്പെട്ടതെന്ന് ഒരു തരത്തിലും മനസ്സിലാക്കാൻ സാധിക്കുന്നില്ല. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ യു.ഡി.എഫ്.-ഉം ഒരു വിഭാഗം മാധ്യമങ്ങളും ചേർന്ന് നടത്തുന്ന ഗൂഢനീക്കങ്ങൾ ജനങ്ങൾ തിരിച്ചറിയുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. ഒരു കാര്യമേ ഞാൻ പറയുന്നുള്ളൂ, ഇവിടെ ഗൂഢാലോചന നടന്നുവെന്നും അതുസംബന്ധിച്ച് അന്വേഷണം വേണമെന്നും നിങ്ങൾ പറഞ്ഞു. സി.ബി.ഐ. റിപ്പോർട്ടിന്റെ ഭാഗമായി നിങ്ങൾക്ക് ഉന്നയിക്കാനുള്ള

കാര്യങ്ങൾ അതിന്റെ ഭാഗമായി ഉന്നയിക്കാം. അതിൽ നിയമപരമായ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഒരിക്കൽക്കൂടി വ്യക്തമാക്കുന്നു. വസ്തുതകളുടെയോ ന്യായത്തിന്റെയോ പിൻബലം ഇല്ലാതെയാണ് ഈ ചർച്ച ഇവിടെ നടത്താൻ നിങ്ങൾ തയ്യാറായത്. അതുകൊണ്ടുതന്നെ ഈ പ്രമേയം ചർച്ചയുടെ വെളിച്ചത്തിൽ തള്ളിക്കളയണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രമേയം സഭ തള്ളിയിരിക്കുന്നു.